# കരയോഗ സൗഹൃദം

സത്യം പരം ധീമഹീ

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages - 52

വാല്യം - 17 ലക്കം - 02 മകരം - 1200 ഫെബ്രുവരി - 2025




## ഹർ ഹർ മഹാദേവ്

# എറണാകുളം കരയോഗം കഥകളി ക്ലബ്ബ്

## 67-ാമത് വാർഷികാഘോഷവും 30-ാമത് കഥകളി പുരസ്കാരവും

**2025 ഫെബ്രുവരി 28 വെള്ളിയാഴ്ച വൈകുന്നേരം 5.00 മണിക്ക് ടി. ഡി. എം. ഹാളിൽ**

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ 67-ാം വാർഷികാഘോഷവും 30-ാമത് കഥകളി പുരസ്കാരവും 2025 ഫെബ്രുവരി 28 വെള്ളിയാഴ്ച വൈകുന്നേരം 5.00 മണിക്ക് ടി. ഡി. എം ഹാളിൽ വെച്ച് നടത്തപ്പെടുകയാണ്. ഈ പൊതുചടങ്ങിൽ വെച്ച് ബഹു. ഡോ. പി. രാജേഷ്കുമാർ, (രജിസ്ട്രാർ, കേരള കലാമണ്ഡലം, ഡീംഡ് യൂണിവേഴ്സിറ്റി) പുരസ്കാരവിതരണം നിർവ്വഹിക്കുന്നതായിരിക്കും.

ഈ വർഷത്തെ കളഹംസം (വേഷം) അവാർഡിന് അർഹനായിട്ടുള്ളത് ശ്രീ. സദനം എം. എൻ. ഹരികുമാർ അവർകളാണ്, തൗരത്രികം അവാർഡുകൾ ശ്രീ. കലാമണ്ഡലം കൊളത്താപ്പള്ളി നാരായണൻ നമ്പൂതിരി (കഥകളി സംഗീതം), ശ്രീ. കലാമണ്ഡലം എ. രാജൻ (ചെണ്ട), ശ്രീ. സദനം ദേവദാസൻ (മദ്ദളം), ശ്രീ. കോട്ടക്കൽ എസ്. വി. സതീശ് (ചുട്ടി), ശ്രീ. കോട്ടക്കൽ സി. പി. കുഞ്ഞിരാമൻ (അണിയറ) എന്നിവർക്കാണ്. കൂടാതെ കഥകളിയിലെ സ്ത്രീ സാന്നിദ്ധ്യങ്ങൾക്കായുള്ള പ്രത്യേക പുരസ്കാരം ശ്രീമതി. രാധിക വർമ്മയ്ക്കും നൽകുന്നു. തുടർന്ന് ബാലി വിജയം കഥകളിയും ഉണ്ടായിരിക്കും

ഏവരുടെയും മഹനീയ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു


സദനം എം. എൻ. ഹരികുമാർ
കളഹംസം (വേഷം)


കലാമണ്ഡലം കൊളത്താപ്പള്ളി
നാരായണൻ നമ്പൂതിരി, സംഗീതം


കലാമണ്ഡലം എ. രാജൻ
ചെണ്ട


സദനം ദേവദാസൻ
മദ്ദളം


കോട്ടക്കൽ എസ്. വി. സതീശ്
ചുട്ടി


കോട്ടക്കൽ സി.പി. കുഞ്ഞിരാമൻ
അണിയറ


രാധിക വർമ്മ
സ്ത്രീ സാന്നിദ്ധ്യം

## കാര്യപരിപാടി

| | |
|---|---|
| ഈശ്വര പ്രാർഥന: | |
| അദ്ധ്യക്ഷപ്രസംഗം | : ശ്രീ. ആലപ്പാട്ട് മുരളീധരൻ<br>പ്രസിഡന്റ് എറണാകുളം കരയോഗം |
| ഉത്ഘാടനം<br>പുരസ്കാരസമർപ്പണം | : ഡോ. പി. രാജേഷ്കുമാർ<br>രജിസ്ട്രാർ, കേരള കലാമണ്ഡലം |
| സ്വാഗതം | : ശ്രീ. എസ്. ശരത് കുമാർ<br>കൺവീനർ കഥകളി ക്ലബ്ബ് |
| ആമുഖ പ്രഭാഷണം | : പി. രാമചന്ദ്രൻ (വേണു)<br>ജനറൽ സെക്രട്ടറി എറണാകുളം കരയോഗം |
| അവാർഡ് ജേതാക്കളെ പരിചയപ്പെടുത്തൽ | : കെ. രാധാകൃഷ്ണൻ<br>എറണാകുളം കരയോഗം കഥകളി ക്ലബ് അംഗം |
| മറുമൊഴി | : അവാർഡ് ജേതാക്കൾ |
| നന്ദി | : രജനികാന്തൻ |

### തുടർന്ന് കഥകളി ബാലിവധം



**കഥാസാരം:** രാവണനെ പ്രകീർത്തിച്ചുകൊണ്ട് ലങ്കയിലെത്തുന്ന നാരദൻ ഈ ലോകത്തിൽ ബാലിമാത്രമാണ് രാവണനോട് മത്സരിക്കുവാനുള്ളതെന്ന് പറഞ്ഞ് പ്രലോഭിപ്പിക്കുന്നു. അതേ സമയം നാരദൻ പറഞ്ഞതനുസ്സരിച്ച് സമുദ്രതീരത്ത് രാവണാഗമനം കാത്ത് ഉദകതർപ്പണം ചെയ്തിരിക്കുന്ന ബാലിയെ കണ്ടമാത്രയിൽ തന്നെ രാവണന് ഉള്ളിൽ ഭയമുണ്ടായെങ്കിലും അത് പുറത്ത് കാണിക്കാതെ ബാലിയെ ബന്ധിക്കാൻ ശ്രമിക്കുന്നതിനിടയിൽ ബാലിയുടെ വാലിനാൽ ബന്ധിതനാകുന്നു. രാവണ വിലാപം കേട്ട് ബാലി രാവണനെ ബന്ധവിമുക്തനാക്കുന്നു. രാവണൻ ക്ഷമചോദിക്കുന്നു. പരസ്പരം സഖ്യം ചെയ്യുന്നു.

### അരങ്ങത്ത്

| | |
|---|---|
| നാരദൻ | : ശ്രീ. RLV ഗോപി |
| രാവണൻ | : ശ്രീ. കലാനിലയം രാജശേഖരപ്പണിക്കർ |
| ബാലി | : സദനം എം. എൻ. ഹരികുമാർ |
| പാട്ട് | : കൊളത്താപ്പള്ളി നാരായണൻ നമ്പൂതിരി, കലാമണ്ഡലം രാജേഷ് ബാബു |
| ചെണ്ട | : കലാമണ്ഡലം എ. രാജൻ, സദനം രജീഷ് |
| മദ്ദളം | : സദനം ദേവദാസൻ |
| ചുട്ടി | : കോട്ടക്കൽ എസ്. വി. സതീശ് |
| അണിയറ | : ചേർത്തല രാമചന്ദ്രൻ |



എഡിറ്റോറിയൽ...

# മഹാ കുംഭമേള

ലോകം മുഴുവനും അത്ഭുതത്തോടുകൂടി വീക്ഷിച്ചുകൊണ്ടിരിക്കുകയാണ് ഭാരതത്തെ- ഭാരതത്തിൽ നടക്കുന്ന മഹാകുംഭമേളയെ. 144 വർഷഇടവേളകളിലാണ് ഓരോ മഹാകുംഭമേളയും നടക്കുന്നത്. 12 വർഷം കൂടുമ്പോൾ കുംഭമേളയും, 6 വർഷം കൂടുമ്പോൾ അർദ്ധ കുംഭമേളയും ആഘോഷിക്കപ്പെടുന്നു.

നമ്മുടെ സംസ്കാരത്തിന്റെ, വിശ്വാസത്തിന്റെ, ആത്മീയ ചൈതന്യത്തിന്റെ പാവനമായ സമ്മോഹനസമ്മേളനമാണ് മഹാകുംഭമേള. ഇതിനെ മനുഷ്യരാശിയുടെ അദ്വിതിയ സാംസ്കാരിക പൈതൃകപട്ടികയിലാണ് യുനെസ്കോ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് ലോകത്തു നടക്കുന്ന മതാധിഷ്ഠിത ചടങ്ങുകളിൽ ഏറ്റവും വലുതും ലോകത്തെ മുഴുവനും ഒന്നായി കാണുന്ന വസുധൈവകുടുംബകം എന്ന മഹത് സന്ദേശത്തിന്റെ ഈടുവെപ്പുമാണ്. എഴുതപ്പെട്ട ചരിത്രത്തിലല്ല വിശ്വാസാചാരങ്ങൾ അധിഷ്ഠിതമായിരിക്കുന്നത്. അവ പൂർവ്വികർ കാലാകാലങ്ങളായി തലമുറകളിൽ നിന്നും തലമുറകളിലേക്ക് പകർന്നു തന്നിട്ടുള്ള പുരാണേതിഹാസങ്ങളിലൂടെ ജീവസ്സുറ്റതായി നിലനിൽക്കുന്നതും ആചരിച്ചുപോരുന്നതുമാണ്. കുംഭമേളയും ഇതുപോലെ തന്നെയുള്ള ഒരു വിശ്വാസാചരണത്തിന്റെ ഭാഗമാണ്.

കുംഭം എന്ന വാക്കിന്റെ അർത്ഥം കുടം, കലശം എന്നൊക്കെയാണല്ലോ? അതെ അർത്ഥത്തിൽ തന്നെയാണ് ഈ കുംഭോത്സവം അല്ലങ്കിൽ കുംഭമേളയും നടത്തപ്പെടുന്നത്. ദേവാസുര യുദ്ധത്തിനൊടുവിൽ പാലാഴി മഥനം നടത്തുന്നതിനു മന്ദരാചലപർവ്വതം കടകോലായും വാസുകി കയറായും രൂപ

വാല്യം 17 ✣ ലക്കം – 2 ✣ ഫെബ്രുവരി – 2025

## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 8 |
| വാസ്തു ശാസ്ത്രം | 9 |
| ക്ഷേത്രങ്ങളിലൂടെ | 11 |
| സുഭാഷിതം | 14 |
| നിശീഥിനിയിലെ മിന്നാമിനുങ്ങ് | 15 |
| കേരളത്തിന്റെ ശാക്തേയ പാരമ്പര്യം-10 | 19 |
| കാഴ്ചപാടുകൾ മാറ്റണമോ? | 25 |
| ബുദ്ധിയിൽ നിന്നും നിർമ്മിത ബുദ്ധിയിലേയ്ക്ക്.... | 27 |
| ഓം ശാന്തി | 29 |
| ഓർമ്മക്കുറിപ്പ് | 32 |
| ജീവിതം സാക്ഷി | 34 |
| ചതുരംഗ വീഥി | 37 |
| പശ്ചിമഘട്ട മലനിരകളും വയനാട് ദുരന്തവും | 40 |
| ദൃക്ക് ദൃശ്യ വിവേകം | 43 |
| മാസഫലം | 48 |
| മാട്രിമോണിയൽ. | 49 |



## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

പ്പെട്ടിരുന്നല്ലോ.? മഥനത്തിനൊടുവിൽ ലഭിച്ച അമൃതകലശം ധന്വന്തരിമൂർത്തി ദേവന്മാർക്ക് മാത്രമായി നൽകിയതിനെതുടർന്ന് യുദ്ധസമാനമായ അന്തരീക്ഷം ഉടലെടുക്കുന്നു. ഉടനെ തന്നെ മഹാവിഷ്ണു മോഹിനീരൂപം സ്വീകരിച്ച് എല്ലാവർക്കും അമൃത് നൽകാമെന്ന് പറഞ്ഞ് അമൃത കുംഭം കൈക്കലാക്കി, അത് സൂക്ഷിക്കാനായി ഇന്ദ്രന്റെ മകൻ ജയന്തനെ ഏല്പിച്ചു. കുംഭവുമായി ജയന്തൻ പോകും വഴി നാലിടത്ത് അമൃത തുള്ളികൾ വീണു. ആ തുള്ളികൾ വീണത് ഹരിദ്വാർ, പ്രയാഗ്‌രാജ്, ഉജ്ജയിൻ, നാസിക് എന്നിവിടങ്ങളിലായിരുന്നു. അപ്പോൾ തന്നെ അമൃതകലശത്തെ രക്ഷിക്കുവാൻ മഹാവിഷ്ണു, സൂര്യൻ, ചന്ദ്രൻ ശനി, വ്യാഴം എന്നിവരെയും ചുമതലപ്പെടുത്തി. ചിങ്ങം, കുംഭം, മേടം തുടങ്ങിയ രാശികളിൽ സഞ്ചരിച്ചുകൊണ്ട് അമൃതകുംഭത്തെ സംരക്ഷിച്ചതിനാൽ ഇവരെല്ലാം കുംഭോത്സവത്തിന്റെ ഭാഗമായി തീർന്നു. ഇങ്ങനെയാണ് ഗ്രഹങ്ങൾക്കും രാശികൾക്കും കുംഭോത്സവത്തിൽ സ്ഥാനം ലഭിച്ചത്. അമൃതകുംഭം 12 ദിവസം കൊണ്ടാണ് ജയന്തൻ സ്വർഗ്ഗത്തിലെത്തിച്ചത്. ദേവന്മാരുടെ ഒരു ദിവസം നമ്മുടെ ഒരു വർഷമാണല്ലോ? അതുകൊണ്ടാണ് ഓരോ പന്ത്രണ്ട് വർഷങ്ങൾ കൂടുമ്പോൾ കുംഭമേളകൾ നടത്തി വരുന്നത്. ഇത് എത്രയോ യുഗങ്ങളായി തുടർന്ന് വരുന്ന സാംസ്കാരിക ഐക്യത്തിന്റെ മഹോത്സവമാണ്. സനാതന ധർമ്മത്തിന്റെ ശംഖൊലി മുഴക്കുന്ന സന്യാസിമാരുടെയും, വിശ്വാസികളുടെയും അപൂർവ്വ സംഗമം. പുണ്യനദികളായ ഗംഗ, യമുന, സരസ്വതിമാരുടെ സംഗമ സ്ഥലത്ത് കാലസംഗമവും രാശിസംഗമവും ഒത്തു ചേരുന്ന ആ അപൂർവ്വാവസരങ്ങളിൽ മുങ്ങിക്കുളിച്ച് സർവ്വപാപങ്ങളെയും കഴുകി കളഞ്ഞ് ആത്മശുദ്ധി വരുത്തുന്നു.

കുംഭമേളയിലെ പ്രധാന സംഘാടകർ ഭാരതത്തിലെ 13 അഘാഡകൾ ആണ്. ധർമ്മ സംരക്ഷണത്തിനുവേണ്ടി ആയുധം എടുക്കുകയും അതിനുവേണ്ടി ആയോധന പരിശീലനം നൽകുകയും ചെയ്യുന്ന സന്യാസി സമൂഹമാണ് അഘാഡകൾ. (അഘാഡകൾ എന്നും അഘാരകൾ എന്നും ഉച്ചരിക്കാറുണ്ട്.)

ഭാരതീയ സംസ്കാരത്തെ മുറുകെ പിടിക്കുന്ന ഇവർ നമ്മുടെ സംസ്കാരത്തിനെതിരെയോ, മഠങ്ങൾക്കെതിരെയോ, ആശ്രമങ്ങൾക്കെതിരെയോ, ആരാധന കേന്ദ്രങ്ങൾക്കെതിരെയോ ഏതെങ്കിലും തരത്തിലുള്ള കടന്നു കയറ്റം ഉണ്ടായാൽ അതിനെ നേരിടാൻ വേണ്ടി പഴയകാലത്ത് രൂപീകരിച്ചതാണ് ഇങ്ങനെ ഒരു സന്യാസി സമൂഹത്തെ.

ഭാരതത്തിലെ സന്യാസിവിഭാഗങ്ങൾ രണ്ട് തരത്തിലുള്ളവരാണ്. ഒന്ന് മഠങ്ങളിലെ സന്യാസിമാർ വേദശാസ്ത്രങ്ങളിൽ അഗാധ പാണ്ഡിത്യമുള്ളവരും പാരമ്പര്യവിധി പ്രകാരം ശിഷ്യർക്ക് ശാസ്ത്രാദികൾ പകർന്ന് നല്കുന്നവരുമാണ് അവർ.

എന്നാൽ അഘാഡകൾ അങ്ങനെയല്ല. ധർമ്മ സംരക്ഷണത്തിനുവേണ്ടി ആവശ്യമുണ്ടാകുന്ന അവസരങ്ങളിൽ ആയുധമെടുക്കാൻ തയ്യാറായവരാണ്. സാധാരണ അവസരങ്ങളിൽ ഇവർ ഉപാസനയിൽ മുഴുകിക്കഴിയുന്നു.

ഇതിൽനിന്നെല്ലാം വ്യത്യസ്ഥരായ വേറൊരു വിഭാഗമുണ്ട് അഘോരികൾ. അഘോരികളും അഘാഡകളും തമ്മിൽ യാതൊരു ബന്ധവുമില്ല. അഘോരികൾ ശ്മശാന സാധന നടത്തുന്നവരാണ്.

ഇങ്ങനെ വിവിധ സമ്പ്രദായങ്ങളിൽപെട്ട ആരാധന സമ്പ്രദായങ്ങൾ പിന്തുടരുന്നവരെല്ലാം ഒന്നിച്ച് സമ്മേളിക്കുന്ന മഹത്സംരംഭമാണ് കുംഭമേളകൾ. ഈ പുണ്യദിവസങ്ങളിൽ ത്രിവേണിയിലും പരിസരങ്ങളിലുമുള്ള സ്നാനവും അത്യന്തം മോക്ഷദായകമെന്നാണ് വിശ്വാസം. അതിനായി ഈ മഹാകുംഭമേളയിൽ ത്രിവേണി സംഗമസ്ഥാനമുൾപ്പടെ 12 കിലോമീറ്റർ ചുറ്റളവിൽ ആണ് സ്നാന സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നത് ഭക്തർക്ക് എല്ലാവിധ സൗകര്യങ്ങളും ഉത്തർപ്രദേശ് സർക്കാരും കേന്ദ്രസർക്കാരും ചേർന്ന് ഒരുക്കിക്കിയിട്ടുണ്ട്. ഇങ്ങനെയുള്ള ധാർമ്മികാചാരൈക്യമഹോത്സവങ്ങളാണ് ചിരന്തനമായ ഈ ധർമ്മത്തിന് ഊടും പാവും നൽകി അതിനെ സനാതനമാക്കി നിലനിർത്തുന്നത്.

വന്ദേ മാതരം



# ജനറൽ സെക്രട്ടറിയുടെ പംക്തി

**പി. രാമചന്ദ്രൻ (വേണു)**

**പ്രിയ കരയോഗാംഗങ്ങളെ,**

എറണാകുളം കരയോഗത്തിന്റെ ദൈനം ദിന പ്രവർത്തനങ്ങൾ എല്ലാം ഈശ്വരാധീനത്താൽ ഭംഗിയായി മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയുന്നു എന്ന് പറയുന്നതിൽ അതിയായ സന്തോഷമുണ്ട്. മുൻ ലക്കങ്ങളിൽ പലപ്പോഴായി സൂചിപ്പിച്ചിട്ടുള്ള വിഷയങ്ങൾ തന്നെയാണ് നമ്മുടെ ശ്രദ്ധയിൽ എപ്പോഴും ഉണ്ടാവേണ്ടത്. കരയോഗത്തിന്റെ ഭരണസമിതി മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങളിലും പദ്ധതികൾക്കുള്ള ആസൂത്രണ ചർച്ചകളിലും അവ നടപ്പിലാക്കാനുള്ള പ്രയത്നത്തിലുമാണ്.

ചെറായി തൃക്കടാക്കാപ്പിള്ളിയിലെ പെൺകുട്ടികൾക്കായുള്ള ആശ്രിതഭവനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഗ്രൗണ്ട് ഫ്ളോറിന്റെ റൂഫ്സ്ലാബ് വാർക്കുവാൻ കഴിഞ്ഞിട്ടുണ്ട്. തുടർനിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ മുന്നോട്ടു പോകുകയാണ്.

എറണാകുളം കരയോഗത്തിന്റെ സേവനപ്രവർത്തനത്തിന്റെ ഭാഗമായുള്ള വിവിധ ഹാളുകൾ, പാലാരിവട്ടം പ്രശാന്തി ഓൾഡ് ഏജ് ഹോം ആന്റ് ലേഡീസ് ഹോസ്റ്റൽ, ആയുഷ്യം മെഡിക്കൽസ്, ആയുഷ്യം ഹോമിയോ, അലോപ്പതി മെഡിക്കൽ സെന്ററുകൾ, കൂട്ടാൻകട, ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസ് തുടങ്ങിയ സേവന മേഖലകളിൽ അംഗങ്ങളുടെ ശ്രദ്ധ ഉണ്ടാവണമെന്നും മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ എല്ലാ സേവനങ്ങളും ഉപയോഗപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുന്നു. അതുവഴി എറണാകുളം കരയോഗത്തിന്റെ ജീവകാരുണ്യപ്രവർത്തനങ്ങൾ നിർവിഘ്നം മുമ്പോട്ട് കൊണ്ടുപോകുവാൻ കഴിയുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. കരയോഗം അംഗങ്ങൾ മേൽ കാണിച്ചിട്ടുള്ള എല്ലാ സേവനമേഖലകളുടെയും പ്രയോജനം പൂർണ്ണമായും ഉപയോഗപ്പെടുത്തുകയും പൂർണ്ണസഹകരണം നല്കുകയും ചെയ്ത് ഈ പ്രസ്ഥാനങ്ങളുടെ നിലനില്പിനും വളർച്ചയ്ക്കും കൈത്താങ്ങേകേണ്ട അവസരമാണിത്. അതുകൊണ്ട് നിങ്ങളുടെ എല്ലാവരുടേയും സഹകരണം ഉണ്ടാകണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു.

എറണാകുളം കരയോഗം 38-ാമത് ശ്രീമദ് ഭാഗവത സപ്താഹയജ്ഞം ബ്രഹ്മശ്രീ ബോംബെ നാരായൺജി, ആചാര്യനായി 2025 ഫെബ്രുവരി 15 മുതൽ 22 വരെ ടി.ഡി.എം ഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ പ്രതിമാസ പരിപാടി, **'കൊച്ചി പൈതൃകത്തിന് ക്രിസ്ത്യൻ സംഭാവന'** ആലുവ യു. സി. കോളേജ് ചരിത്ര വിഭാഗം മേധാവി **ഡോ. ജെനി പീറ്ററിന്റെ പ്രഭാഷണം** 2025 ഫെബ്രുവരി 15 ശനിയാഴ്ച വൈകുന്നേരം 5.00 മുതൽ 6.00 വരെ ടി. ഡി. എം. ഹാളിൽ ഉണ്ടായിരിക്കും. ഏവരേയും സ്വാഗതം ചെയ്യുന്നു.

എറണാകുളം കരയോഗം സാഹിതീയോഗം പരിപാടി, **എം. ടി. യും ജയചന്ദ്രനും ചർച്ച** അവതരണം: **ശ്രീ. ആർ. എസ്. കുറുപ്പ്** 2025 ഫെബ്രുവരി 23 ഞായറാഴ്ച രാവിലെ 10 മണിക്ക് ടി. ഡി. എം. ഹാളിൽ

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ **അകായിലെ സംഗീതം** 2025 ഫെബ്രുവരി 16-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4.00 മണിക്ക് **പി. ജയചന്ദ്രന്റെ പാട്ടുകൾ** ടി.ഡി. എം ഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗവും ബീമും സം

യുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ 2025 ഫെബ്രുവരി 25 ന് വൈകുന്നേരം 6.00 ന് **ഡോ. നന്ദിനി എൻ. ജെ** യുടെ കർണ്ണാടക സംഗീത കച്ചേരി ടി. ഡി. എം. ഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ 67-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് **30-ാമത് കളഹംസം (വേഷം), തൗര്യത്രികം (പാട്ട്, ചെണ്ട, മദ്ദളം) കൂടാതെ ചുട്ടി, അണിയറ എന്നീ അവാർഡുകൾ** 2025 ഫെബ്രുവരി 28 വെള്ളിയാഴ്ച വൈകുന്നേരം 6.00 മണിക്ക് ടി. ഡി. എം. ഗംഗാ ഹാളിൽ വച്ച് നല്കുന്നു. ഈ വർഷത്തെ കളഹംസം (വേഷം) അവാർഡിന് അർഹനായിട്ടുള്ളത് ശ്രീ. സദനം എം. എൻ. ഹരികുമാർ അവർകൾക്കാണ്, തൗരത്രികം അവാർഡുകൾ: ശ്രീ. കലാമണ്ഡലം കൊളത്താപ്പിള്ളി നാരായണൻ നമ്പൂതിരി – (കഥകളി സംഗീതം), ശ്രീ. കലാമണ്ഡലം രാജൻ– (ചെണ്ട), ശ്രീ. സദനം ദേവദാസ് – (മദ്ദളം), ശ്രീ. കോട്ടക്കൽ സതീഷ് – (ചുട്ടി), ശ്രീ. കോട്ടക്കൽ കുഞ്ഞിരാമൻ – (അണിയറ) എന്നിവർക്കാണ്. കൂടാതെ കഥകളിയിലെ സ്ത്രി സാന്നിദ്ധ്യങ്ങൾക്കായുള്ള പ്രത്യേക പുരസ്കാരം ശ്രീമതി. രാധിക വർമ്മക്കും നൽകുന്നു തുടർന്ന് **ബാലിവധം കഥകളി**യും ഉണ്ടായിരിക്കും.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

**ജനറൽ സെക്രട്ടറി**

---

**എറണാകുളം കരയോഗം**
**ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ**
**കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ**




**2025 ഫെബ്രുവരി 10 മുതൽ മാർച്ച് 10 വരെ**

| | | | | |
|---|---|---|---|---|
| 1. | 12-02-2025<br>19-02-2025<br>26-02-2025<br>05-03-2025 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.30 p.m. |
| 2. | 13-02-2025<br>20-02-2025<br>27-02-2025<br>06-03-2025 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 3. | 15-02-2025 | ശനി | എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 'കൊച്ചി പൈതൃകത്തിന് ക്രിസ്ത്യൻ സംഭാവന' ഡോ. ജെനി പീറ്ററിന്റെ പ്രഭാഷണം | 500 p.m. - 6.00 p.m. |
| 4. | 16-02-2025 | ഞായർ | എറണാകുളം കരയോഗം സാംസ്കാരികവേദി<br>**അകായിലെ സംഗീതം** പി. ജയചന്ദ്രന്റെ പാട്ടുകൾ<br>(Solos and duets) | 4.00 p.m |
| 5. | 23-02-2025 | ഞായർ | സാഹിതീ യോഗം പരിപാടി: **എം. ടി. യും ജയചന്ദ്രനും** ചർച്ച , **അവതരണം: ശ്രീ. ആർ. എസ്. കുറുപ്പ്** | 10.00 a.m |
| 6. | 25-02-2025 | ചൊവ്വ | ബീം – ഡോ. എൻ. ജെ നന്ദിനിയുടെ<br>**കർണ്ണാടക സംഗീത കച്ചേരി** | 6.30 p.m. |
| 7. | 10-03-2025 | തിങ്കൾ | വിമൻസ് ഫോറം | 3.00 p.m - 5.00 p.m. |

# അറിയിപ്പ്

## ശതാബ്ദി ആനുകൂല്യ ആജീവനാന്ത അംഗത്വം

### അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

### അംഗത്വത്തിനുള്ള അപേക്ഷാഫാറം കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്

23-6-2024 ൽ കൂടിയ എറണാകുളം കരയോഗം പൊതുയോഗം എറണാകുളം കരയോഗം നിയമാവലി 5, 7(i) (ii), 8,9,10,11,13,14 എന്നീ വകുപ്പുകളും അതിന്റെ ഉപവകുപ്പുകളും നില നിർത്തിക്കൊണ്ട് കരയോഗത്തിലെ ഓരോ അംഗങ്ങൾക്കും അവരവരുടെ കുടുംബാംഗങ്ങൾക്ക് (അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ) 2025 ഡിസംബർ 31 വരെ അംഗത്വഫീസിൽ ഇളവു നല്കി അംഗത്വം നല്കുവാൻ തീരുമാനം എടുത്തിട്ടുള്ള വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

എല്ലാ അംഗങ്ങളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

✷ ✷ ✷

### എറണാകുളം കരയോഗം ശതാബ്ദിയാഘോഷഫണ്ട് സമാഹരണം

2025 ൽ എറണാകുളം കരയോഗം ശതാബ്ദിയാഘോഷം സമുചിതമായി ആഘോഷിക്കുന്നതിലേയ്ക്കുള്ള പദ്ധതികളും പരിപാടികളും നടത്തുന്നതിന് ധനസമാഹരണം ഒരു പ്രധാന ഘടകമാണ്. ആയതിലേയ്ക്ക് ഓരോ കരയോഗാംഗവും 2000 രൂപ വീതവും ഒരേ വീട്ടിൽ മൂന്നോ അതിൽ കൂടുതലോ കരയോഗാംഗങ്ങളുള്ളവർ 5000 രൂപയും ശതാബ്ദി ഫണ്ടിലേയ്ക്ക് നൽകണമെന്ന് 23-6-2024 ൽ കൂടിയ 99-ാം വാർഷികപൊതുയോഗം തീരുമാനമെടുത്തിട്ടുള്ള വിവരം കരയോഗാംഗങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

✦ ✦ ✦

**കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ അറിയുന്നതിനായി അംഗങ്ങൾ മാത്രം താഴെ കാണുന്ന WhatsApp നമ്പറിൽ ബന്ധപ്പെടുകയോ link ലൂടെ ജോയിൻ ചെയ്യുകയോ ചെയ്യാവുന്നതുമാണ്.**

☞ **8281588833**

Open this link to join my WhatsApp Group:
https://chat.whatsapp.com/JvuXAILW6Tg8UD6J29v1Vy

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം



# ബാലലോകം



പറവൂർ രാജഗോപാൽ – 9847291483

## പ്രധാനമായ പാഠം

**പ്രിയപ്പെട്ട കുട്ടുകാരേ,**

സുഖമല്ലേ? ഒരു കഥ പറയട്ടെ...?

*ബാബുസാർ പലപ്പോഴും ക്ലാസിൽ കുട്ടികളിൽ ജിജ്ഞാസയുണർത്തുന്നതും കൗതുകകരവും അറിവുപകർന്നു നൽകുന്നതുമായ പരീക്ഷണങ്ങൾ നടത്തുക പതിവാണ്. കളികളിലൂടെ കാര്യം പറയുന്നൊരു രീതി സാറിന്റെ പ്രത്യേകതയാണ്. പല വിദ്യാലയങ്ങളിലും അദ്ദേഹം അറിവിന്റെ ഇത്തരം നുറുങ്ങു പ്രകടനങ്ങളുമായി ചെന്നെത്താറുണ്ട്.

കൺമുന്നിൽ കുട്ടികൾ കണ്ടറിയുകയാണ് സാറ് പകർന്നു നൽകുന്ന അറിവിന്റെ നേരും നെറിയും.

അന്ന് ക്ലാസ്സിൽ സാമാന്യം വലിയൊരു സ്ഫടിക ഭരണിയുമായാണ് ബാബുസാർ എത്തിയത്. കുട്ടികൾക്ക് ആകാംക്ഷയായി. കാര്യമായി എന്തോ കാട്ടിത്തരുവാൻ പോകയാണ് സാറ്. എന്ത് അത്ഭുതമാണ് കാണിക്കുവാൻ പോകുന്നതെന്ന് അവർ ആശ്ചര്യം കൊണ്ടു.

അപ്പോഴാണ് സ്കൂൾ ശിപായിയായ ശിവരാമേട്ടൻ രണ്ടു കുട്ടിസഞ്ചികളുമായി ക്ലാസ് റൂമിലേക്ക് വന്നത്. ഒന്നിൽ നിറയെ ഉരുളൻ കല്ലുകൾ, മറ്റൊന്നിൽ മണൽ. പിന്നെ ഒന്നുരണ്ടു കുപ്പികളിലായി വെള്ളം. എല്ലാം ക്ലാസ്സ്റൂമിൽ ഒതുക്കിവെച്ച് ശിവരാമേട്ടൻ പോയി.

കുട്ടികൾ ജിജ്ഞാസയുടെ മുൾമുനയിലായി ഭരണി മേശപ്പുറത്തുവെച്ച് ബാബുസാർ ഉരുളൻ കല്ലുകൾ ഓരോന്നായി എടുത്ത് സ്ഫടികഭരണി നിറച്ചു. കുട്ടികൾ കണ്ണെടുക്കാതെ കണ്ട് ഇരുന്നു.

കല്ലുകൾ കൊണ്ട് ഭരണി നിറഞ്ഞപ്പോൾ അദ്ദേഹം കുട്ടികളോടായി ചോദിച്ചു.

'നോക്കൂ. ഈ ഭരണി പൂർണ്ണമായി ഇപ്പോൾ നിറഞ്ഞിട്ടുണ്ടോ?'

ഉവ്വ്... ഉവ്വ്... കുട്ടികൾ എല്ലാവരും ചേർന്ന് പറഞ്ഞു.

ബാബുസാർ കുറച്ച് മണലെടുത്ത് കുറേശ്ശെയായി ഭരണിയിലേക്കിട്ടു. കല്ലുകൾക്കിടയിലുള്ള വിടവുകളെല്ലാം മണലുകൊണ്ട് നിറഞ്ഞു. വീണ്ടും അദ്ദേഹം കുട്ടികളോടുചോദിച്ചു.

'ഇപ്പോൾ എങ്ങിനെ, ഭരണി നിറഞ്ഞോ?'

കുട്ടികൾ വിളിച്ചുപറഞ്ഞു

'ഇല്ലെന്നു തോന്നുന്നു സാർ'

'കൊള്ളാം' എന്നു പറഞ്ഞുകൊണ്ട് സാർ ഒരുകുപ്പി വെള്ളമെടുത്ത് ഭരണിയുടെ വക്കുവരെ വെള്ളമൊഴിച്ചു. എന്നിട്ട് കുട്ടികളെ നോക്കി.

'കണ്ടോ? ഇതിൽ നിന്നെന്തു മനസ്സിലായി നിങ്ങൾക്ക്?' ഒരു കുട്ടി ഉത്സാഹപൂർവ്വം എഴുന്നേറ്റുനിന്നു പറഞ്ഞു

'എത്ര സമയമില്ല എന്ന് നമുക്ക് തോന്നുമ്പോഴും നമ്മൾ വിചാരിച്ചാൽ അത്യാവശ്യ കാര്യങ്ങൾക്ക് സമയം കണ്ടെത്താനും അവ ചെയ്യാനും പറ്റും.'


'ശരിയാണ് നീ പറഞ്ഞ ഉത്തരം. എന്നാൽ അതിലും പ്രധാനമായ ഒരു പാഠമുണ്ട്.'

എന്താണു സാറേ അത്? കുട്ടികൾ പലരും ചേർന്ന് ചോദിച്ചു.

'പറയാം.' ബാബുസാർ കാര്യം വിവരിച്ചു.

'ഭരണിയിൽ ഉരുളൻകല്ലുകൾ ആദ്യമേ ഇട്ടില്ലായിരുന്നെങ്കിൽ പിന്നീട് ഒരിക്കലും അവയ്ക്കു ഭരണിയിൽ ഇടം കിട്ടില്ലായിരുന്നു. അതുപോലെ ജീവിതത്തിലും ഏറ്റവും പ്രധാനമായതിനു നാം ആദ്യമേ സമയം കണ്ടെത്തണം–ജീവിത

( ശേഷം 10–ാം പേജിൽ)



# വാസ്തു ശാസ്ത്രം




ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ - 9447032434

അടുത്തകാലത്ത് പോയ ഒരു വീട്ടിലെ പ്രശ്നം വളരെ ശ്രദ്ധിക്കേണ്ടതാണ്. തലമുറകളായി ബിസ്സിനസ്സ് ചെയ്യുന്ന അറിയപ്പെടുന്ന നായർ ഫാമിലിയാണ്. വീട് പരിശോധിച്ചതിൽ വലിയൊരു പറമ്പിൽ സാമാന്യം വലിയ വീടാണ്. വീടിന് വടക്ക്വശത്തും, കിഴക്ക്വശത്തും ധാരാളം സ്ഥലവും വടക്ക്കിഴക്ക് കുളവും ഉണ്ട്. അഞ്ചു കൊല്ലം മുൻപ് വീടിന്റെ കിഴക്കു വശത്ത് പുതിയവീട് പണിത് ഒരു മകൻ അവിടേക്ക് താമസം മാറി. വളരെ സന്തോഷമായും, സൗഹാർദ്ദമായും കഴിഞ്ഞിരുന്ന കുടുംബത്തിൽ അടുത്തകാലത്തായി പല പ്രശ്നങ്ങളും കുടുംബകലഹങ്ങളും തുടങ്ങി. അവസാനം മക്കൾ തമ്മിൽ വേർപിരിയുവാൻ (ഭാഗം വയ്ക്കുവാൻ) തീരുമാനിച്ചു. അതിനുവേണ്ടി എല്ലാവർക്കും സമ്മതനായ ഒരു മദ്ധ്യസ്ഥനെ കണ്ടുപിടിച്ചു. പുതിയ വീടിന് എന്തോ കുഴപ്പമുണ്ടെന്ന് മദ്ധ്യസ്ഥന് തോന്നുകയും അതനുസരിച്ച് മദ്ധ്യസ്ഥൻ വഴി ഞാൻ അവിടെയെത്തി. വീട് പരിശോധിച്ചപ്പോൾ പഴയ വീട്, കിണറ്, കുളം, ഗേറ്റ്, അടുക്കള എല്ലാം നല്ല സ്ഥലത്താണ്. സ്കെച്ച് നോക്കുക A എന്ന് അടയാളപ്പെടുത്തിയിട്ടുണ്ട്. ഈ വീടിന്റെ വടക്ക്കിഴക്കും, തെക്ക്കിഴക്കും രണ്ടു ഗേറ്റുകൾ ഉണ്ട്. പുതിയ വീട് പണിഞ്ഞപ്പോൾ അതിന്റെ വടക്ക്പടിഞ്ഞാറും തെക്ക്പടിഞ്ഞാറും ഗേറ്റുകൾ വന്നു. വടക്ക്കിഴക്കുള്ള കുളം നികത്തി. കിഴക്ക്തെക്കുള്ള കാലിത്തൊഴുത്ത് പൊളിച്ച് കളഞ്ഞു. പുതിയ വീടിന്റെ അടുക്കള തെക്ക്പടിഞ്ഞാറാണ്. പഴയവീടിന്റെ അടുക്കള തെക്ക്കിഴക്കും. ഏതെങ്കിലും ഒരു വീട്ടിൽ ഭക്ഷണം പാകം ചെയ്യാൻ പാകത്തിന് രണ്ട് അടുക്കളയും അടുത്തടുത്താണ്.

പുതിയ വീടിന്റെ തെക്കുപടിഞ്ഞാറ് ഗേറ്റ് വഴിയാണ് വാഹനങ്ങൾ അകത്തേക്ക് വന്നിരുന്നതും, പുറകുവശത്ത് പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങളും ഉണ്ട്.

പുതിയ വീടിന്റെ തെക്ക്പടിഞ്ഞാറ് ഗേറ്റ് പറമ്പിന് പുറത്തുവരാൻ പാകത്തിന് വീടിന്റെ പടിഞ്ഞാറുവശത്ത് വീടിനു സമാന്തരമായി 36 cm ഉയരത്തിൽ മതിൽ കെട്ടുകയും അതിന്റെ മുകളിൽ ചെടികൾ വയ്ക്കുകയും ചെയ്തു. അടുക്കള സ്ഥാനം മാറ്റി.

രണ്ടു ദിവസം മുൻപ് എന്നെ വിളിച്ചു കഴിയുന്നതും വേഗം അവിടെ ചെല്ലുവാൻ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ അവിടുത്തെ സകല പ്രശ്നങ്ങളും മാറി എല്ലാം പഴയപടിയായി. പ്രത്യേകം ശ്രദ്ധിക്കുക വീട് പണികഴിഞ്ഞാൽ വീടിന് സമാന്തരമായി തെക്കും, പടിഞ്ഞാറും അതിരുകൾ (മുറ്റം തിരിക്കൽ) ഉണ്ടായിരിക്കണം.



(8-ാം പേജിന്റെ തുടർച്ച...)

ത്തിൽ പ്രധാനമായത് ശാന്തിയും സംതൃപ്തിയും നിലനിർത്താനുള്ള മാർഗ്ഗങ്ങൾ മനസ്സിലാക്കുക എന്നതാണ്. നിസ്വാർത്ഥമായി മറ്റുള്ളവർക്ക് വേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിയുക. നമ്മുടെ കടമകളും കർത്തവ്യങ്ങളും നിർവഹിക്കുക. പ്രിയപ്പെട്ടവരുമായി സമയം ചിലവഴിക്കുക. ഇവയൊക്കെ തന്നെയാണ് ജീവിതത്തിൽ ആവശ്യം വേണ്ട കല്ലുകൾ. മറ്റുള്ളവ എന്തൊക്കെയെന്ന് സ്വയം ഓരോരുത്തരും നിശ്ചയിക്കുകയും വേണം.

സമയം പാഴാക്കാതിരിക്കുക എന്നതിനേക്കാൾ പ്രധാനമാണ് ഓരോന്നിനും അതർഹിക്കുന്ന പരിഗണന കൊടുക്കുക എന്നത്. വിവേകപൂർവ്വം സമയം വിനിയോഗിച്ചാൽ ജീവിതത്തിലെ വലുതും ചെറുതുമായ കർത്തവ്യങ്ങൾ ഭംഗിയായി നിർവ്വഹിക്കാനും ജീവിതം കൊണ്ട് നേടേണ്ടത് നേടാനും നമുക്കാവും!

മുതിർന്നവരെപോലും ജീവിതത്തിലെ ഏറ്റവും നല്ല കാലമായ കുട്ടിക്കാലത്തിലേക്ക് കൊണ്ടുചെന്നെത്തിക്കും നല്ല ബാലകഥകൾ. അത്ഭുതങ്ങളുടെ ബാലലോകം മുന്നിൽകണ്ട്, കുട്ടിമനസ്സുള്ള എന്നിലെ എഴുത്തുകാരൻ യാഥാർത്ഥ്യങ്ങളേക്കാൾ മനോഹരങ്ങളായ സങ്കൽപ്പങ്ങൾ തുന്നിച്ചേർത്തെഴുതിയ 'കണ്ണിനും കണ്ണാടിക്കും' എന്ന ബാലകഥാസമാഹാരത്തിൽ നിന്നുള്ള ഒരു കഥയാണ് ഇത് കൂട്ടുകാർക്ക് ഇഷ്ടപ്പെട്ടുകാണും എന്നു കരുതട്ടെ.

*പ്രശസ്ത ബാലസാഹിത്യകാരൻ യശ്ശഃശരീരനായ പുല്ലാർക്കാട്ട് ബാബു. ■

---

## എറണാകുളം കരയോഗം ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2025 ജനുവരി മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1 | കെ. രാമചന്ദ്രൻ, 3 ബി, സിൽവർറോക്ക്, സ്കൈലൈൻ, ജവഹർ നഗർ | 10,000 |
| 2 | ദേവി മുല്ലോത്ത്, മുല്ലോത്ത് അമ്പാടി എൻക്ലേവ്, ചിറ്റൂർ റോഡ് | 5,000 |

## എൻഡോവ്മെന്റ് സംഭാവന നൽകിയവർ

| | | |
|---|---|---|
| 1 | അമ്പിളി വി. ആർ & അർച്ചന വി. ആർ, പ്രതീക്ഷ, ചക്കുങ്കൽ റോഡ്, പാലാരിവട്ടം | 10,000 |
| 2 | ഗീത നന്ദകുമാർ, ഉത്രം, കാർത്തിക ലൈൻ, പൂണിത്തുറ | 8079 |

## 2025 ജനുവരി മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**ഡോ. കെ. രാമൻ മേനോൻ (L/3067)**
Visranthi, Sterling Gardens,
എളംകുളം റോഡ്, കൊച്ചി



**പി.ജെ. തിലകൻ (L/1892)**
Imperial Gardens, Villa No.12 A
ഏരൂർ സൗത്ത്, തൃപ്പൂണിത്തുറ



**എം.പി. കൃഷ്ണൻ നായർ (L/3745)**
H. No.904, പ്രസന്ന വിഹാർ,
എറണാകുളം



**ഡോ. കെ. സുകുമാരൻ (L/1978)**
6893/40, ആരോഗ്യ,
കോൺവെന്റ് റോഡ്, എറണാകുളം

ക്ഷേത്രങ്ങളിലൂടെ

# നെറുങ്കൈതക്കോട്ട ശാസ്താക്ഷേത്രവും മേക്കോട്ട ഭഗവതിക്ഷേത്രവും

ഇന്ദിരാഭായി – 8078552892

ഭക്തി തരുന്ന സുരക്ഷ അളവറ്റതാണ്. അത് അനന്തവും അദൃശ്യവും അനുഭവവേദ്യവുമാണ്. ജഗദീശ്വരൻ പ്രകൃതിയിലെ സകല ചരാചരങ്ങൾക്കും രക്ഷാകവചം ഒരുക്കുന്നുണ്ട്. നാടിന്റെ സുരക്ഷക്ക്വേണ്ടി നാം മനുഷ്യനിർമ്മിതമായ പല വിധത്തിലുള്ള പ്രതിരോധ മാർഗ്ഗങ്ങളും ഒരുക്കാറുണ്ട്. എന്നാൽ പ്രകൃതിതന്നെ സുരക്ഷാകവചം ഒരുക്കിയിരിക്കുന്ന ഒരു പ്രദേശമാണ് കോഴിക്കോട് ജില്ലയുടെ ഭാഗമായ വള്ളിക്കുന്ന് എന്ന പ്രദേശം. മനുഷ്യനിർമ്മിത പ്രതിരോധ സംവിധാനങ്ങളെ പ്രകൃതിയുടെ ഈ സുരക്ഷ കവചത്തോട് ഉപമിക്കാൻ പോലും കഴിയില്ല. അത്രകണ്ട് മഹത്തായ ഒരു സംവിധാനമാണ് സാക്ഷാൽ ജഗദീശ്വരൻ തന്നെ ഇവിടെ ഒരുക്കിയിരിക്കുന്നത്. മനുഷ്യനിർമ്മിതമായ കോട്ടകൊത്തളങ്ങളൊന്നും ഇവിടെ ഇല്ല. എന്നാൽ പ്രകൃതി ഒരുക്കിയിരിക്കുന്ന കോട്ടയും കോട്ടക്ക് കാവലായി ഭദ്രകാളിയമ്മയും ആയോധന കലാവിദഗ്ധനായ ശാസ്താവും കുടികൊള്ളുന്ന ഒരു പുണ്യസങ്കേതം. കോട്ടക്കുന്നിന്റെ നെറുകയിൽ ഭദ്രകാളിയമ്മയും കോട്ടയുടെ അടിവാരത്ത് ശാസ്താവും സുരക്ഷാകവചം ഒരുക്കിയിരിക്കുന്ന ഒരു സുന്ദരമായ സ്ഥലം. ഈ സ്ഥലമാണ് നെറുങ്കൈതക്കോട്ട എന്നറിയപ്പെടുന്ന കോട്ട കുന്നിന്റെ മുകളിൽ ഭദ്രകാളിയമ്മ കുടികൊള്ളുന്ന മേക്കോട്ട് ഭഗവതി ക്ഷേത്രവും കുന്നിന്റെ താഴ്‌വാരത്ത് ശാസ്താക്ഷേത്രവും സ്ഥിതിചെയ്യുന്നു. ഈ പ്രദേശം ഒരു കാലത്ത് പരപ്പനാട് രാജവംശത്തിന്റെ ആസ്ഥാനമായിരുന്നു. കോഴിക്കോട് ജില്ലയിലെ കടലുണ്ടിക്കടുത്താണ് വള്ളിക്കുന്ന് എന്ന പ്രദേശം സ്ഥിതിചെയ്യുന്നത്. കടലുണ്ടിപ്പുഴയെ വല്ലിയാർ എന്നും അറിയപ്പെടുന്നു. വല്ലിയാറിനാൽ ചുറ്റപ്പെട്ട കുന്നിൻ പ്രദേശം വള്ളിക്കുന്ന് എന്നറിയപ്പെട്ടു. വള്ളിക്കുന്നിലെ നെറുങ്കൈതക്കോട്ട പരപ്പനാട് രാജവംശത്തിന്റെ ആസ്ഥാനമായിരുന്നു. പരപ്പനങ്ങാടി മുതൽ വടക്ക് ബേപ്പൂർ വരെയുള്ള പ്രദേശങ്ങളായിരുന്നു പരപ്പനാട് എന്നറിയപ്പെട്ടിരുന്നത്. പ്രകൃതിയുടെ കരവിരുതിനാൽ സുന്ദരവും സുരക്ഷിതവും ആക്കപ്പെട്ട, കോട്ടകളാലും കിടങ്ങുകളാലും വലയം ചെയ്യപ്പെട്ട പ്രദേശത്തെ കുന്നിന്റെ താഴ്‌വരയിൽ ശാസ്താക്ഷേത്രവും കുന്നിൻ മുകളിൽ ഭഗവതിക്ഷേത്രവും സ്ഥിതി ചെയ്യുന്നു. നെറുങ്കൈതക്കോട്ട ക്ഷേത്രത്തെപ്പറ്റിയുള്ള ചരിത്രങ്ങൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഈ ക്ഷേത്രത്തിന്റെ ഉത്ഭവം ക്രിസ്താബ്ദം 12–ാം ശതകത്തിലാണെന്നാണ് ചരിത്രകാരന്മാരുടെ നിഗമനം. പണ്ടുകാലത്ത് കൈതക്കാടുകൾ തിങ്ങി നിറഞ്ഞു വളർന്നു നിന്നിരുന്ന ഈ പ്രദേശത്ത് ആദിവാസികളാണ് ഉണ്ടായിരുന്നത്. അവർ കൈതയുടെ ഓലവെട്ടി കുട്ട, വട്ടി, പായ മുതലായവ നെയ്ത് ഉപജീവനം നടത്തിയിരുന്നു. ആദിവാസികുടുംബത്തിലെ ഒരു പെൺകുട്ടിയിലൂടെയാണ് നെറുങ്കൈതക്കോട്ടയിലെ ദേവസാന്നിദ്ധ്യം പുറംലോകമറിയുന്നത് എന്നാണ് ഐതിഹ്യം. ഒരു ദിവസം പായനെയ്യുവാൻ കൈതയോല വെട്ടുന്നതിനിടയിൽ ഓല വെട്ടികൊണ്ടിരുന്ന പെൺകുട്ടിയുടെ കാല് ഒരു കല്ലിൽ തട്ടി. ആ കുട്ടി ആ കല്ല് ശ്രദ്ധിച്ചു. ഒരു പ്രത്യേകതയുള്ള കല്ലാണ് എന്ന് ആ കുട്ടിക്ക് തോന്നി. ഇന്നോളം ഇത്രയും ഭംഗിയുള്ള ഒരു കല്ല് ഇവിടെ കണ്ടിട്ടില്ലല്ലോ, ഇതൊന്നെടുത്തുനോക്കാം എന്ന് വിചാരിച്ച് കല്ലിലൊന്ന് തൊട്ടപ്പോൾ കൈ പൊള്ളുന്നതുപോലെ അനുഭവപ്പെട്ടു. എന്നാൽ തന്റെ കൈതവെട്ടുന്ന കത്തികൊണ്ട് കൊത്തിയെടുക്കാം എന്ന് കരുതി കല്ലിൽ കൊത്തിയപ്പോൾ കല്ലിൽ നിന്നും ചോര പൊടിയുന്നതുകണ്ടു കുട്ടി ഭയന്ന് ഓടിപ്പോയി ആളുകളെ വിവരം അറിയിച്ചു. അവർ രാജാ

വിനെ ഈ വിവരം അറിയിക്കുകയും രാജാവ് പണ്ഡിതന്മാരെയും ജോതിഷികളെയും വരുത്തി നോക്കിക്കുകയും ചെയ്തു. അങ്ങനെ ഇവിടെ ദേവചൈതന്യം കുടികൊള്ളുന്നു എന്ന് മനസ്സിലാക്കുകയും അവരുടെ നിർദ്ദേശപ്രകാരം രാജാവ് ക്ഷേത്രം പണികഴിപ്പിച്ച് ദൈവീക പ്രഭാവമുള്ള ഈ കല്ലുകളെ അവിടെ പ്രതിഷ്ഠിക്കുകയും ചെയ്തു. സ്വയംഭൂവായ ദേവന് രക്തപ്രഭാവമുണ്ടായ മൂന്ന് കല്ലുകളിലാണ് ഇന്നും പൂജകൾ നടത്തുന്നത്. പൂർണ്ണ, പുഷ്കലമാരോടൊപ്പം കുടുംബസമേതനായ ശാസ്താ സാന്നിദ്ധ്യമാണ് ഇവിടെ കുടികൊള്ളുന്നത്. പരപ്പനാട് രാജാവ് സ്ഥാപിച്ച നെറുങ്കൈതക്കോട്ട ക്ഷേത്രത്തിൽ ശാസ്താവ് കുടുംബ സമേതനായി പടിഞ്ഞാട്ടു ദർശനമായി കുടികൊള്ളുന്നു.

ശാസ്താക്ഷേത്രത്തെപ്പറ്റി മറ്റൊരു ഐതീഹ്യവും പ്രചാരത്തിലുണ്ട്. ആദിവാസിപെൺകുട്ടിയിലുടെ ശാസ്താ സാന്നിദ്ധ്യം അറിയുന്നതിനുമുമ്പ് ക്ഷേത്ര സ്ഥാനത്തിനടുത്തുതന്നെയുള്ള "താഴത്തയിൽ" എന്ന വീട്ടിൽ ഒരു അത്ഭുതകരമായ സംഭവം ഉണ്ടായി താഴത്തയിൽ പുന്നോളിമാണിശ്ശേരിയിൽ എന്ന വീട്ടിൽ കാഴ്ചശക്തി വളരെ കുറവുള്ള ഒരു മുത്തശ്ശിയാണ് വസിച്ചിരുന്നത്. ഒരു ദിവസം സന്ധ്യാസമയത്തോടടുത്ത് ഒരു സന്യാസി ഈ വീട്ടുമുറ്റത്തെത്തി കഴിക്കാനെന്തെങ്കിലും ഭക്ഷണം കിട്ടുമോ എന്നന്വേഷിച്ചു. അദ്ദേഹത്തിന് കൊടുക്കുവാൻ പാകത്തിലുള്ള ഭക്ഷണമൊന്നും ആ സമയം അവിടെയുണ്ടായിരുന്നില്ല. അല്പസമയം ഒന്ന് കാത്തിരിക്കൂ. എന്റെ കണ്ണിന് തീരെ കാഴ്ചയില്ല അതുകൊണ്ട് ഭക്ഷണമുണ്ടാക്കുമ്പോൾ പാകപ്പിഴകളുണ്ടായേക്കാം. എങ്കിലും ഞാൻ കുളത്തിലൊന്നു മുങ്ങികുളിച്ചുവന്ന് വേഗം ഭക്ഷണം ഉണ്ടാക്കിത്തരാം എന്ന് മുത്തശ്ശി അദ്ദേഹത്തോട് പറഞ്ഞു. ഇതുകേട്ട സന്യാസിവര്യൻ വരൂ തപ്പിത്തടഞ്ഞു വീഴേണ്ട, ഞാൻ കുളക്കടവിലേക്കാക്കിത്തരാം എന്ന് പറഞ്ഞ് മുത്തശ്ശിയെ കൈപിടിച്ച് കുളപ്പടവിൽ കൊണ്ടാക്കിയ ശേഷം, കുളിച്ചു വന്നോളൂ ഞാൻ ഉമ്മറത്തിരിക്കാം എന്ന് മുത്തശ്ശിയോട് പറഞ്ഞു തിരിച്ചു പോയി. മുത്തശ്ശി കുളത്തിലിറങ്ങി മുങ്ങികുളിച്ചു. തപ്പിത്തടഞ്ഞു കുളപ്പടികളിറങ്ങിപ്പോയ മുത്തശ്ശിക്ക് കുളികഴിഞ്ഞ് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. കാലങ്ങളായി കാഴ്ചക്കുറവുമൂലം തന്റെ കൺമുന്നിൽ തെളിയാതിരുന്ന പല കാഴ്ചകളും കൺമുന്നിൽ തെളിയുന്നു. കുളവും, കൽപ്പടവുകളും, വൃക്ഷങ്ങളും മുകളിലായി തന്റെ വീടും കണ്ണുകളിൽ തെളിഞ്ഞു കാണുന്നു. ഇരുട്ട് പടർന്നിരുന്ന തന്റെ കണ്ണുകളിൽ വെളിച്ചം കണ്ട മുത്തശ്ശി സന്തോഷം കൊണ്ട് ഭഗവാനെ പ്രാർത്ഥിച്ചുകൊണ്ട് വേഗം വീട്ടിലെത്തി ഭക്ഷണമുണ്ടാക്കി കാത്തിരുന്നു. ഭക്ഷണം ചോദിച്ചുവന്ന സന്യാസിവര്യനെ അവിടെയെല്ലാം അന്വേഷിച്ചു. എവിടെയും അദ്ദേഹത്തെ കണ്ടില്ല. പിന്നീട് തന്റെ ഇഷ്ടദേവനായ ശാസ്താവാണ് തന്റെ അന്ധത മാറ്റിയത് എന്ന് മുത്തശ്ശി തിരിച്ചറിഞ്ഞു. അന്നുമുതൽ ആ വീട്ടിൽ ഒരാൾക്കുള്ള ഭക്ഷണം എപ്പോഴും കരുതി വെയ്ക്കുന്ന പതിവ് ഇന്നും തുടർന്ന് പോരുന്നു. ശാസ്താവ് വന്ന് മുറ്റത്ത് നിന്ന് മുത്തശ്ശിയെ വിളിച്ചു ഭക്ഷണം ചോദിച്ച സ്ഥലം എന്ന് വിശ്വസിക്കുന്ന സ്ഥാനത്ത് ഒരു കരിങ്കല്ല് ഉയർന്ന് നിൽക്കുന്നുണ്ട്. ആ വീട്ടുകാർ ഇന്നും ആ കല്ല് പവിത്രമായി സൂക്ഷിച്ചു പോരുന്നു. ഇതാണ് നെറുങ്കൈതക്കോട്ട ശാസ്താ ക്ഷേത്രത്തെപ്പറ്റിയുള്ള മറ്റൊരു ഐതിഹ്യം.

അർദ്ധഗോളാകൃതിയിലുള്ള ഒരു കുന്ന്. ഈ കുന്നിന്റെ ഒരു വശത്ത് ഒരു വാതിൽ കാണാം ഇവിടെ പുറത്തുനിന്നുള്ളവർക്ക് പ്രവേശനമില്ല. ഇതിന്റെ അരികിലൂടെ ചുറ്റി മുകളിലേക്കുള്ള പാത വഴി ശാസ്താക്ഷേത്ര നടയിലേക്കെത്താം. ശാസ്താക്ഷേത്രത്തിനരികിൽ ഇടതുവശത്തായി ശിവസാന്നിദ്ധ്യവുമുണ്ട്. ഒരു യോഗിവര്യൻ അദ്ദേഹത്തിന്റെ പൂജാവിഗ്രഹം തിടപ്പള്ളിക്കടുത്തായിവെച്ച് പരമശിവനെയും പാർവ്വതിദേവിയേയും പൂജിച്ചിരുന്നു. അങ്ങനെ ഈ ശാസ്താക്ഷേത്രത്തിൽ ശിവപാർവ്വതി സാന്നിദ്ധ്യവും ഉണ്ടായി എന്നും വിശ്വസിക്കുന്നു. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് വില്വമംഗലംസ്വാമിയാർ അദ്ദേഹം പൂജിച്ചിരുന്ന ശ്രീരാമ വിഗ്രഹം വെച്ച് പൂജിക്കുന്നതിനുള്ള സ്ഥലം അന്വേ

ഷിച്ച് നടന്ന് നെറുങ്കൈതക്കോട്ടയിലെത്തി. അദ്ദേഹം തന്റെ ശ്രീരാമവിഗ്രഹം ശാസ്താവിന് മുന്നിൽ വെച്ച് പൂജിച്ചു . ഈ സമയം ശാസ്താവ് ശ്രീരാമഭാവത്തിൽ അദ്ദേഹത്തിന് ദർശനം നൽകി. ശാസ്താവിൽ ശ്രീരാമഭാവം ദർശിച്ച സ്വാമിയാർ പൂജകൾ കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ അവിടെ ശ്രീരാമ ദാസന്മാരായ വാനരന്മാരെ കണ്ട് അത്ഭുതപ്പെട്ടു എന്നുമാണ് കഥ. കഥ എന്തായാലും അന്ന് മുതൽ ശാസ്താവിന് ശ്രീരാമ സങ്കല്പത്തിലും പൂജകൾ നടത്തപ്പെടുന്നു. ഇന്നും ശാസ്താക്ഷേത്രത്തിൽ ഉച്ചപ്പൂജ ശ്രീരാമസങ്കല്പത്തിലാണ് നടത്തപ്പെടുന്നത്. ഈ ക്ഷേത്രത്തിലെ ബലിക്കൽ പുരയിൽ ഹനുമാൻ സ്വാമിയുടെയും സുഗ്രീവന്റെയും രൂപങ്ങൾ കാണാം. മുഖ മണ്ഡപത്തിൽ രാമായണത്തിലെ ബാലകാണ്ഡം മുഴുവനും അതിമനോഹരമായി മരത്തിൽ കൊത്തിവച്ചിട്ടുണ്ട്. മേടമാസത്തിൽ ശാസ്താക്ഷേത്രത്തിൽ പാട്ടുത്സവം അതിവിശേഷമായി കൊണ്ടാടുന്നു. ശാസ്താക്ഷേത്രത്തിന് താഴെയായി ഒരു നീർചോലയുണ്ട്. തിടപ്പള്ളിയിൽ നിന്നും താഴേക്ക് നീണ്ടു കിടക്കുന്ന പടികളിറങ്ങി അവിടെയെത്തിയാൽ ഒരു കുടം മുക്കുവാൻ മാത്രം വലുപ്പമുള്ള ഒരു ജല സ്രോതസ്സ് കാണാം. എത്ര വെള്ളം മുക്കിയാലും ഇവിടെ വെള്ളം തീരാറില്ല. സൂര്യപ്രകാശം ഏറ്റിട്ടില്ലാത്ത ഇവിടുത്തെ വെള്ളം വറ്റിയിട്ടുമില്ല, മലിനമായിട്ടുമില്ല. ക്ഷേത്രത്തിലെ ആവശ്യങ്ങൾക്കെല്ലാം ഈ വെള്ളമാണ് ഉപയോഗിക്കുന്നത്. മകര സംക്രമം തൊട്ട് അഞ്ചു ദിവസത്തെ കളംപാട്ടാണ് ശാസ്താക്ഷേത്രത്തിലെ പ്രധാന ഉത്സവം. ശാസ്താവിനേയും പരമശിവനെയും തൊഴുതശേഷമാണ് കുന്നിൻമുകളിലെ മേക്കോട്ട്ഭഗവതിയുടെ തിരുനടയിലെത്തേണ്ടത്.

രാജവംശത്തിന്റെ ആസ്ഥാനമായിരുന്ന ഇവിടെ സൈനികസാന്നിദ്ധ്യമുള്ള കൊട്ടാരം നിലനിന്നിരുന്നു. സൈനികരുടെ കോട്ടയായിരുന്നതിനാലാകാം ഈ സ്ഥലം മേക്കോട്ട എന്നറിയപ്പെട്ടത്. പരപ്പനാട് രാജവംശത്തിന്റെ ആസ്ഥാനമായിരുന്ന വള്ളിയിൽ കോവിലകം കാലാന്തരത്തിൽ കൂട്ടുകുടുംബ വ്യവസ്ഥയിലുണ്ടായ മാറ്റങ്ങൾ മൂലം ഭാഗം വെച്ച് കുരുപ്പ, കുറുമ്പനാട്, പരപ്പനാട്, എന്നിങ്ങനെ മൂന്നായിപ്പിരിഞ്ഞു. കുരുപ്പ കോവിലകത്തെ അംഗങ്ങൾ ബേപ്പൂരിൽ വാസമുറപ്പിച്ചു. പരപ്പനാട് പുതിയ കോവിലകം എന്ന പേരിൽ കോവിലകവും വളപ്പും ഇന്നും അവിടെ കാണാവുന്നതാണ്. സാമൂഹ്യവ്യവസ്ഥയിലുണ്ടായ മാറ്റങ്ങൾ മൂലം പരപ്പനാട് രാജവംശജർക്ക് മലബാർ വിട്ട് അന്യദേശങ്ങളിലേക്ക് പോകേണ്ടതായിവന്നു. അവരുടെ പരദേവതാക്ഷേത്രവും, ശാസ്താക്ഷേത്രവും, ക്ഷേത്രസ്വത്തുക്കളും അവയുമായി ബന്ധപ്പെട്ട എല്ലാ അവകാശങ്ങളും അവർ ഈസ്റ്റിന്ത്യാക്കമ്പനിയെ ഏൽപ്പിക്കുകയും കമ്പനി അവയെല്ലാം സാമൂതിരിയെ ഏൽപ്പിക്കുകയും ചെയ്തു എന്നാണ് ചരിത്ര രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നെറുങ്കൈതക്കോട്ടയെയും, പരപ്പനാട് രാജവംശത്തെയും പറ്റി ചരിത്രങ്ങളിൽ അധികമൊന്നും പരാമർശിച്ചിട്ടുമില്ല. മേക്കോട്ടയിൽ കോവിലകത്തിന്റെ തായ്‌വഴിയായിരുന്നു തട്ടാരി കോവിലകം ദത്തുവഴി തിരുവിതാംകൂറുമായി ബന്ധപ്പെടുകയും പിന്നീട് തട്ടാരി കോവിലകം തന്നെ വേണാട്ടിലേക്ക് മാറുകയും അവിടെ സ്ഥിരതാമസം ആക്കുകയും ചെയ്തു. 1304 മുതൽ 1804 വരെ വേണാട്ടിലെ രാജകുമാരിമാർ പള്ളിക്കെട്ടുക്കഴിച്ചിരുന്നത് തട്ടാരി കോവിലകത്തെ കോയിതമ്പുരാന്മാരെയായിരുന്നു എന്നും തട്ടാരി കോവിലകം പിൽക്കാലത്ത് കിളിമാനൂർ കൊട്ടാരമായി അറിഞ്ഞു തുടങ്ങിയെന്നും 1931 മുതൽ 1949 വരെ തിരുവിതാംകൂർ ഭരിച്ച ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മയുടെ പിതാവ് കിളിമാനൂർ രവിവർമ്മകൊച്ചുകോയിതമ്പുരാനായിരുന്നു എന്നും "തൃപ്പടിദാനം" ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മയുടെ രാജസ്മരണ എന്ന പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതുപ്രകാരം പരപ്പനാടിന്റെ പിൻമുറക്കാരാണ് തിരുവിതാംകൂർ രാജാക്കന്മാർ എന്നും കാണുന്നുണ്ട്.

(തുടരും.....)

# സുഭാഷിതം

വിദ്വൽപ്രഭ . ജെ. എസ് - 9847537007

തൊഴിൽ സ്ഥലങ്ങളിൽ ആരോഗ്യകരമായ ബന്ധമുണ്ടാകേണ്ടത് അനിവാര്യമാണ്. അത് പലപ്പോഴും നമ്മുടെ പ്രവർത്തിമണ്ഡലത്തിൽ നേട്ടങ്ങൾ കൊയ്യാൻ സഹായകമാകും. മാത്രമല്ല മനസ്സിന് ഉന്മേഷവും സന്തോഷവും പ്രദാനം ചെയ്യും. ആ പ്രചോദനം നമുക്ക് ധാരാളം ഗുണമേന്മ നൽകും. എന്നാൽ നിഷേധാത്മകമായവയെ തള്ളിക്കളയുകയും വേണം.

നമ്മുടെ പെരുമാറ്റം നമ്മുടെ വിലപ്പെട്ട ജീവൻ തന്നെ തിരിച്ചുകിട്ടാനും അനുഗ്രഹമാകും ഈയടുത്ത് വായിച്ച ഒരു സംഭവം ഓർക്കുന്നു.

ഒരു ശീതികരണ കമ്പിനിയിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന ഒരു ഉദ്യോഗസ്ഥയാണ് നായിക. ഒരു ദിവസം വൈകുന്നേരം അവർ അടുത്ത ദിവസം വിതരണം ചെയ്യേണ്ട ഭക്ഷ്യവസ്തുക്കൾ പരിശോധിക്കാൻ ശീതികരണമുറിയിലേക്കു കയറി. ആ മുറിയുടെ വാതിലിന് ഒരു പ്രത്യേകതയുണ്ട് പുറത്തുനിന്നേ തുറക്കാൻ പറ്റൂ. കഷ്ടകാലത്തിന് ഇവർ കയറിയതും ആ വാതിൽ ശക്തമായ കാറ്റിനാൽ അടഞ്ഞു പോയി. ഒരു നിവൃത്തിയുമില്ല. ആ മുറിയിൽ മരണം മുന്നിൽ കണ്ട് തണുത്ത് വിറങ്ങലിച്ച് ആ പാവം വനിത കഴിഞ്ഞു ഏതാനും സമയം.

ആ സമയത്ത് മറ്റു ഓഫീസ്പ്രവർത്തകർ മിക്കവാറും പോയിക്കഴിഞ്ഞു. അവർ ഗത്യന്തരമില്ലാത്ത അവസ്ഥയിലായി. പെട്ടെന്ന് ആ കമ്പനി വാച്ച്മാൻ വാതിൽ തുറക്കുകയും അവർ രക്ഷപ്പെടുകയും ചെയ്തു. അവർ അത്ഭുതസ്തബ്ധയായി ചോദിച്ചു "താങ്കൾ എങ്ങനെ മനസ്സിലാക്കി ഞാൻ ഇതിലുണ്ടെന്ന്" അയാൾ പറഞ്ഞ മറുപടി അവരെ രോമാഞ്ചം കൊള്ളിച്ചു "എന്നും രാവിലെ വരുമ്പോൾ ഗുഡ്മോണിങ്ങ് പറയുകയും, വൈകുന്നേരം പോകുമ്പോൾ ഗുഡ്നൈറ്റ് ആശംസിക്കുകയും ചെയ്യാറുള്ളത് മാഡം മാത്രമാണ്. അതുകൊണ്ട് ഞാൻ മാഡം പോയിട്ടില്ലയെന്നു ധരിച്ചു. അങ്ങനെ വന്നു നോക്കിയതാണ് "ആ നല്ല ശീലം" ആ സ്ത്രീക്ക് ജീവൻ തിരിച്ചുകിട്ടാനുള്ള വഴിയൊരുക്കി. മരിച്ചു പോകുമെന്ന് ആ മരവിപ്പിൽ ആധി പിടിച്ചു കഴിഞ്ഞ അവർക്ക് എത്ര ധന്യ നിമിഷമാണ് മുന്നിലുണ്ടായിരുന്നത്.

നമ്മുടെ സ്വാർത്ഥതയും, അഹന്തയും വെടിഞ്ഞ് മറ്റുള്ളവരെ സന്തോഷപ്പെടുത്താനും, സഹായിക്കാനുമായാൽ നമ്മെ രക്ഷിക്കാൻ ഇതുപോലെ ദൈവദൂതന്മാർ എത്തുമെന്ന് പറയാതെ വയ്യ. വളരെ ചെറിയ കാര്യമാണെങ്കിലും ആ സെക്യൂരിറ്റിക്കാരന് അവരെ തിരക്കിയന്വേഷിച്ച് രക്ഷപ്പെടുത്താൻ അത് സഹായിച്ചു. ഇത് നമുക്കും പാലിക്കാനും, സമാധാനവും, സന്തോഷവും സഹജീവികൾക്ക് നൽകാനും കഴിയട്ടെ. സമൂഹ ജീവിയായ മനുഷ്യന് വ്യക്തിബന്ധങ്ങൾ അത്യന്താപേക്ഷിതമാണ്. ■

എരിയും കഠിനാതപം നര-
ക്കുരുതാപത്തെയണയ്ക്കുമെങ്കിലും
അതിശീതള വർഷധാരകൾ-
ക്കതുതാൻ കാരണമായിടുന്നിതേ.

**പുതുപ്പള്ളി പി. കെ. പണിക്കർ**

എരിയുന്ന കഠിനമായ വെയിൽ (വേനൽ) മനുഷ്യർക്ക് വളരെ ദുഃഖം ഉണ്ടാക്കുമെങ്കിലും അതു തന്നെയാണ് ശീതളമായ വർഷധാരകൾക്കു കാരണമാകുന്നത് .

നമ്മുടെ കഷ്ടപ്പാടുകൾക്ക് ഇതുപോലെ പ്രയോജനകരമായ ഒരു വശവും ഉണ്ടാകാം

# നിശീഥിനിയിലെ മിന്നാമിനുങ്ങ്

പത്മജ മേനോൻ – 8289887472

സന്ധ്യാഭൈരവി മുഴക്കി വന്നിരുന്ന തൃസന്ധ്യക്ക് രക്തവർണ്ണമായിരുന്നു. ദിനരാത്രങ്ങൾ കടന്നുപോകുന്നത് എത്ര വേഗത്തിലാണ്. അവൾ തിടുക്കത്തിൽ കാവിൽ വിളക്ക് വെയ്ക്കുവാനായി താലത്തിൽ കത്തിച്ച ചിരാതുകൾ എടുത്ത് പറമ്പിലേക്ക് നടന്നു. ഇനി നാലു ദിവസം മാത്രം അത് കഴിഞ്ഞാൽ താൻ ഇവിടെ നിന്ന് പോകും.... കാവിൽ കത്തിച്ച ചിരാതുകൾ വെച്ച് അവൾ തൊഴുതു, നാഗൻമ്മാരെ ഞാൻ പോവ്വാ... ട്ടോ ഇനി നിങ്ങൾക്ക് വിളക്ക് വെയ്ക്കാൻ ഞാൻ ഉണ്ടാവില്ല... എന്റെ കല്യാണമാണ്. എന്നാലും പറ്റുമ്പോഴെല്ലാം ഞാൻ ഓടിവരും എന്നെ കാത്തോളണമേ എന്റെ നാഗയക്ഷി... വേനൽചൂടിന്റെ ആധിക്യത്താൽ കരിയിലകൾ എല്ലാം വീണ് കിടക്കുന്നു. നിബിഡവനം പോലെ തോന്നിപ്പിക്കുന്ന പറമ്പിൽ എല്ലാവിധ വൃക്ഷങ്ങളും തിങ്ങി നിൽക്കുന്നുണ്ട്, പകൽ നേരത്ത്പോലും ഇവിടെ ഇരുട്ട്പോലെ തോന്നിപ്പിക്കും. പടിഞ്ഞാറിൽനിന്ന് ഒഴുകിയെത്തിയ വരണ്ട കാറ്റിൽ കരിയിലകൾ ശബ്ദം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു...

ആരാ അവിടെ.... ദേവനന്ദയാണോ...? മതി...മതി വരൂ കുട്ടിയെ.. ചൂടുകാലമല്ലേ കുട്ടികൾ നേരത്തെ പുറത്തിറങ്ങി തുടങ്ങും.... നാഗത്തമ്മ വിളിച്ച് പറയുന്നുണ്ട്. കഴിഞ്ഞു എന്റെ നാഗത്തമ്മേ എന്ന് പറഞ്ഞുകൊണ്ട് അവൾ നാഗത്തമ്മ താമസിക്കുന്ന കെട്ടിടത്തിലേക്ക് കയറിചെന്നു. നാഗത്തമ്മ ചിരിച്ചുകൊണ്ട് പറഞ്ഞു എന്റെ ദേവൂന് നല്ലതെ വരൂ എന്നും വിളക്കുവെച്ച് തൊഴുന്ന നിന്നെ സർപ്പങ്ങള് അനുഗ്രഹിക്കും തീർച്ചയാണ്. എന്നാലും എന്റെ നാഗത്തമ്മേ എന്തോ ഒരു വിഷമം പോലെ നിങ്ങളെയൊക്കെ വിട്ടുപോകുവാൻ. സാരമില്ല കുറച്ച് കഴിയുമ്പോൾ വിഷമമെല്ലാം മാറും. സമയം ഇരുട്ടി വേഗം വീട്ടിലേക്ക് നടന്നോളു.

വിവാഹം വളരെ മംഗളമായിത്തന്നെ നടന്നു. ചെറുക്കന്റെ വീട്ടുകാർ വല്യ പണക്കാരാണ്. ഗോപാലപ്പണിക്കർ കൊണ്ടുവന്ന ആലോചനയാണ്. തന്നെ അവർക്ക് ഇഷ്ടപ്പെട്ടതുകൊണ്ടാണ് ഈ വിവാഹം നടന്നത്. പണത്തിന്റെ അന്തരം അത്രക്ക് ഉണ്ട്. തന്റെ കൂട്ടുകാരികൾ എല്ലാം അത്ഭുതപ്പെട്ടു.... ആരെയും ആകർഷിക്കുന്ന സൗന്ദര്യം സിദ്ധാർത്ഥിന് ഉണ്ടായിരുന്നു. മാത്രമല്ല “ഡിസ്കവറി” കാറിൽ വന്ന സിദ്ധാർത്ഥ് ശരിക്കും ഒരു ഹീറോ ആയി, ഞങ്ങളുടെ നാട്ടിൽ ആദ്യമായിട്ടാണ് ഇതുപോലുള്ള കാറുകൾ കാണുന്നത് തന്നെ. താൻ സ്വപ്നത്തിൽപ്പോലും കാണാത്തവിധമായിരുന്നു അദ്ദേഹത്തിന്റെ വീട്. എന്റെ നാഗമ്മാരെ കത്തോളണമേ എന്ന് അവൾ മനസ്സിൽ പറഞ്ഞു കൊണ്ടിരുന്നു. മണിയറ വളരെ ഭംഗിയായി ഒരുക്കിയിട്ടുണ്ട്. അവിടേക്കു കടന്നുവന്ന സിദ്ധാർത്ഥ് പറഞ്ഞു പരിചയപ്പെടാൻ കഴിഞ്ഞില്ല അതുകൊണ്ട് തന്നെ ഒന്നും പറയാനും കഴിഞ്ഞില്ല. ഈ ലോകത്ത് ഞാൻ ഏറ്റവും അധികം ഇഷ്ടപ്പെടുന്നത് എന്റെ അമ്മയെയാണ്, അമ്മ ഇനികൂടിയാൽ ഒരു വർഷം മാത്രമേ ജീവിക്കു അമ്മയുടെ ആഗ്രഹമാണ് എന്റെ വിവാഹം. എങ്ങനെ പറയണമെന്ന് എനിക്കറിയില്ല പക്ഷെ പറയാതിരിക്കാൻ കഴിയില്ലല്ലോ... ദേവനന്ദ ശ്രദ്ധിച്ച് കേൾക്കണം തെറ്റ് ആണെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് ഞാൻ ഈ തെറ്റ് ചെയ്തത്. പുറമേക്ക് ഒന്നും തോന്നുന്നില്ലെങ്കിലും അമ്മ ഓരോ നിമിഷവും മരിച്ചുകൊണ്ടൊരിക്കുകയാണ്. അമ്മയെ വിഷമിപ്പിക്കാതിരിക്കുവാനാണ് ഞാൻ ഈ സാഹസം ചെയ്തത്. ദേവനന്ദക്ക് എന്തും എന്നോട് ആവശ്യപ്പെടാം എന്തിനും ഞാൻ തയ്യാറാണ് എനിക്ക് ഒരിക്കലും ദേവനന്ദയെ ഭാര്യയായി

കാണാൻ കഴിയില്ല കാരണം ഞാൻ വിവാഹിതനാണ് മാത്രമല്ല ഒരു കുട്ടിയുടെ അച്ഛനും. അത് കേട്ട ദേവനന്ദ വീഴാതിരിക്കാൻ ജനൽ കമ്പിയിൽ മുറുകെ പിടിച്ചു. റിലാക്സ് എന്ന് പറഞ്ഞ് സിദ്ധാർത്ഥ് തന്നെ കട്ടിലിൽ കൊണ്ടു പോയി ഇരുത്തി. ജഗ്ഗിൽ നിന്നും വെള്ളം എടുത്ത് തനിക്ക് തന്നു. ആർത്തിയോടെ താനത് കുടിച്ചു. കരയുവാനോ പൊട്ടിത്തെറിക്കുവാനോ തനിക്ക് കഴിഞ്ഞില്ല ഒരു തരം മരവിപ്പായിരുന്നു മനസ്സ് നിറയെ സിദ്ധാർത്ഥ് പറഞ്ഞു തുടങ്ങി താൻ നിർവികാരതയോടെ കേട്ടുകൊണ്ടിരുന്നു. അമ്മയെ ഇത്രമാത്രം ഇഷ്ടപ്പെടുന്ന ഞാനെന്തിനാണ് അമ്മ അറിയാതെ വിവാഹം ചെയ്തത് എന്നല്ലേ അതും ഒരു നിയോഗമായിരുന്നു. ഞാനും വിവേകും ഉറ്റ സുഹൃത്തുക്കളായിരുന്നു എന്തിനും ഞങ്ങൾ ഒന്നിച്ചായിരിക്കും. അവൻ ഒരു പാഴ്സി പെൺകുട്ടിയുമായി സ്നേഹ ബന്ധത്തിലായിരുന്നു. ഒടുവിൽ അനാഥയായ അവളെ അവൻ വിവാഹം ചെയ്തു. 'റീത്ത' അതായിരുന്നു അവളുടെ പേര് സ്വപ്നതുല്യമായ അവരുടെ ദാമ്പത്യജീവിതം ആരും കൊതിക്കുന്നതായിരുന്നു. ഒരു ദിവസം പിക്നിക്കിന് പോയ അവർക്ക് ഒരു ആക്സിഡന്റ് ആയി ഗുരുതരമായ പരിക്കേറ്റ അവൻ താമസിയാതെ ഞങ്ങളോട് വിടപറഞ്ഞു. മരിക്കുമെന്ന് അവന് അറിയാമായിരുന്നു. മരിക്കുന്നതിനു മുൻപ് അവൻ എന്റെ കൈയ്യിൽ പിടിച്ച് പറഞ്ഞിരുന്നു. നീ എന്റെ പാഴ്സി പെൺകുട്ടിയെ കൈവിടരുത്, അവൾക്ക് ആരും ഇല്ല നീ അവളെ വിവാഹം ചെയ്യണമെന്ന് അതായിരുന്നു അവൻ അവസാനം പറഞ്ഞ വാചകങ്ങൾ പിന്നീട് അവൻ ഉണർന്നില്ല... അവന്റെ ആഗ്രഹപ്രകാരം ഞാൻ റീത്തയെ വിവാഹം ചെയ്തു. വിവേകിന് അറിയില്ലായിരുന്നു ഒരു കൊച്ചു വിവേക് റീത്തയുടെ ഉദരത്തിൽ വളരുന്നുണ്ടെന്ന്. പിന്നെ റീത്തയെ പരിപാലിക്കലായിരുന്നു തന്റെ പ്രധാന ജോലി. ഇപ്പോൾ റീത്ത പ്രസവിച്ചു മോന് ഒൻപതുമാസമായി. ജർമ്മനിയിലാണെങ്കിലും മുന്ന് മാസം കൂടുമ്പോൾ ഞാൻ അമ്മയെ കാണാൻ വരും. ലോകം മുഴുവനും ചുറ്റിക്കറങ്ങുന്ന ഒരു ജോലിയാണ് എനിക്ക്. അമ്മയുടെ അവസാനത്തെ ആഗ്രഹം സാധിച്ചുകൊടുത്തപ്പോൾ അതിനു ബലിയാട് ആയത് ദേവനന്ദയാണെന്നറിയാം ക്ഷമിക്കണം, മാപ്പ് ഈ വാക്കുകൾക്ക് ഒന്നും പ്രസക്തിയില്ല. ദേവനന്ദ എന്നെ ഒന്ന് മനസ്സിലാക്കണം... അമ്മയുടെ മരണം വരെ ഒരു കരാർ ഭാര്യാഭർത്താക്കൻമ്മാരായി, അഭിനയിക്കാം അത് കഴിഞ്ഞാൽ ഈ വീടും അമ്മയുടെ സ്വത്തുക്കളെല്ലാം ദേവനന്ദക്കുള്ളതാണ്. അല്ലെങ്കിൽ മറിച്ചാണ് തീരുമാനമെങ്കിൽ അതുമാകാം... എനിക്ക് നിർബന്ധിക്കാൻ കഴിയില്ലല്ലോ... പക്ഷേ ഒരു കാര്യം ഓർക്കണം എനിക്ക് വേണമെങ്കിൽ എല്ലാം മറച്ചുവെയ്ക്കാമായിരുന്നു ഞാനത് ചെയ്യാതെയിരുന്നത് ആരെയും പറ്റിക്കണമെന്ന് ഞാൻ ആഗ്രഹിക്കാത്തതുകൊണ്ടാണ്. കരാർ അവസാനിച്ചാൽ ദേവനന്ദക്ക് ആരെ വേണമെങ്കിലും വിവാഹം ചെയ്യാം. നന്നായി ആലോചിക്കു, കിടന്നുകൊള്ളു ഞാൻ അടുത്തമുറിയിൽ കിടന്നോളാം എന്ന് പറഞ്ഞ് സിദ്ധാർത്ഥ് ഇറങ്ങിപ്പോയി..

അവൾ എഴുന്നേറ്റ് ജനാലക്കരികിൽ പോയിനിന്നു. പാതി മറഞ്ഞ ചന്ദ്രൻ, മിന്നാമിന്നിക്കൂട്ടങ്ങൾ അവിടമാകെ പറന്നു നടക്കുന്നുണ്ട്... അവൾ ഓർത്തു തന്റെ സ്വപ്നങ്ങൾ എല്ലാം തറയിൽ വീണ സ്ഫടിക പാത്രംപോലെ പൊട്ടിച്ചിതറിയിരിക്കുന്നു. കല്യാണം കൂടാൻ വന്നെത്തിയവർ എല്ലാവരും പറഞ്ഞിരുന്നു. എന്തൊരു പൊരുത്തം, ഉമാമഹേശ്വരന്മാരെപ്പോലെ, നളദമയന്തിയെപ്പോലെ, സൗന്ദര്യവും, ഭാഗ്യവും നിനക്ക് ദൈവം ഒന്നിച്ച് നൽകിയെന്ന് കൂട്ടുകാരികൾ ചെവിയിൽ വന്നു പറഞ്ഞു, കോളേജിൽ പഠിക്കുമ്പോൾ എത്ര പേരാണ് തന്നെ പ്രണയിക്കാൻ വന്നത് നാലു പെൺമക്കളിൽ മൂത്ത ആളായ താൻ വഴിതെറ്റിയാൽ കുടുംബത്തിന് നാണക്കേടാകും എന്ന് വിശ്വസിച്ചിരുന്നു. ചിലപ്പോൾ അവരുടെയെല്ലാം ശാപമായിരിക്കുമോ...തനിക്കു ഇങ്ങനെയൊരു ദുർവിധി വന്നത് കണ്ണുകൾ ഈറനണിയുവാൻ തുടങ്ങി. നാളെ

→

തന്നെ തിരിച്ചു പോയാലോ.. അച്ഛന്റെ മുഖമാണ് മനസ്സിൽ ഓടിയെത്തിയത് അച്ഛൻ ഇത്രയധികം സന്തോഷിച്ചു താൻ കണ്ടിട്ടില്ല . അനിയത്തിമാരുടെ വിവാഹത്തിന് വേണ്ട സഹായങ്ങൾ ചെയ്യാമെന്ന് സിദ്ധാർത്ഥിന്റെ അമ്മ അച്ഛന് ഉറപ്പ് കൊടുത്തിട്ടുണ്ട്. ആ ആശ്വാസത്തിലാണ് അച്ഛൻ താൻ തിരികെ ചെന്നാൽ ഹൃദ്രോഗിയായ അച്ഛന് എന്തും സംഭവിക്കാം.. ഇവിടുത്തെ അമ്മയുടെ കാര്യവും അങ്ങനെ തന്നെ. താൻ വലിയൊരു കുരുക്കിലാണ് വീണിരിക്കുന്നത്. അവൾ തന്റെ തല ജനൽ കമ്പിയിൽ ആഞ്ഞ് ഇടിച്ചു. നാഗത്താൻമ്മാരെ എനിക്ക് എന്തിനാ ഇങ്ങനെയൊരു ജീവിതം നൽകിയത്. അവൾ തേങ്ങി കരഞ്ഞുകൊണ്ട്, എന്ത് ചെയ്യണമെന്നറിയാതെ, ആരോടും പറയുവാൻ കഴിയാതെ, പൂക്കളാൽ അലങ്കരിച്ച കട്ടിലിൽ വീണു..

പിറ്റേന്ന് എഴുന്നേറ്റ് കുളിച്ച് ചുവട്ടിലേക്ക് ഇറങ്ങി ചെന്നപ്പോൾ അമ്മയും ജോലിക്കാരി 'ജാനു'വും കൂടി പച്ചക്കറികൾ അരിയുന്നു. തന്നെ കണ്ടതും അമ്മ എഴുന്നേറ്റ് വന്ന് രണ്ടു താക്കോൽ കൂട്ടങ്ങൾ തന്നെ ഏൽപ്പിച്ചു മോൾക്കുള്ള വസ്ത്രങ്ങളും, ആഭരണവും ഉള്ള അലമാരയുടെ താക്കോലാണ് ഇഷ്ടമുള്ളത് എടുത്ത് ധരിച്ചോളൂ എന്ന് പറഞ്ഞ് അമ്മ തന്റെ നെറുകയിൽ ഉമ്മ വെച്ചു. താൻ കരയണമോ, ചിരിക്കണമോ... എന്നറിയാതെ നിശ്ചലം നിന്നു. ഒടുവിൽ വിധിയുമായി പൊരുത്തപ്പെടുവാൻ തന്നെ താൻ തീരുമാനിച്ചു. താൻ കാരണം മറ്റുള്ളവരുടെ സൗഭാഗ്യങ്ങളൊന്നും നഷ്ടപ്പെടണ്ട. എല്ലാവരും സന്തോഷിക്കട്ടെ ... ഒന്ന് പൊട്ടിക്കരയുവാൻ പോലും കഴിയാതെ അവൾ ശ്വാസം മുട്ടി. കുറച്ചു കഴിഞ്ഞപ്പോൾ സിദ്ധാർത്ഥ് ഇറങ്ങി വന്നു. അമ്മ പറഞ്ഞു ദേവനന്ദയുടെ മുഖത്ത് ഒരു മ്ലാനത സ്വന്തം വീട് വിട്ടുവന്നതിന്റെതായിരിക്കും. കുറച്ച് കഴിയുമ്പോൾ നിനക്ക് ഇവിടം വിട്ട്പോകാൻ തോന്നില്ലാ... എന്ന് പറഞ്ഞ് അമ്മ തന്റെ കവിളിൽ നുള്ളി. നമ്മൾക്ക് പറമ്പിലൂടെ നടക്കാം എന്ന് പറഞ്ഞ് സിദ്ധാർത്ഥ് തന്നെയും കൊണ്ട് പുറത്തേക്ക് ഇറങ്ങി, ദേവനന്ദ എന്ത് തീരുമാനിച്ചു എന്ന് ചോദിച്ചപ്പോൾ ഞാൻ തോൽക്കാൻ തീരുമാനിച്ചു, ജയിച്ചിട്ട് മറ്റുള്ളവർക്ക് വേദനയുണ്ടാക്കണ്ടല്ലോ... ഒരു പെണ്ണിന്റെ സ്വപ്നങ്ങളാണ് നിങ്ങൾ പിച്ചിചിന്തിയിരിക്കുന്നത്. എന്റെ മാനസികാവസ്ഥ അത് നിങ്ങൾക്ക് മനസ്സിലാവില്ല, വിവാഹത്തിന് മുമ്പ് ഒരു വാക്ക് എന്നോട് പറയാമായിരുന്നു. അതായിരുന്നു മാന്യത... എന്തെല്ലാം ന്യായീകരണങ്ങൾ നിർത്തിയാലും തെറ്റ് തെറ്റല്ലാതെ ആവുന്നില്ല. ശരിയാണ് സിദ്ധാർത്ഥ് പറഞ്ഞു. ഞാൻ ലീവിൽ വന്നപ്പോഴാണ് അമ്മ കല്യാണം ഉറപ്പിച്ച വിവരം പറഞ്ഞത് നിന്നെ കാണാൻ വരുമ്പോൾ എനിക്ക് ആക്സിഡന്റ് ആയി കാലിൽ പ്ലാസ്റ്റർ ഇടേണ്ടിവന്നത് നിനക്ക് അറിയാമല്ലോ പിന്നെ നിന്നെ ഫോണിൽ ബന്ധപ്പെടാൻ പലവട്ടം ശ്രമിച്ചു ഫോൺ ചെയ്യുമ്പോഴെല്ലാം ഓടിവന്ന് എടുക്കുന്നത് നിന്റെ കൊച്ചനുജത്തി പൂർണ്ണിമയായിരുന്നു. ആ കുട്ടി ആരുടെയോ കോൾ പ്രതീക്ഷിക്കുന്നതുപോലെ .. ഞാൻ പറഞ്ഞു എനിക്ക് ദേവനന്ദയോട് സംസാരിക്കണം എന്ന് പറഞ്ഞപ്പോൾ ചേച്ചി നാഗത്തമ്മയുടെ അടുത്താണ് എന്ന് പറഞ്ഞു ആരാ എന്ന് ചോദിച്ചുകൊണ്ട് നിന്റെ അമ്മയാണ് ഫോൺ വാങ്ങിയത് ഞാൻ വീണ്ടും ദേവനന്ദയോട് സംസാരിക്കണം എന്ന് പറഞ്ഞപ്പോൾ, മോൻ പറഞ്ഞുകൊള്ളൂ അവർ വളരെ ഭയപ്പെട്ടിരുന്നു, എന്താ വിശേഷം എന്ന് ചോദിച്ചു, ദേവനന്ദയോട് സംസാരിക്കണം എന്ന് പറഞ്ഞപ്പോൾ അത്രയെയുള്ളൂ നാളെ കല്യാണമായില്ലേ പിന്നെ സംസാരം തന്നെയല്ലേ. അവൾ നാഗത്തമ്മയുടെ അടുത്താണ് എന്ന് പറഞ്ഞു. അങ്ങനെ തുറന്നു പറയുവാൻ ഒരവസരവും കിട്ടിയില്ല. ഇപ്പോൾ ഈ നിമിഷം ദേവനന്ദക്ക് തിരിച്ചുപോകാം... ഇല്ല ഞാൻ കാരണം ആർക്കും ഒരു വിഷമവും ഉണ്ടാവരുത്, അച്ഛന്റെയും അമ്മയുടെയും മുന്നിൽ, അനുജത്തിമ്മാരുടെ മുന്നിൽ, അവരുടെ കണ്ണീരിൽ, അവരുടെ വാശിയിൽ എന്നും ഞാനാണ് തോറ്റു കൊടുക്കാറ് ഇപ്പോൾ നിങ്ങളുടെ മുന്നിലും, തോൽവി

→

എന്നും ഒരു നിഴൽപോലെ എന്നോടൊപ്പമാണ്....

അമ്മ നീട്ടി വിളിക്കുന്നു മക്കളെ ഭക്ഷണം കഴിക്കുവാൻ വരു എന്ന് പറഞ്ഞ്.. ഞങ്ങൾ വീടിനകത്തേക്ക് കയറിപ്പോയി. അമ്മ കണ്ടുപിടിച്ച പെണ്ണിനെ മോന് ഇഷ്ടമായോ എന്ന് ചോദിച്ചപ്പോൾ ഇഷ്ടമല്ല.. എന്റെ ഭാഗ്യമാണ് എന്ന് പറയുമ്പോൾ സിദ്ധാർത്ഥിന്റെ കണ്ണുകൾ പൊട്ടി ഒഴുകുവാൻ വെമ്പുന്ന തടാകങ്ങളെ പോലെയായിരുന്നു. എന്തുകൊണ്ടെന്നറിയില്ല തന്റെ കണ്ണുകളും ഈറനണിഞ്ഞിരുന്നു.

വികാരങ്ങളെ നിയന്ത്രിച്ചുകൊണ്ട് നിഷ്കർമ്മയായി... അങ്ങനെ ദിനങ്ങൾ കൊഴിഞ്ഞു വീണുകൊണ്ടിരുന്നു. ഒടുവിൽ സിദ്ധാർത്ഥിന് പോകുവാനുള്ള ദിവസം എത്തി അമ്മ പറഞ്ഞു ഇനി നീ ഇടക്കിടെ വരണം വരുമെന്നറിയാം ഒരു കുഞ്ഞ് അതിനെ കണ്ടിട്ടുവേണം എനിക്ക് മരിക്കാൻ എന്ന് പറഞ്ഞു 'അമ്മ സിദ്ധാർത്ഥിന്റെ തലയിൽ കൈവെച്ച് അനുഗ്രഹിച്ചു.

സിദ്ധാർത്ഥ് പോയിക്കഴിഞ്ഞപ്പോൾ അവൾ ഓർത്തത് മുഴുവനും അയാളെ പറ്റിയായിരുന്നു. സിദ്ധാർത്ഥിന്റെ ഭാഗത്തുനിന്ന് ചിന്തിക്കുമ്പോൾ അയാളുടെ മാനസികാവസ്ഥ, കൂട്ടുകാരന്റെ ഭാര്യയെ വിവാഹം ചെയ്തെങ്കിലും അവളെ ഭാര്യയായി കാണാൻ കഴിഞ്ഞിട്ടില്ല എന്നാണ് പറഞ്ഞത്. വിവേകിന്റെ മുഖം മനസ്സിൽ നിൽക്കുമ്പോൾ റീത്തയെ മറ്റൊരു തരത്തിൽ കാണാൻ കഴിയുന്നില്ല... ഇവിടെ അമ്മയുടെ ഇഷ്ടപ്രകാരം വിവാഹം ചെയ്ത പെണ്ണിനെ ഭാര്യയായി കാണാൻ പറ്റില്ല, റീത്ത ഭാര്യയുടെ പദവിയിൽ നിൽക്കുന്നത്കൊണ്ട്, എന്ത് മാത്രം മാനസിക പിരിമുറുക്കം ആയിരിക്കും സിദ്ധാർത്ഥ് അനുഭവിക്കുന്നത്...പാവം അവൾക്ക് സിദ്ധാർത്ഥിനോട് ഒരു ഇഷ്ടം തോന്നിത്തുടങ്ങി.

(തുടരും.....)


**1st Death Anniversary**

**(20-02-2025)**

*In the loving memory of*

**C. KRISHNA MOHAN (Ex. HMT)**



**8A, Diamond Towers,**
**Perumanoor, Cochin - 682015**

*You continue to live in our hearts*

Dr. P. Malathy (Wife)
Sunayana Sajeesh (Daughter)
Sajeesh Vijayan (Son in law)

**25-ാം ചരമവാർഷികം**

**22. 02. 2025**



**ഉപ്പത്ത് മീനാക്ഷിയമ്മ**

**രവിപുരം, കൊച്ചി - 682016**

**സന്തപ്ത കുടുംബാംഗങ്ങൾ**

# കേരളത്തിന്റെ ശാക്തേയ പാരമ്പര്യം.10

എം.ആർ.എസ് മേനോൻ - 9037126220

(തുടർച്ച.....)

കേരളത്തിന്റെ പതിമൂന്ന് ശാക്തേയ കാവുകളിൽ മാടായിക്കാവ്, മന്നംപുറത്ത് കാവ്, മാമാനിക്കുന്ന്, കളരി വാതുക്കൽ എന്നിവയെപ്പറ്റി നാം മുൻ ലക്കങ്ങളിൽ കണ്ട് കഴിഞ്ഞു.

**കൊല്ലം പിഷാരികാവ് - കൊയിലാണ്ടി**

തിരുവിതാംകൂറിലെ കൊല്ലത്ത് വൈശ്യജാതിക്കാരായ ചില കുടുംബങ്ങൾ പരദേശത്ത് നിന്ന് വന്ന് താമസമാക്കി. അവരുടെ പ്രധാന തൊഴിൽ പട്ട് നെയ്ത്തും സ്വർണ്ണവ്യാപാരവുമായിരുന്നു. അവർ തങ്ങളുടെ തൊഴിൽ കൊണ്ട് സമ്പന്നരായിത്തീർന്നു. അവരിൽ ഒരാൾ ശ്രീ




കൊല്ലം പിഷാരികാവ്

പോർക്കലിയിൽ പോയി ഭഗവതിയെ താമസിച്ചു സേവിച്ചു. അയാളുടെ ഭക്തിയിൽ പ്രീതയായ ഭഗവതി ഉറക്കത്തിൽ പ്രത്യക്ഷപ്പെട്ട് ദേവി അദ്ദേഹത്തിൽ സംപ്രീതയായിരിക്കുന്നുവെന്നും നിന്റെ തലക്കൽ ഇരിക്കുന്ന നാന്ദകം വാളെടുത്ത് കൊണ്ട് മടങ്ങിപ്പോകണമെന്നും എന്റെ ഈ ആയുധം വച്ച് എന്നെ പൂജിച്ചാൽ എന്നും എന്റെ അനുഗ്രഹം ഉണ്ടാകുമെന്നും അറിയിച്ചു. അയാൾ കൊല്ലത്ത് മടങ്ങിയെത്തി ഒരു ക്ഷേത്രം പണിത് ദേവിയെ പ്രതിഷ്ഠിക്കുകയും പീഠത്തിൽ വാൾ കൂടി വച്ച് പൂജിക്കുകയും ചെയ്തു. ഈ വൈശ്യൻ ഒരു വിഷഹാരി കൂടിയായതിനാൽ ക്ഷേത്രത്തിന് വിഷഹാരിക്കാവ് എന്ന പേരും ലഭിച്ചു. ധാരാളം സമ്പത്തുണ്ടായ വൈശ്യന്മാർക്ക് ഭഗവതിയുടെ അനുഗ്രഹം കൂടി ലഭിച്ചതോടെ ഐശ്വര്യം വർദ്ധിച്ച് വന്നു. ക്രമേണ അവരുടെ കച്ചവടം വിദേശങ്ങളിലേക്കും വ്യാപിച്ചതോടെ അവർ അഹങ്കാരികൾ ആയിത്തീർന്നു. രാജാവിന് നൽകേണ്ട നികുതി നൽകാതെ അവർ രാജാവിനെപ്പോലും ധിക്കരിച്ചു തുടങ്ങി. രാജാവുമായി കലഹമുണ്ടാക്കിയ മുഴുവൻ വൈശ്യരോടും ഉടൻ നാട് വിട്ട് പോകാൻ രാജാവ് ആവശ്യപ്പെട്ടു. അവർ പത്തേമാരികളിൽ പരമാവധി സമ്പത്തും ദേവിയെ ആവാഹിച്ച നാന്ദകം വാളുമായി വടക്കോട്ട് സഞ്ചരിച്ച് കൊയിലാണ്ടിക്ക് അടുത്തെത്തി ഇവിടെ പശുക്കളും പുലികളും വൈരം കൂടാതെ മേഞ്ഞ് നടക്കുന്നത് കണ്ട് അവിടം ഉത്തമമായ സ്ഥലമെന്ന് മനസ്സിലാക്കി അവിടെ താമസമാക്കി. കുറുമ്പനാട് രാജാവിൽ നിന്ന് താമസിക്കാനും ക്ഷേത്രം പണിയാനും ഉള്ള സ്ഥലം വില കൊടുത്ത് വാങ്ങുകയും ചെയ്തു. അവർ താമസിച്ചിരുന്ന സ്ഥലത്തിന് കൊല്ലം എന്ന പേർ നൽകി അവർ കൊണ്ടുവന്ന ദേവിയെ പ്രതിഷ്ഠിച്ചു. പ്രസിദ്ധ മന്ത്രവാദിയായ കാട്ടുമാടം നമ്പൂതിരിയാണ് പ്രതിഷ്ഠ നടത്തിയത്. ക്ഷേത്രത്തിന് ചുറ്റുമായി താമസമാക്കിയ എട്ട് വൈശ്യകുടുംബങ്ങളായിരുന്നു ഈ ക്ഷേത്രത്തിന്റെ ഉടമസ്ഥന്മാർ. അന്ന് അവർ കൊണ്ടുവന്ന നാന്ദകം വാൾ ഇന്നും ശ്രീകോവിലിൽ ഉണ്ട്. ആദ്യം പൂജനടത്തിയിരുന്നത് നമ്പൂതിരിമാരായിരുന്നെങ്കിലും പിന്നീട് പിടാരരിലെ ഒരു വിഭാഗമായ വട്ടോളി മൂസിനെ കൊണ്ട് മദ്യമാംസങ്ങളോടെയുള്ള ശാക്തേയ പൂജയാക്കി മാറ്റി. ഭട്ടാരികയുടെ കാവ് എന്നത് (ഭട്ടാരിക എന്നാൽ മഹാരാജ്ഞി) ഭട്ടാരിക പിടാരികയായി അത് ലോപിച്ച് പിഷാരികാവ് ആയി എന്നും ചി

ലർ അഭിപ്രായപ്പെടുന്നു. അവിടുത്തെ പൂജാരിമാർ ഭട്ടാരകന്മാർ ലോപിച്ച് പിടാരകർ ആയതാണത്രേ ?

മീനമാസത്തിൽ എട്ട് ദിവസത്തെ ഉത്സവം പതിവുണ്ട്. കൊടിയേറിയാൽ ഏഴും എട്ടും ദിവസങ്ങളിൽ എഴുന്നള്ളിക്കുന്നത് നാന്ദകം വാളാണ് ആ ദിവസങ്ങളിൽ ആന പിടിയായിരിക്കണം എന്നും നിർബന്ധമുണ്ട്. പതിനഞ്ചാനകളും വാദ്യമേളങ്ങളുമായാണ് വാൾ എഴുന്നള്ളിക്കുന്നത് തുടർന്ന് ഭഗവതി ഊരു ചുറ്റാൻ പോയി മടങ്ങി വന്ന് വാൾ ഇറക്കിയെഴുന്നള്ളിക്കുന്നത് വരെ മൂന്നൂറ്റാൻ, മണ്ണാൻ സമുദായക്കാർ ക്ഷേത്രത്തിന് കാവൽ നിൽക്കും. ഇറക്കിയെഴുന്നള്ളിച്ചാൽ അരിയും പയറും മാംസവും പാകം ചെയ്ത് വടക്ക് വശത്തുള്ള കോട്ടയിൽ ഭൂതങ്ങൾക്ക് ബലി നൽകും. ഇത് മറ്റുള്ളവർ കാണാൻ പാടില്ല എന്നാണ് വിശ്വാസം.

ടിപ്പു സുൽത്താൻ മലബാറിനെ ആക്രമിച്ച സമയത്ത് നിരവധി ക്ഷേത്രങ്ങൾ കൊള്ളയടിച്ചു. പക്ഷേ പിഷാരി കോവിലിൽ എത്തിയ ടിപ്പുവിന് ശാന്തിക്കാരൻ പ്രസാദം നൽകിയപ്പോൾ തനിക്ക് ദേവി പ്രസാദം നൽകിയാൽ മതി എന്ന് അഭിപ്രായപ്പെട്ടു. ഭഗവതി തന്നെ പ്രസാദമെടുത്ത് കയ്യിൽ ഇട്ട് കൊടുത്തു. പ്രസാദം വാങ്ങിയ ടിപ്പു ബോധം കെട്ട് വീണു. മൂന്നേമുക്കാൽ നാഴിക കഴിഞ്ഞപ്പോൾ ബോധം വീണ ടിപ്പുവിന് ദേവിയിൽ ഭക്തി ജനിക്കുകയും 342 രൂപ വീതം ദേവസ്വത്തിലേക്ക് നൽകാൻ ഉത്തരവാക്കുകയും അത് ടിപ്പുവിന്റെ രാജ്യം ബ്രിട്ടീഷ് ഗവ.ന്റെ അധീനതയിലായപ്പോൾ തുടരുകയും ചെയ്തു. ഇപ്പോഴും അത് തുടരുന്നുണ്ട്

**വളയനാർകാവ് – കോഴിക്കോട്**

കോഴിക്കോട് നഗരസമീപത്തുള്ള ഒരു ശാക്തേയ ഉപാസനാ കേന്ദ്രമാണ് ശ്രീ വളയനാർ കാവ്. കോഴിക്കോട്ടെ രാജാക്കന്മാർക്ക് തുടർച്ചയായി യുദ്ധത്തിൽ തോൽവി പറ്റിക്കൊണ്ടിരുന്നു. അദ്ദേഹം തിരുമാന്ധാംകുന്നിലമ്മയെ തപസ് ചെയ്യാൻ ആരംഭിച്ചു. നാൽപ്പത്തി ഒന്ന് ദിവസം കൊണ്ട് ദേവി പ്രത്യക്ഷയായി എന്തു വരമാണ് വേണ്ടതെന്ന് ചോദിച്ചു. അമ്മ എന്നോട് യുദ്ധം ചെയ്യരുത് എന്നോടൊപ്പം ഉണ്ടായിരിക്കണം ഈ രണ്ട് വരങ്ങളാണ് അദ്ദേഹം ചോദിച്ചത്. (കാരണം അമ്മയുടെ അനുഗ്രഹം കൊണ്ടാണ് വള്ളുവക്കോനാതിരിക്ക് വിജയം നേടാൻ കഴിഞ്ഞത് എന്നായിരുന്നു വിശ്വാസം) താൻ പിന്നാലെ വരാം തിരിഞ്ഞ് നോക്കരുത് എന്നായിരുന്നു അമ്മയുടെ വ്യവസ്ഥ. ഇത് സമ്മതിച്ച് രാജാവ് യാത്രയായി കോഴിക്കോട്ട് എത്താറായപ്പോൾ ചിലങ്കയുടെ ശബ്ദം കേൾക്കാതായപ്പോൾ രാജാവ് തിരിഞ്ഞ് നോക്കി. രാജാവ് വ്യവസ്ഥ ലംഘിച്ചത് കൊണ്ട് അമ്മ തിരിച്ച് പോകുകയാണെന്ന് പറഞ്ഞു. രാജാവ് ദേവിയുടെ കാൽക്കൽ വീണ് ക്ഷമ ചോദിച്ചു. അമ്മ തന്റെ കയ്യിലുള്ള വള മുകളിലേക്ക് എറിഞ്ഞു. ആ വള വന്ന് വീണ സ്ഥലമാണ് തിരുവളയനാർ കാവ്. അവിടെ ക്ഷേത്രം ഉണ്ടാക്കി പൂജാരിയേയും കഴകക്കാരേയും നിയമിച്ചു കാവലിനായ് നാൽപ്പൂര തറവാട്ടുകാരെ നിശ്ചയിച്ചു. പിന്നീടാണ് ദേവിക്ക് ശാക്തേയ കർമ്മം നിശ്ചയിച്ചതും പൂജ വട്ടോളി മൂസതിനെ (പിടാരർമാരിലെ ഒരു വിഭാഗം ) ഏൽപ്പിച്ചതും. സാമൂതിരി രാജാവിന്റെ പരദേവതയാണ് വളയനാട് ക്ഷേത്രം ദേവിക്ക് അമ്പതും അറുപതും പവൻ തങ്ക ആഭരണങ്ങൾ ചാർത്തിയ ശേഷമാണ് സാമൂതിരി പട്ടത്താനം ഏറ്റെടുക്കുന്നത്. പിന്നീട് വാസ്കോഡിഗാമ കോഴിക്കോട് വന്നപ്പോൾ സാമൂതിരിക്ക് നൽകിയ വൈരക്കല്ലും, ഒരു കപ്പൽ മുങ്ങാൻ സമയം രാജാവ് നടക്കുവച്ച തന്റെ കുഞ്ഞിന്റെ തൂക്കമുള്ള സ്വർണ്ണക്കപ്പലും ദേവിക്ക് സമർപ്പിച്ചതും ഉൾപ്പെടെ വില പിടിച്ച ആഭരണങ്ങൾ ഇവിടെയുണ്ടന്നറിഞ്ഞ് ടിപ്പു


വളയനാർകാവ്

സുൽത്താൻ ശിവക്ഷേത്രവും, പാർത്ഥസാരഥി ക്ഷേത്രവും തകർത്ത് വളയനാട് എത്തിയപ്പോൾ പരാജിതനായി മടങ്ങിപ്പോയി എന്നാണ് വിശ്വാസം.

ഇന്നും ക്ഷേത്രത്തിലെ ശ്രീകോവിലിൽ ദേവിയുടെ വള ഇരിപ്പുണ്ട്. ഇതാണ് ഈ ക്ഷേത്രത്തിന്റെ ശക്തിക്ക് കാരണം എന്ന് കരുതപ്പെടുന്നു. ശാക്തേയ പൂജയാണ് നിത്യേന നടക്കുന്നതെങ്കിലും ഉത്സവക്കാലത്ത് ഉത്തമപൂജയും നടന്നു വരുന്നു.

**കളിയാംവള്ളിക്കാവ് – വടകര**

വടകരക്കടുത്ത് എടച്ചേരി കളിയാംവള്ളിക്കാവ് കുറ്റിപ്പുറം കോവിലകത്തിന്റെ കീഴിലെ ക്ഷേത്രമാണ്. ഇവിടെയും പൂജ പിടാടർമാർ ആണ്. കരിങ്കൽ പീഠത്തിൽ ദേവിയുടെ നാന്ദകം വാളിനാണ് ഇവിടെ പൂജ ചെയുന്നത്. ഈ സങ്കേതത്തിന് ആയിരം വർഷത്തെ പഴക്കം ഉണ്ടന്ന് കരുതപ്പെ



കളിയാംവള്ളിക്കാവ്

ടുന്നു. പണ്ട് ഈ ക്ഷേത്രത്തിനടുത്ത വെങ്കല്ലൂർ രാവാരികളുടെ കച്ചവട കേന്ദ്രമായിരുന്നു. രാവാരി നായന്മാർ ഉത്തര കേരളത്തിലെ കച്ചവടം തൊഴിലാക്കിയ ഒരു സമുദായമാണ്. ഇപ്പോഴും ഈ സമുദായം പുതുപ്പണം ലോകനാർകാവ് തുടങ്ങിയ ഭാഗങ്ങളിൽ നിലനിൽക്കുന്നുണ്ട്. ഒരിക്കൽ വിശന്ന് വലഞ്ഞ ഒരാൾ പല വീടുകളിലും കയറിയിറങ്ങി നിരാശനായി കളിയാംവെള്ളിക്കാവിനടുത്ത ഒരു വീട്ടിൽ ഭിക്ഷക്കായി ചെന്നു. അവിടുത്തെ അമ്മ അയാളോട് രാമൻകുളങ്ങര ഇല്ലത്ത് പോയി 'തെക്കിനിയിലെ ഉരുളി'ചോദിക്കാൻ പറഞ്ഞു. ഉരുളിയിൽ അയാൾക്ക് ആവശ്യമുള്ള ചോറ് ഉണ്ടായിരുന്നു. നന്ദി രേഖപ്പടുത്തിയ ശേഷം ചെന്ന അയാളോട് കുറച്ച് കുരുമുളക് നൽകിയ ശേഷം അത് വെങ്കല്ലൂരിൽ എറിയാൻ ആ അമ്മ നിർദ്ദേശിച്ചു. അതോടെ രാവാരിമാരുടെ കുടുംബങ്ങൾ അന്യം നിന്ന് പോയത്രേ? പിന്നീട് അത് ചുടലപ്പറമ്പായി മാറി. ക്ഷേത്രവുമായി ബന്ധപ്പെട്ട രാമൻകുളങ്ങര, പിലാവില്ലം, മഠത്തിൽ ഇല്ലം എന്നി മൂന്ന് കുടംബങ്ങൾക്കാണ് പൗരോഹിത്യം. ചൊവ്വയും, വെള്ളിയും കോഴിയെ ഗുരുതി കൊടുക്കൽ ഇവിടെ പ്രധാനമായിരുന്നു. നവരാത്രിക്കാലത്ത് സാത്വിക പൂജയാണ് പതിവ്. പിതൃകർമ്മങ്ങൾക്കും ഈ ക്ഷേത്രം പ്രധാനമാണ് ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ക്ഷേത്രം നശിപ്പിക്കപ്പെട്ടു. വീണ്ടും ക്ഷേത്രത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ബഹുജനങ്ങളുടെ സഹകരണത്തോടെ നടന്നുവരുന്നു.

**തിരുവഞ്ചേരിക്കാവ് (ശ്രീവാഴുംചേരി ) കൂത്തുപറമ്പ്**

കൂത്തുപറമ്പ് കണ്ണൂർ റൂട്ടിൽ പുറക്കളത്തിനടുത്ത തിരുവഞ്ചേരിക്കാവ് 3500 വർഷത്തെ പഴക്കമുള്ള കാവാണെന്ന് കരുതുന്നു. വാൽക്കണ്ണാടിയാണ് പ്രതിഷ്ഠ. പല തവണ തകർച്ചയും നവീകരണവും കഴിഞ്ഞ ശേഷം ഇപ്പോൾ ജീർണ്ണാവസ്ഥയിലുള്ള ക്ഷേത്രം സംരക്ഷിച്ച് പോരുന്നത് വടക്കെയില്ലത്തെ പിടാടർമാരാണ്. ഓലമേഞ്ഞ കെട്ടിടം പുതുക്കിപ്പണിതിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ അപൂർവ്വമായ വട്ട ശ്രീകോവിലാണ് ഈ ക്ഷേത്രത്തിന്റേത്. ബ്രഹ്മാവിഷ്ണു മഹേശ്വരന്മാരുടെ തകർന്ന വിഗ്രഹങ്ങളും പു രാതന ശിലകളും ഇവിടെ കാണാം. ടിപ്പുവിന്റെ പടയോട്ടകാലത്താണ് ഈ വിഗ്രഹങ്ങൾ തകർക്കപ്പെട്ടത്. പഴശ്ശിരാജാവിന്റെ അധിനതയിലായിരുന്നു ക്ഷേത്രം വിപുലമായ ഭൂസ്വത്ത് ക്ഷേത്രത്തിന് ഉണ്ടായിരുന്നെങ്കിലും മുഴുവൻ സ്വത്തുക്കളും അന്യാധീനപ്പെട്ടു. ഏട്ട് കൈകളോട് കൂടിയ ഭദ്രകാളി രൂപമാണ് ഇവിടെ ഉണ്ടായിരുന്നത്. ഉച്ചനിവേദ്യത്തിന് കോഴി വെട്ടൽ പതിവുണ്ടയിരുന്നു. ആടിനെ ബലി കൊടുത്തിരുന്ന തറ ഇപ്പോഴും ഉണ്ട്. കൊടുങ്ങല്ലൂരിലേത് പോലെ വടക്കോട്ട് ഭദ്രകാളിയും കിഴക്കോട്ട് ശിവനുമായിരുന്നു ഇവി

ടുത്തെ പ്രതിഷ്ഠ. അഞ്ചടി ഉയരമുള്ള സപ്തമാതൃക്കളുടെ ഉടഞ്ഞ വിഗ്രഹങ്ങളാണ് ഇവിടെ കണ്ട് കിട്ടിയിരിക്കുന്നത്. ഇവിടെ കണ്ട് കിട്ടിയ പുരാതനമായ ഒരു ശൂലം നാന്ദകം വാളിനോടൊപ്പം ഇവിടെ പൂജിക്കപ്പെടുന്നു.



തിരുവഞ്ചേരിക്കാവ്


ക്ഷേത്രം പടയോട്ടത്തിൽ തകർന്നപ്പോൾ ഊരാളന്മാരായ നമ്പൂതിരിമാർക്ക് നാട് വിട്ടോടുമ്പോൾ വാൽക്കണ്ണാടി മാത്രമാണ് കയ്യിലുണ്ടായിരുന്നത് ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ കൃഷിക്കാർ കണ്ടെത്തിയപ്പോൾ പൂജ നടത്താൻ പിടാടർമാർ തയ്യാറായി. കാട്ടുമാടത്തിനാണ് തന്ത്രം

**കൊടിക്കുന്നത്ത് കാവ് – പട്ടാമ്പി**

പട്ടാമ്പിക്കടുത്ത പള്ളിപ്പുറത്താണ് കൊടിക്കുന്നത്ത് കാവ്. മൂവായിരം വർഷത്തെ പഴക്കമുള്ള ഈ ക്ഷേത്രം വള്ളുവക്കോനാതിരിയിൽ നിന്നാണ് സാമൂതിരിക്ക് ലഭിച്ചത്. മുമ്പ് ഇത് ശിവക്ഷേത്രമായിരുന്നെങ്കിലും 1600 വർഷം മുമ്പ് തൊണ്ണൂറ്റി ഒമ്പത് യാഗം കഴിച്ച മേഴത്തൂർ അഗ്നിഹോത്രി കാവേരിയിൽ നിന്ന് കൊണ്ട് വന്ന ചെമ്പു ശൂലം പ്രതിഷ്ഠിച്ചതോടെ ദേവിയുടെ സാന്നിദ്ധ്യം ഇവിടെയുണ്ടായി. കൊടുങ്ങല്ലൂരമ്മയുടെ അനുജത്തിയുമാണെന്നാണ് വിശ്വാസം രണ്ടിടത്തും പൂജ അടികളാണ്. കൊടിക്കുന്നിലെ ശൂലപൂജ ഉത്തമത്തിലും മധ്യമത്തിലുമാണ്. നമ്പൂതിരിമാരുടെ ഉത്തമ പുജ കഴിഞ്ഞാണ് അടികളുടെ മധ്യമ പൂജ. ഇളനീർ കുടത്തിന്റെ അടിചെത്തുന്ന പൂജ കള്ളുണ്ടാക്കുന്ന രീതിയായതിനാലാണ് മധ്യമപൂജയായത് . ദേവിയുടെ ചൈതന്യം ഗ്രാമമാകെ വ്യാപിച്ച് കിടക്കുന്നതിനാൽ ഇവിടെ മതിൽ ഇല്ല

എം.ടിക്ക് ഏറെ പ്രിയപ്പെട്ട ക്ഷേത്രമാണിത് ദൈവത്തിൽ വിശ്വാസമില്ലെങ്കിലും തനിക്ക് കൊടിക്കുന്നത്തമ്മയിൽ വിശ്വാസമുണ്ടെന്ന് എം.ടി. എപ്പോഴോ പറഞ്ഞതായി ഓർക്കുന്നു. പ്രസിദ്ധ സംസ്കൃത പണ്ഡിതനായ ശ്രീ കെ. പി. നാരായണ പിഷാരടിയുടെ ഭവനം ഈ ക്ഷേത്രത്തിന് സമീപമാണ്. ഈ ക്ഷേത്രത്തിലെ കഴകക്കാരായിരുന്നു ഇദ്ദേഹത്തിന്റെ കുടുംബം

തൊണ്ണൂറ്റി ഒമ്പത് യാഗം നടത്തിയ മേഴത്തൂർ അഗ്നിഹോത്രിയാണ് ഇവിടത്തെ ശൂലം പ്രതിഷ്ഠിച്ചതെന്ന് മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ? ഒരു ഉണ്ണിനമ്പുതിരിയെയാണ് ഇവിടെ പൂജ ചെയ്യാൻ ഏൽപ്പിച്ചിരുന്നത്. ശൂലം ഇളകുന്നതായി കണ്ട ഉണ്ണി നമ്പൂതിരി ഇളനീർക്കുടത്തിന്റെ അടിവെട്ടി അഭി ഷേകം ചെയ്തതിനാലാണ് ശൂലം ഉറച്ചതത്രേ? ഇളനീർക്കുടത്തിന്റെ അടി വെട്ടിയതിനാൽ കോപിഷ്ഠനായ അഗ്നിഹോത്രി പതിത്വം കൽപ്പിച്ച് ഉണ്ണി നമ്പൂതിരിയുടെ കുടുംബത്തെ അടികളാക്കിയെന്നും ഒരു കഥ പ്രചാരത്തിൽ ഉണ്ട്. ക്ഷേത്രത്തിൽ ചെമ്പ് ശൂലം പ്രതിഷ്ഠിക്കും മുമ്പായി ആദ്യം ഒരു



കൊടിക്കുന്നത്ത് കാവ്

കൊന്നപ്പു മരത്തറയിൽ വച്ചിരുന്നുവത്രെ? മൂലസ്ഥാനമായി ഈ കൊന്നമരത്തെ കണക്കാക്കുന്നു. ഒരേ സമയം നിത്യവും നമ്പൂതിരിമാരും അടികളും പൂജനടത്തുന്നുവെന്നതും മൂന്ന് ബലിക്കല്ലും ബലിക്കൽപ്പുരയും ഉണ്ടെന്നതും ഈ ക്ഷേത്രത്തിന്റെ സവിശേഷതയാണ്. പള്ളിപ്പുറം റെയിൽവേസ്റ്റേഷന് സമീപമായി അതിമനോഹരമായ ഗ്രാമീണ ഭംഗി നിറഞ്ഞ പശ്ചാത്തലത്തിലാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്.

(തുടരും ......)

# വളഞ്ഞമ്പലം ദേവി ക്ഷേത്ര ഉത്സവം - 2025

**2025 ഫെബ്രുവരി 10 മുതൽ 17 വരെ**

**1–ാം ദിവസം ഫെബ്രുവരി 10, തിങ്കളാഴ്ച**

വൈകുന്നേരം 7.30–ന്: **തൃക്കൊടിയേറ്റ്**

**2–ാം ദിവസം ഫെബ്രുവരി 11, ചൊവ്വാഴ്ച**

12.00–ന്: **ഭക്തിഗാനമേള (കരോക്കെ)** ശ്രീരാഗം

**3–ാം ദിവസം ഫെബ്രുവരി 12, ബുധനാഴ്ച**

12.00–ന്: **ഭക്തിഗാനമേള (കരോക്കെ)**
വൈകുന്നേരം 5.30–ന്: **ഭജൻസ്**
ടി .ഡി .എം ഭജൻ ഗ്രൂപ്പ്
6.30–ന്: **കഥകളി**
ശ്രീ ഭവനീശ്വരി കളിയോഗം, എരൂർ

**4–ാം ദിവസം ഫെബ്രുവരി 13, വ്യാഴാഴ്ച**

വൈകുന്നേരം 6.00–ന്: **ചാക്യാർകൂത്ത്**
ശ്രീ. ശ്രീരാജ്, കിള്ളിക്കുറിശ്ശി മംഗലം
8.30–ന്: **നൃത്ത്യാർച്ചന**
അവതരണം: എറണാകുളം നൃത്തക്ഷേത്ര

**5–ാം ദിവസം ഫെബ്രുവരി 14, വെള്ളിയാഴ്ച**

5.30–ന്: **വിവിധ കലാപരിപാടികൾ**
നായർ സ്ത്രീ സമാജം, എറണാകുളം



8.30–ന്: **ഭക്തിഗാനമേള**
ഡിവൈൻ വോയിസ് ഓർക്കസ്ട്ര കണ്ണൂർ

**6–ാം ദിവസം ഫെബ്രുവരി 15, ശനിയാഴ്ച**

രാവിലെ 11.00–ന്: **ഉത്സവബലി ദർശനം**
8.30–ന്: **തായമ്പക**
ശ്രീ. ചെറുശ്ശേരി ആനന്ദ് മാരാർ
10.30–ന്: **ചെറിയവിളക്ക്**

**7–ാം ദിവസം ഫെബ്രുവരി 16, ഞായറാഴ്ച**

വൈകുന്നേരം 4.30 ന്: **പകൽപ്പൂരം**
9.00–ന്: **നാടൻ പാട്ടരങ്ങ്, ദൃശ്യാവിഷ്കാരങ്ങൾ**
കളിക്കൂട്ടം പാലക്കാട്
11.30–ന്: **വലിയവിളക്ക്**

**8–ാം ദിവസം ഫെബ്രുവരി 17, തിങ്കളാഴ്ച**

**ആറാട്ട്**

രാവിലെ 6.00–ന്: **കൂട്ടവെടി**
വൈകുന്നേരം 7.30–ന് ശേഷം **കൊടിയിറക്കം**
9.00–ന്: **സംഗീത നൃത്തനാടകം**
ചോറ്റാനിക്കരയമ്മ, അവതരണം: മുദ്ര പത്തനംതിട്ട

---

ഒന്നായും സൗഖ്യദുഃഖങ്ങളിലനുഗുണമാ–
യേതു കാലത്തുമുൾപ്പു–
വിന്നുള്ളാശ്വാസമായും രസമതു ജരയാൽ
ഭേദിയാതുള്ളതായും
പിന്നെക്കാലേന തീർന്നാ മറവുകളൊടുവിൽ
സ്നേഹസത്തായുമെന്നും
ഭിന്നിക്കാതുള്ള പത്നീപ്രണയമധികപു–
ണ്യത്തിനാലേ ലഭിക്കൂ.

**– ചാത്തുക്കുട്ടി മന്നാടിയാർ ഉത്തരരാമചരിതം.**

ഉത്തമയായ പത്നി എപ്പോഴും പുരുഷനോട് ഒന്നായിരിക്കും. സുഖത്തിലും ദുഃഖത്തിലും അനുഗുണമായ വിധം പെരുമാറി എന്നും മനസ്സിന് ആശ്വാസമായിവർത്തിക്കും. വാർദ്ധക്യം കൊണ്ട് സ്നേഹത്തിനും സന്തോഷത്തിനും കുറവുവരുന്നില്ല. കാലക്രമത്തിൽ വ്യക്തിപരമായ മറകളെല്ലാം നീങ്ങുന്നു. സ്നേഹത്തിന്റെ സ്വത്തുമാത്രം അവശേഷിക്കുന്നു. ഇങ്ങനെ യാതൊരു ഭിന്നതയുമില്ലാതെ പത്നിപ്രണയം അധികമായ പുണ്യത്തിനാൽ മാത്രം ലഭിക്കുന്നതാണ്.

# പതിനേഴാമത് എറണാകുളം കരയോഗം - പി. എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് 2025

കേരളനദീസംരക്ഷണസമിതിയുടെ സ്ഥാപക അദ്ധ്യക്ഷനും **'ഭൂമിക്കുപനി' ജലം, ജീവജലം** തുടങ്ങിയ നിരവധി ആധികാരിക പരിസ്ഥിതിശാസ്ത്രകൃതികളുടെ രചയിതാവുമായ യശശ്ശരീരനായ ശ്രീ. പി. എസ്. ഗോപിനാഥൻ നായർ ഏർപ്പെടുത്തിയിട്ടുള്ള 15,000/- (പതിനയ്യായിരം) രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന **'എറണാകുളം കരയോഗം-പി. എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ്'** എന്ന പേരിലുള്ള സംസ്ഥാനതല പരിസ്ഥിതി സംരക്ഷണ അവാർഡ് 2008 മുതൽ നല്കി വരികയാണ്. പ്രഥമ അവാർഡ്ദാന ചടങ്ങ് 2008 ഏപ്രിൽ 22ന് 'ഭൗമദിന' ത്തോടനുബന്ധിച്ച് എറണാകുളം ടി.ഡി.എം ഹാളിലാണ് നടന്നത്. കേരളത്തിലെ പരിസ്ഥിതി സംരക്ഷണ-വിദ്യാഭ്യാസമേഖലകളിൽ പ്രാഗല്ഭ്യം നേടിയവർ ഉൾക്കൊള്ളുന്ന ഒരു സമിതിയാണ് അവാർഡ് ജേതാക്കളെ തിരഞ്ഞെടുക്കുക. അവാർഡിനായി നാമനിർദ്ദേശം ചെയ്യപ്പെടുന്നവർ പരിസ്ഥിതി സംരക്ഷണരംഗത്ത് മികച്ച സേവനം കാഴ്ചവെച്ചവരൊ, ഭൂമി, ജലം, വായു, ശബ്ദ, മലിനീകരണ പ്രശ്നങ്ങൾക്ക് ബഹുജനങ്ങളുടേയും, മലിനീകരണ നിയന്ത്രണബോർഡിന്റേയും, സംസ്ഥാന സർക്കാരിന്റേയും ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം കണ്ടെത്തുന്നതിൽ വിജയിച്ചവരൊ, വനനശീകരണത്തിനെതിരായി ബഹുജനപ്രതിരോധം സംഘടിപ്പിക്കുന്നതിന് പരിശ്രമിച്ചവരൊ, പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് പൊതുജനബോധവല്ക്കരണങ്ങൾക്ക് മുൻകയ്യെടുത്തവരൊ, പരിസ്ഥിതി സംബന്ധമായ പഠനങ്ങൾ നടത്തുക വഴി ഈ രംഗത്തുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സഹായിച്ചവരൊ ആയ വ്യക്തികളെയാ, സംഘടനകളേയോ, സ്ഥാപനങ്ങളേയോ അവാർഡിന് നിർദ്ദേശിക്കപ്പെടാവുന്നതാണ്.

അർഹതയുള്ള വ്യക്തികളെ ഏതെങ്കിലും രജിസ്റ്റേർഡ് പരിസ്ഥിതി സംഘടനകൾക്കൊ, വ്യക്തികൾക്കൊ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. നിർദ്ദിഷ്ടവ്യക്തിയെ സംബന്ധിക്കുന്ന ബയോഡാറ്റ സഹിതമുള്ള പൂർണ്ണവും ആധികാരികവുമായ വിവരങ്ങൾ നിർദ്ദേശത്തോടൊപ്പം ഉണ്ടായിരിക്കണം. ഒന്നിലധികം സംഘടനകൾക്ക് ഒരേ വ്യക്തിയെതന്നെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അവാർഡിനുള്ള നിർദ്ദേശങ്ങൾ **2025 മാർച്ച് 20** ന് മുമ്പായി, **കൺവീനർ, പരിസ്ഥിതി കമ്മിറ്റി, 'എറണാകുളം കരയോഗം - പി.എസ്.ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് 2025' എറണാകുളം കരയോഗം, ടി.ഡി.എം.ഹാൾ, കൊച്ചി-682016** എന്ന വിലാസത്തിലൊ, **E-mail:ekmkgm@gmail.com / web:wwwernakulamkarayogam.com** എന്നതിലൂടേയൊ അയയ്ക്കാവുന്നതാണ്. നിശ്ചിത തിയതിക്കുശേഷം ലഭിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിക്കുന്നതല്ല.

നിർദ്ദേശങ്ങൾ അടങ്ങിയ കവറിൽ 'എറണാകുളം കരയോഗം-പി. എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് -2025 എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. അവാർഡ് നിർണ്ണയ സമിതിയുടെ തീരുമാനം അന്തിമമായിരിക്കും കൂടുതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസിൽ നേരിട്ടൊ, ടെലഫോൺ / E mail മുഖേനയോ ബന്ധപ്പെടാവുന്നാണ്. ഈ വർഷത്തെ **അവാർഡ് ദാനം 2025 ഏപ്രിൽ 22 ചൊവ്വാഴ്ച** 'ഭൗമദിന'ത്തിൽ അഞ്ചുമണിക്ക് ടി.ഡി.എം.ഹാളിൽ വച്ച് നടക്കുന്നതാണ്.

എസ്. ജയതിലകൻ
കൺവീനർ
ഫോൺ : 9846042900, 0484 2361160
എറണാകുളം കരയോഗം പരിസ്ഥിതി കമ്മിറ്റി

# കാഴ്ചപാടുകൾ മാറ്റണമോ ?

ഡോ. രാജേശ്വരി കുഞ്ഞമ്മ – 9388382009

ഇന്നത്തെ കാലഘട്ടത്തിൽ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുവനോ ചെറിയ പ്രശ്നങ്ങൾക്കുപോലും ഉത്തരം കാണാനോ കഴിയാതെ തോൽവിയെക്കുറിച്ചുള്ള ഭയവും ആശയക്കുഴപ്പവുമായി ജീവിതം കഴിച്ചുകൂട്ടുന്ന ധാരാളം ആളുകൾ ഉണ്ട്. ജീവിതം തന്നെ തള്ളിതള്ളി മുന്നോട്ടുകൊണ്ടുപോകുന്നു. ദിവസങ്ങൾ കഴിയുന്തോറും മാനസികമായും ശാരീരികവുമായും രോഗാവസ്ഥയിലേക്ക് നീങ്ങുകയും ചെയ്യുന്നു. എന്താണിതിന് കാരണം? വ്യക്തമായ കാഴ്ചപ്പാടില്ലാതെ മറ്റാരുടെയോ ചിന്തയിൽക്കൂടി ചലിക്കുന്ന ഒരു പാവ, എനിക്കിതിനു കഴിയില്ല, എനിക്കുമാത്രമെന്താണിങ്ങനെ? ഇത്തരം ചോദ്യങ്ങൾ, വ്യക്തമായി കാര്യങ്ങളെ മനസ്സിലാക്കാതെ അവരവരുടെ കാഴ്ചപ്പാടിനനുസരിച്ച് മറ്റുള്ളവരെ നിയന്ത്രിക്കുന്നവരുടെ കൈകളിൽപ്പെട്ട് ജീവിതം നശിപ്പിക്കുന്ന ആളുകൾ. "നിനക്കതിനു കഴിയും" എന്ന് പറയാനോ, ആശ്വസിപ്പിക്കാനോ ആളില്ല. ജീവിതത്തിന്റെ അടിസ്ഥാനം വിശ്വാസമാണ്. പ്രപഞ്ചശക്തി നമ്മളിലേക്കെത്തുന്നതും വിശ്വാസത്തിലൂടെയാണ് മഹാത്മാഗാന്ധി അദ്ദേഹത്തിന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ എന്ന പുസ്തകത്തിൽ സംസ്കൃതം പഠിക്കാൻ പാടുപെടുന്നതും സംസ്കൃതാദ്ധ്യാപകന്റെ പ്രേരണ മൂലം സംസ്കൃതത്തിൽ അവഗാഹം നേടിയതും വ്യക്തമായി വിവരിച്ചിട്ടുണ്ട്.

ജീവിത വിജയത്തിന് സമാധാനപരമായ ഒരു മനസ്സാണ് ആവശ്യം. ജീവിതത്തിന്റെ അടിസ്ഥാനമെന്ന് പറയുന്നത് വിശ്വാസങ്ങളിലൂന്നിയ ശക്തി വിശേഷത്തിലാണ്. എന്ത് നേടണമെന്നാഗ്രഹിച്ച് അതിന് ബിംബങ്ങളുണ്ടാക്കി മനസ്സിൽ സൂക്ഷിക്കണം. അപ്പോൾ നമ്മുടെ തലച്ചോറിൽ ആ രൂപത്തെ പ്രതിഷ്ഠിക്കാനും ഉപബോധമനസ്സിന് ഒരു ധാരണ ഉണ്ടാക്കികൊടുക്കാനും കഴിയും.

ഏതവസരത്തേയും നല്ലതാക്കിമാറ്റാൻ നമ്മൾ ഏതു വിധത്തിൽ അവയെ കാണുന്നുവെന്നതനുസരിച്ചാണിക്കുന്നത്. ബുദ്ധിയില്ലാത്ത ഒരാൾക്ക് തോൽക്കുമെന്ന ഭയം. അല്പബുദ്ധിക്കാരൻ പകുതിവഴിക്ക് ഏറ്റെടുത്തകാര്യം ഉപേക്ഷിക്കും. ആത്മവിശ്വാസമുള്ളവൻ വിജയത്തെ കണ്ടുകൊണ്ടിരിക്കും. മറ്റുള്ളവർക്ക് ഒരു പ്രേരണയാകുന്നതായിരിക്കണം നമ്മുടെ വാക്കും, പ്രവർത്തിയും. സീതാന്വേഷണത്തിനുപോകാൻ സീതയാരെന്നറിയാത്ത ഹനുമാന്റെ കാഴ്ചപ്പാടിനെ ജാംബവാൻ മാറ്റിമറിച്ചു. ഒരിക്കൽ ഒരാൾ ഒരു തോട്ടുവക്കത്തിരുന്ന് മീൻ പിടിച്ചു. പിടിക്കുന്ന മീനെല്ലാം തിരിച്ച് തോട്ടിൽത്തന്നെ ഇടുന്നതു കണ്ട ഒരാൾ കാരണം തിരക്കി തന്റെ പാത്രത്തിനനുസരിച്ചുള്ള മീനല്ലയെന്നതായിരുന്നു മറുപടി. പാത്രം വലുതാക്കണമെന്ന കാഴ്ചപ്പാട് ഉണ്ടായാൽ പോരെ?

പ്രപഞ്ചം തന്നെ മനോഹരമാണെന്ന രീതിയിൽ നോക്കി കാണുന്ന വ്യക്തിക്ക് എല്ലാം മനോഹരവും ധാർമ്മികവുമാണെന്നു മനസ്സിലാകും.

എന്താണീ നൂറ്റാണ്ടിന്റെ ഏറ്റവും മഹത്തരമായ കാഴ്ചപ്പാട് എന്ന് എന്നോട് ചോദിച്ചാൽ ഞാൻ പറയും എന്റെ മനസ്സിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവതിയാകാനുള്ള ശക്തി ഉണ്ടാകണം അതാണെന്റെ കാഴ്ചപ്പാട്. മറ്റൊരാളുടെ വേദന എനിക്കറിയാൻ കഴിയുന്നു. ഞാൻ നിങ്ങളുടെ സ്ഥാനത്തു നിന്നുകൊണ്ടാണിപ്പോൾ ചിന്തിക്കുന്നത്.

➠

മറ്റൊരാളുടെ സാമ്പത്തിക സ്ഥിതിയും, മറ്റു ചുറ്റുപാടുകളും എനിക്കിപ്പോൾ മനസ്സിലാക്കാൻ കഴിയും. ഇത്തരം കാഴ്ചപാടുകളല്ലേ വേണ്ടത്. ഇത്തരം ചിന്താഗതി നിങ്ങൾക്കുണ്ടാകുമ്പോൾ മറ്റുള്ളവർ നിങ്ങളെ അനുസരിക്കും

നമ്മുടെ ജീവിതം എങ്ങനെ വളർത്തിയെടുക്കണമെന്നു ചിന്തിക്കുമ്പോൾ ഇതുവരെ ഉണ്ടായിരുന്നതിൽ നിന്നും എന്തൊക്കെ മാറ്റം വരുത്തണം, വരുന്ന 5 വർഷം എങ്ങനെയായിരിക്കണമെന്ന് ചിന്തിക്കുമ്പോഴാണ് നിങ്ങളുടെ കാഴ്ചപ്പാടിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് അറിയേണ്ടത്. ഒന്ന് ചിന്തിക്കേണ്ടത് മാറ്റങ്ങൾ വരുത്തിയില്ലെങ്കിൽ മണ്ണിൽ കിടക്കുന്ന ഇരുമ്പു കഷണം തുരുമ്പിച്ചു കിടക്കുന്നതുപോലെ നിങ്ങൾ അങ്ങനെ കിടക്കും മണ്ണിൽ അലിഞ്ഞു ചേരാത്തവയെ വലിച്ചെറിയുന്നതുപോലെ കാലം നിങ്ങളെ വലിച്ചെറിയും. അതുകൊണ്ടു കാലം മാറുന്നതനുസരിച്ചു കാഴ്ചപ്പാടും വ്യത്യാസമായിരിക്കണം.

മനുഷ്യന്റെ വ്യാപാരങ്ങളെ വിശദികരിച്ച അഡ്‌ലർ പറയുന്നത് മനുഷ്യന്റെ അത്ഭുതകരമായ നേട്ടം നെഗറ്റീവിനെ പോസിറ്റീവാക്കുകയെന്നതാണ്. ജയിലിൽ കിടന്ന രണ്ടു പേർ ജനലഴികളിലൂടെ പുറത്തേക്കു നോക്കി ഒരാൾ സമീപത്തുള്ള ചെളി കണ്ടു മറ്റെയാൾ ആകാശത്തിൽ തിളങ്ങുന്ന നക്ഷത്രങ്ങളെ കണ്ടു ഇതാണ് ലോകം. കാഴ്ചപ്പാട് മാറ്റുകയെന്നതിലാണ് ബുദ്ധിമാനും ബുദ്ധിശൂന്യനും തമ്മിലുള്ള അന്തരവും.

ഡോ.എഡ്‌വേർഡ് ടെല്ലറൊട് ഒരാൾ ചോദിച്ചു താങ്കളുടെ മകനും ശാസ്ത്രജ്ഞനാകുമോയെന്ന്. അദ്ദേഹം പറഞ്ഞു ഒരു ശാസ്ത്രജ്ഞനാകാൻ അതിഭയങ്കരമായ അറിവോ, സ്കൂളിലെ റാങ്കോ ഒന്നും വേണ്ട നമ്മുടെ കാഴ്ചപ്പാടും മനോഭാവവും മാറ്റി ശാസ്ത്ര വിഷയങ്ങളിൽ താൽപര്യം ഉണ്ടാക്കിയാൽ മതി.

ആഗ്രഹങ്ങൾക്കനുസരിച്ച് നമ്മൾ മാറണം കാർബണെ ഉരച്ചുരച്ചു ഡയമണ്ടാക്കണോ അതോ കാർബണായിട്ടതവിടെ ഇടണോ, നമ്മൾ ചിന്തിക്കണം. ഒരാൾ ഒരിക്കൽ എന്നോട് പറഞ്ഞു അയാൾ മുരിക്കാണ് നിറയെ മുള്ളുള്ള മുരിക്ക്. ഞാൻ ചോദിച്ചു നിങ്ങൾ മുരിക്കാണെന്നെന്തിനു ചിന്തിക്കണം നിങ്ങൾ മുള്ളുള്ള ഒരു റോസാച്ചെടിയാണെന്നു ധരിക്കു. മുരിക്കാണെങ്കിൽ ആരും നിങ്ങളുടെയടുത്തു വരികില്ല റോസാച്ചെടിയാണെങ്കിൽ മുള്ളുണ്ട് എങ്കിലും പൂവിന്റെ ഭംഗിയിലും നിറത്തിലും സുഗന്ധത്തിലും ഇഷ്ടപ്പെട്ട് എല്ലാവരും നിങ്ങളുടെ അടുത്തേക്ക് വരും. ഇവിടെ ലക്ഷ്യത്തിലെത്താൻ നിങ്ങളുടെ കാഴ്ചപ്പാടിൽ ചെറിയ ഒരു മാറ്റം. റിസൾട്ടോ ഭയങ്കര വ്യത്യാസം. വിശ്വാസത്തിലധിഷ്ഠിതമായ മനോഭാവവും തന്മൂലമുണ്ടാകുന്ന ധാർമ്മികതയും കാഴ്ചപ്പാടിനെ മാറ്റിമറിക്കും തീർച്ച. ■

---

**മിനിക്കഥ**

ഉണ്ണി വാരിയത്ത് – 9867179480

# അഹങ്കാരം

ആരും ഒരിക്കലും അഹങ്കരിക്കരുത്. വ്യക്തിപരമായോ, നാടിന്റെ പേരിലോ, ഭാഷയുടെ പേരിലോ, ഒന്നും അഹങ്കരിക്കാതെ ലോകപൗരൻ എന്ന നിലയിലേക്ക് ചിന്താപരമായി ഉയരണം" അയാൾ പറഞ്ഞു.

അയാളെ അവർ മഹാഗുരു എന്ന് വാഴ്ത്തിപ്പാടി. അതുകേട്ട് അയാൾ അഹങ്കരിച്ചില്ല. പകരം, പരിതപിച്ചു. വിശ്വമഹാഗുരു എന്ന പദവി വേണമായിരുന്നു അയാൾക്ക് അഹങ്കരിക്കാൻ!

കപടകാലം, വികടലോകം തരികിട മനുഷ്യർ!

# ബുദ്ധിയിൽ നിന്നും നിർമ്മിത ബുദ്ധിയിലേയ്ക്ക്... (4)

സി. രാമചന്ദ്രൻ – 9995820684

## ശാസ്ത്രം, ചരിത്രം, നീതി

മനുഷ്യ ചിന്തയെ സമൂലം മാറ്റി മറിച്ച ആശയമാണ് ഡാർവിൻ അവതരിപ്പിച്ച പരിണാമ സിദ്ധാന്തം. ശാസ്ത്രം ഇന്നത്തെയത്ര തന്നെ വികസിച്ചിട്ടില്ലായിരുന്ന കാലത്താണതിന്റെ രംഗപ്രവേശം എന്നോർക്കണം. എന്നാൽ പഴുതുകളടച്ച് അത് നിരന്തരം ഇന്ന് മുന്നേറുകയാണ്. DNA യുടെയും മറ്റും കണ്ടുപിടിത്തത്തോടെ അത് സഫുടം ചെയ്യപ്പെട്ടുവരികയാണ്. എന്നിരുന്നാലും പ്രപഞ്ച സൃഷ്ടി ഒരു പ്രകൃത്യതീത ബോധ ശക്തിയുടെ തീരുമാനപ്രകാരമാണെന്ന സൃഷ്ടി വാദം ഇന്നും സജീവമാണ്; ഭൂമി പരന്നിരിക്കുന്നു എന്ന് വിശ്വസിക്കുന്നവരുടെ സംഘടന പോലുമുണ്ട്. സ്കൂളുകളിൽ അങ്ങനെ പഠിപ്പിക്കണമെന്ന് വാദിക്കുന്നവർ മുന്നോക്ക രാജ്യമെന്നഭിമാനിക്കുന്ന അമേരിക്കയിലുമുണ്ട്. മസ്തിഷ്കത്തിലെ ദർപ്പണ നാഡീകോശങ്ങൾ പരിണാമപ്രക്രിയയ്ക്കു വിധേയമായി, മുൻധാരണകളെ തിരുത്തുവാൻ തക്കവണ്ണമായിട്ടില്ല എന്നതിന്റെ സൂചനയാണിത്.

മസ്തിഷ്കം ഇന്നത്തെ വലുപ്പമാർജ്ജിച്ചിട്ട് അനേകലക്ഷം വർഷങ്ങളായെങ്കിലും ഭാഷയുണ്ടായിട്ട് അരലക്ഷം വർഷമേ ആയിട്ടുള്ളൂ എന്ന് നാം കണ്ടുകഴിഞ്ഞു . മസ്തിഷ്കത്തിന്റെ ഏതെങ്കിലുമൊരുഭാഗം കേന്ദ്രീകരിച്ചല്ല ഭാഷയുടെ നിലനിൽപ്പെങ്കിലും ഇടത് ഇൻഫീരിയർ പെരൈറ്റൽ ലോബിന് ഭാഷാനിർമ്മിതിയിൽ നിർണ്ണായക പാങ്കുണ്ട്. തുടർന്ന് മസ്തിഷ്കത്തിനകത്ത് സവിശേഷ വൈദഗ്ദ്ധ്യം ലഭിച്ച ഭാഷാമേഖലകളുണ്ടായി. വാക്കുകളുടെ അർത്ഥം പ്രതീകവൽക്കരിക്കുന്ന കാര്യത്തിലും തീരുമാനമായി.

മറ്റാരെങ്കിലും ചെയ്യുന്നത് നിരീക്ഷിക്കുമ്പോൾ താനാണത് ചെയ്യുന്നതെന്ന പ്രതീതിയുണ്ടാകുന്ന സന്ദർഭങ്ങൾ ജീവിതത്തിലുണ്ട്. കലയിലും കളിയിലും അത് പ്രതിഫലിക്കും. മോഹൻലാലും മമ്മൂട്ടിയും പ്രതിയോഗികളെ ഇടിക്കുമ്പോൾ നമാണത് ചെയ്യുന്നതെന്ന തോന്നലുണ്ടാകുന്നതുകൊണ്ടാണ് നമ്മുടെ കയ്യും കാലുമനങ്ങുന്നത്. മെസ്സി ഗോളടിക്കുന്നതുകാണുമ്പോൾ നമ്മുടെ കാലുചലിക്കുന്നതും അതിനു സമാനമാണ്. കലയുടെയും കളിയുടെയും സ്വാരസ്യമവിടെയാണ്. അവധൂതന്മാർ കാണിക്കുന്ന അത്ഭുതങ്ങളുടെ ട്രിക്കുകളും മസ്തിഷ്ക സൃഷ്ടിയാണ്.

ശാസ്ത്രബോധവും പ്രപഞ്ചബോധവും സാധ്യമാക്കുവാനുള്ള ഒരു ശ്രമം ആധുനിക മനുഷ്യന്റെ ഭാഗത്തുനിന്നുമുണ്ടായിരിക്കേണ്ടതാണ്. പല വീക്ഷണങ്ങളിൽ ഒന്ന് മാത്രമാണ് ശാസ്ത്രവീക്ഷണം എന്ന വീക്ഷണം തന്നെ വിജ്ഞാനവിരുദ്ധമാണ്. വിജ്ഞാന വീക്ഷണത്തിന്റെ വികാസപരിണാമത്തിനവസാനമുണ്ടായ രീതി ശാസ്ത്രമാണ് ശാസ്ത്രത്തിന്റേത്. ഇനിയുമത് മെച്ചപ്പെടുവനിടയാകും. ഇതുവരെയുണ്ടായി വന്ന ജ്ഞാന നിഷ്പാദന പദ്ധതികളിൽ ശാസ്ത്രത്തിന്റെ രീതികളേക്കാൾ മെച്ചമായ ഒന്നില്ല. പക്ഷെ ഇന്നുള്ളതിനുള്ള പോരായ്മകൾ തിരുത്തുവാൻ നാം സന്നദ്ധമായിരിക്കുകയും വേണം.

ശാസ്ത്രത്തിന്റെ വീക്ഷണവും ശാസ്ത്രജ്ഞന്റെ വീക്ഷണവും തമ്മിൽ താദാത്മ്യമുണ്ടായിരിക്കണമെന്നില്ല. കാരണം ശാസ്ത്രം നിർമ്മമമാണ്. ശാസ്ത്രജ്ഞനാകട്ടെ വികാരവും ഉൽകണ്ഠയുമുണ്ട്. റോക്കറ്റ് ലക്ഷ്യത്തിലെത്തുവാൻ

➞

കണക്കുകൂട്ടലുകൾ ശരിയായാൽമതി. കണക്കു തെറ്റിയാൽ റോക്കറ്റ് കടലിൽവീഴും. പ്രാർത്ഥിച്ചതുകൊണ്ട് ദൗത്യം വിജയിക്കുകയില്ല. പ്രാർത്ഥിക്കാതിരുന്നതുകൊണ്ട് വിജയിക്കാതിരിക്കുകയുമില്ല ശാസ്ത്രജ്ഞന്റെ ഉത്കണ്ഠയും ഉദ്വേഗവും ശമിപ്പിക്കുവാൻ പ്രാർത്ഥന ഉപകരിച്ചേക്കും.

അറിവിന്റെ പൊരുളുകളെ സംബന്ധിച്ച ശാസ്ത്രീയ വിജ്ഞാന വിഷയമാണ് എപ്പിസ്റ്റൊമോളോജി-വൈജ്ഞാനികശാസ്ത്രം. മനുഷ്യൻ രണ്ടുതരത്തിലുള്ള ഉപകരണങ്ങളുണ്ടാക്കുന്നുണ്ട്, ഒന്ന്, ഭൗതികജീവിതത്തിനാവശ്യമായ യുദ്ധോപകരണങ്ങൾ, ഗാർഹികോപകരണങ്ങൾ, ഗതാഗത വാഹനങ്ങൾ, വാർത്താവിനിമയം, ചികിത്സാ സമ്പ്രദായം എന്നിങ്ങനെ. രണ്ട്, സമൂഹ്യ ജീവിതത്തിനാവശ്യമായ ഉപായങ്ങൾ-രാഷ്ട്രം, രാഷ്ട്രീയം, മതം, പണം, കല, കളി എന്നിങ്ങനെ. ഒന്നാമത്തേത് ഭൗതിക നിയമങ്ങളെ മാത്രം ആധാരമാക്കി ഉണ്ടാക്കുന്നു. രണ്ടാമത്തേതിലാകട്ടെ ബുദ്ധിയും, യുക്തിയും, വൈകാരികതയും, കാല്പനികതയും എല്ലാം കലർത്തിയുണ്ടാക്കുന്ന സൃഷ്ടികളാണ്.

ഭാഷയിലുടെ ജീവിതത്തിനാവശ്യമായ ആശയ വിനിമയം മാത്രമല്ല നടക്കുന്നത്. കാൽപ്പനിക കഥകളുണ്ടാക്കി രസിക്കുവാനും, നുണക്കഥകളുണ്ടാക്കി ആസ്വദിക്കുവാനും, പരദൂഷണം പറഞ്ഞ് വിനോദിക്കുവാനും അവർക്ക് കഴിവുണ്ടായി. മനസ്സിന്റെ വിഹ്വലമായ ഭാവനയിലുടെയും പറക്കുന്ന കുതിരകളെയും പാടുന്ന ഗന്ധർവ്വന്മാരെയും രക്തം കുടിക്കുന്ന യക്ഷികളെയും സൃഷ്ടിച്ചെടുത്തു. ഇതിനെയെല്ലാം പാത്രങ്ങളാക്കി കഥകൾ മെനയുവാനും പാട്ടുകൾ പാടുവാനും അത് തലമുറകളിലൂടെ പകർന്നു നൽകുവാനും കഴിയുമായിരുന്നു. എഴുത്തും വായനയും പഠിച്ചതോടെ കഥകൾ കൊരുത്തുകൊരുത്ത് ഇതിഹാസങ്ങളും പുരാണങ്ങളും രചിക്കുവാനുമിടയായി.

സമൂഹങ്ങളുടെ കെട്ടുറപ്പിനും രാജ്യങ്ങളുടെ രൂപീകരണത്തിനും ഭാഷയും കഥയും മതവും ദൈവവുമെല്ലാം ഉതകി. ആവശ്യത്തിനും സാഹചര്യത്തിനുമനുസരിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ മതങ്ങളും വിവിധ ദൈവങ്ങളുമുണ്ടായി. തങ്ങളുണ്ടാക്കിയ ദൈവമാണ് തങ്ങളെ ഉണ്ടാക്കിയതെന്ന് ഓരോമതവും, എല്ലാമതവും വിശ്വസിച്ചു. അതിജീവനത്തെ അത് സഹായിച്ചു. സമൂഹത്തിൽ അച്ചടക്കമുണ്ടാക്കുവാൻ കൂടിവേണ്ടിയാണ് മാതാ, പിതാ, ഗുരു, ദൈവം തുടങ്ങിയ സൂക്തങ്ങളുണ്ടായത്. അച്ചടക്കമുണ്ടാക്കുവാൻ സഹായിച്ചുവെങ്കിലും അത് അറിവിന്റെ വളർച്ചയ്ക്ക് തടയിട്ടു.

ജ്ഞാനോദയത്തിന്റെയും നവോത്ഥാനത്തിന്റെയും സത്ത എന്നത് നിലവിലുണ്ടായിരുന്ന അറിവുകളെ വിമർശനപരമായും ഗുണപരമായും നിരൂപണം ചെയ്യുവാനുള്ള ആർജ്ജവം നേടുകയെന്നതായിരുന്നു. ഭൂമി പരന്നതല്ല, ഭൂമി നിശ്ചലമല്ല, സൂര്യൻ നിശ്ചലമാണ് എന്നെല്ലാം എതിർ പറഞ്ഞവരെ ആരംഭദശയിൽ മതവിചാരണയ്ക്കു വിധേയരാക്കി. സാഹചര്യങ്ങൾക്കനുസരിച്ച് ഇണങ്ങുക എന്ന പരിണാമപരമായ തത്വം ജൈവലോകത്തിനെന്ന പോലെ, ആശയലോകത്തിനും ബാധകമാണ്. ദൂരദർശിനിയും സൂക്ഷ്മദർശിനിയും കണ്ടുപിടിക്കപ്പെട്ടത് കാണാത്ത രണ്ടു ലോകങ്ങളുടെ കാഴ്ചകളിലേക്കാണ് മനുഷ്യരാശിയെ നയിച്ചത്. ഇന്ദ്രിയങ്ങളുടെ പരിമിതികളെ ഉപകരണംകൊണ്ട് മറികടക്കുക എന്നതും വിജ്ഞാനത്തിനു വഴിതുറന്നു.

നാം കാണുന്നതെല്ലാം യാഥാർത്ഥ്യമല്ല എന്ന അറിവ് ഇന്നും സാമൂഹ്യ ചേതനയിൽ ദഹിക്കാതെ കിടക്കുന്നു. ഭൂമിയുടെ ഗോളാകൃതിയും അച്ചുതണ്ടിലെ കറക്കവും സൂര്യന്റെ ഉദയാസ്തമനങ്ങളും യാഥാർത്ഥ്യമല്ല എന്നത് ഇന്നും വിശ്വസിക്കുവാൻ പ്രയാസമാണ്. കാഴ്ചകൾ പലതും നമ്മെ വഞ്ചിക്കുന്നു. ഉള്ളതും ഇല്ലാത്തതുമായ പ്രതിബിംബങ്ങൾ മസ്തിഷ്കത്തിൽ കുഴഞ്ഞു മറിഞ്ഞു കിടക്കുമ്പോൾ മിഥ്യയേത്, യാഥാ

(ശേഷം 31-ാം പേജിൽ)

കഥ

# ഓം ശാന്തി

സേതുമാധവൻ - 9980177444

നടക്കാൻ പോയിവന്ന പ്രൊഫസർ ബാലചന്ദ്രൻ, പതിവുപോലെ ബെഡ്റൂമിൽ കയറി വാതിലടച്ചു ഇനി കൃത്യം ഇരുപത്തിരണ്ടു മിനിറ്റ്. കുളി, പ്രാർത്ഥന. കുർത്തയും പൈജാമയും ധരിച്ചു പ്രൊഫസർ പുറത്തിറങ്ങും. പിന്നെ നേരെ തീന്മേശയിലേക്ക്. അപ്പോൾ സമയം കൃത്യം 7.30 ആയിട്ടുണ്ടാവും. കഞ്ഞിയും ചെറുപയർ തോരനും, ഒപ്പം ചമ്മന്തിയും. അച്ഛൻ വെണ്ടർ അപ്പുകുട്ടൻ പിള്ളയുടെ അതെ ശീലം മകനും. അന്ന് പക്ഷെ, ഭാര്യ, രാധാരമണി ടീച്ചർക്ക് ഒരുപാട് കാത്തുനിൽക്കേണ്ടി വന്നു. എട്ടു മണിയായിട്ടും, പ്രൊഫെസ്സർ പുറത്തുവന്നില്ല. ഒരു നാലുപ്രാവശ്യമെങ്കിലും ടീച്ചർ വാതിലിൽ തട്ടാൻ പോയതാണ്. പക്ഷെ പ്രൊഫെസ്സറുടെ കലിപ്പ് പേടിച്ച്, തിരിച്ചുവന്നു.

ക്ലോക്കിൽ എട്ടു മണിയടിച്ചപ്പോൾ, എന്തും വരട്ടെയെന്നുകരുതി ടീച്ചർ ബെഡ്റൂമിന്റെ വാതിലിൽ ശക്തിയായി തട്ടി. 'വാതിൽ അടച്ചിട്ടില്ല' പ്രൊഫെസ്സറുടെ ശബ്ദത്തിൽ എന്തോ പന്തികേട്. വാതിൽ തുറന്ന ടീച്ചർ ഞെട്ടിപ്പോയി. പ്രൊഫെസ്സർ കട്ടിലിൽ കിടക്കുന്നു, അതും നടക്കാൻ പോയ അതെ വേഷത്തിൽ. 'എന്ത് പറ്റി, പൊന്നേ.' ഒന്നും മിണ്ടാതെ, പ്രൊഫെസ്സർ തിരിഞ്ഞു കിടന്നു. 'അയ്യേ നാറുന്നു. എന്റെ കുട്ടനല്ലേ, ഒന്ന് പോയി കുളിച്ചിട്ടുവാ. എല്ലാത്തിനും നമുക്ക്, പരിഹാരമുണ്ടാക്കാം' ഒരുവിധം ടീച്ചർ കുട്ടനെ കുളിമുറിയിലേക്ക് ഉന്തിതള്ളിവിട്ടു. പിന്നെ കൃത്യം 22 മിനിറ്റിൽ പ്രൊഫെസ്സർ പുറത്തുവന്നു. കുളിയും പ്രാർത്ഥനയും കഴിഞ്ഞിട്ടും, മുഖ പ്രസാദം വീണ്ടു കിട്ടിയിട്ടില്ല. ബുദ്ധിമതിയായ ടീച്ചർ പ്രൊഫെസ്സറിന്റെ കഞ്ഞിയിൽ അൽപ്പം ഉപ്പ് കൂട്ടിയിട്ടു. പ്രൊഫെസ്സറിന്റെ ദേഷ്യം അവരോടായാൽ, അദ്ദേഹത്തിന് സമാധാനം കിട്ടുമെന്ന ഉദ്ദേശത്തിലാണവർ അത് ചെയ്തത്. പ്രൊഫെസ്സർ ആദ്യ സ്പൂൺ കുടിച്ചു ഉപ്പിന്റെ ചവർപ്പുകൊണ്ട് അയാളുടെ മുഖമൊന്നു ചുളിഞ്ഞു. പക്ഷെ ഒന്നും സംഭവിക്കാത്ത മട്ടിൽ അയാൾ വീണ്ടും കഞ്ഞി കുടിക്കാൻ തുടങ്ങി. ടീച്ചറിന് മനസ്സിലായി, അയാളുടെ പ്രശ്നം ഗുരുതരമാണ്. കുറച്ചുകൂടി കഞ്ഞി വെള്ളമൊഴിച്ചുകൊടുത്തു ടീച്ചർ. അപ്പോളും പ്രൊഫെസ്സറിന് യാതൊരു ഭാവമാറ്റവുമില്ല. കുഞ്ഞി കുടിച്ചതും പ്രൊഫെസ്സർ വീണ്ടും ബെഡ്റൂമിൽ കയറി വാതിൽ അടച്ചു. അയാളുടെ പിന്നാലെ പോകാൻ തുടങ്ങിയതാ ടീച്ചർ പക്ഷെ പോകാതെ അടുക്കള വൃത്തിയാക്കി, കുറെ നേരം ടിവീ കണ്ടിട്ടാണ് ടീച്ചർ കിടക്കാൻ പോയത്.

പ്രൊഫെസ്സറും, ടീച്ചറും പത്തുവർഷമാവുന്നു ഈ വീട്ടിൽ താമസമാക്കിയിട്ട്. വലിയ വീട്, പുറത്തൊരു പൂന്തോട്ടം, പിന്നെ ടീച്ചറിന്റെ ടെറസ്സിലെ കൃഷി. റിട്ടയർമെന്റ് ബെനിഫിറ്റും പഴയ വീടു വിറ്റു കിട്ടിയ പൈസയും ചേർത്താണ് ഈ വീട് വാങ്ങിയത്. നല്ല ഐശ്വര്യമുണ്ടിവിടെ. മക്കൾ രണ്ടാളും ഉയർന്ന പരീക്ഷകൾ പാസ്സായി വിദേശത്തേയ്ക്ക് പറന്നതും ഇവിടെ വെച്ചാണ്. ഇനിയിപ്പോൾ അവരുടെ കല്യാണം. അത്രയേയുള്ളൂ ടീച്ചറിന്റെ ആഗ്രഹം. ടീച്ചർ, പ്രൊഫെസ്സർ ഉറങ്ങിക്കോട്ടെയെന്നു കരുതി ശബ്ദമുണ്ടാക്കാതെ കിടക്കയിൽ പതുക്കെ ഇരുന്നു. പക്ഷെ പ്രൊഫെസ്സർ ഉറങ്ങിയിരുന്നില്ല. 'എന്താ പ്രശ്നം. നിങ്ങളല്ലേ പറയാറ്, പ്രശ്നമാണോ, അതിനു പരിഹാരമുണ്ടെന്ന്, എന്നോട് പറ, ടീച്ചർ വല്ലാണ്ട് നിർബന്ധിച്ചപ്പോൾ പ്രൊഫെസ്സർ പറയാൻ തുടങ്ങി. 'ഇന്ന് ഞാൻ പടിഞ്ഞാറ്റെ ഇല്ലത്തിലെ അനിയൻ

നമ്പൂതിരിയെക്കണ്ടു. അയാൾ എയർപോർട്ട് ആതോറിറ്റിയിൽ നിന്നും റിട്ടയർ ചെയ്തിട്ട് മനക്കൽ സ്ഥിരതാമസമാക്കി. ഒരുപാടു നേരം വർത്തമാനം പറഞ്ഞു. അയാൾ എന്നോട് രാകേഷിനെ കുറിച്ച് ചോദിച്ചു. പ്രൊഫെസ്സർ രാകേഷ് എന്റെ അടിയിലായിരുന്നു എന്നു കേട്ടപ്പോൾ തന്നെ അനിയൻ നമ്പൂതിരിയ്ക്ക് എന്നോടുള്ള ബഹുമാനം പത്തിരട്ടിയായി. രാകേഷിപ്പോൾ വലിയ പ്രസിദ്ധനാ. അയാളുടെ ഫേസ്ബുക്കിൽ, 50 കെ ഫോളോവെർസ് ഉണ്ടത്രേ. ഏറ്റവും കഷ്ടം, അവൻ ഒരു കൃഷ്ണനെപ്പോലെ കുറെ പെൺകുട്ടികളുടെ നടുവിൽ നിന്നെടുക്കന്ന ഫോട്ടോകളാണ് ഫേസ്ബുക്ക് നിറയെ.ഞാൻ വെറുതെ ഇങ്ങനെ... പ്രൊഫസ്സറിന്റെ പ്രശ്നം, ടീച്ചറിന് മനസ്സിലായി. ഫേമസ് ആകണം. കുറേക്കാലമായുള്ള ആഗ്രഹമാണത്. ഇനീപ്പോ എന്താ ചെയ്യുക.

ടീച്ചർ പിറ്റേന്ന്തന്നെ ജാതക കെട്ടുമായി കണിയാൻ മാധവനാശാന്റെ വീട്ടിലെത്തി. ജാതകം നോക്കിയിട്ട് ആശാൻ, അപ്പോൾ തന്നെ തിരിച്ചുകൊടുത്തു. 'ടീച്ചർ ഈ ജാതകന് പ്രസിദ്ധിയുണ്ടാകാനുള്ള യാതൊരു യോഗവുമില്ല. ഇല്ലാത്തത് ഉണ്ടാക്കാൻ ഞാൻ പ്രതിവിധി, കുറിക്കാറില്ല.'തിരിച്ചുകൊടുക്കുമ്പോൾ, ജാതക കെട്ടിൽ നിന്നും ഒരെണ്ണം അറിയാതെ താഴെ വീണു. അതെടുത്ത് തിരിച്ചുകൊടുക്കാൻ നേരം മാധവൻ ആശാൻ ഒന്നു തുറന്നു നോക്കി. ഇതാരുടെ ജാതകമാണ്, ഒക്ടോബർ 11, 1968, മകം നക്ഷത്രം. 'അതെന്റെയാ' ടീച്ചർ. രാജയോഗം. ലഗ്നാധിപതി, ഉച്ചസ്ഥനായി 11-ൽ . അപ്പോൾ ഈ യോഗം, പ്രൊഫെസ്സറിനു ഗുണം ചെയ്യും. പക്ഷെ വെറുതെ വീട്ടിൽ ഇരുന്നാൽ പ്രസിദ്ധി കിട്ടില്ല. നമ്മൾ ചെയ്യാനുള്ളത് ചെയ്യണം. താൻ പാതി, ദൈവം പാതിയെന്നല്ലേ. കൂട്ടത്തിൽ എല്ലാ പൗർണ്ണമിക്കും, ചന്ദ്ര പ്രീതി വരുത്തട്ടെ. മനസ്സ് തെളിയാൻ ശിവങ്കൽ ധാരയും, കൂവള മാലയും. ടീച്ചറിന് നമ്മുടെ ദിലീപിന്റെ കാര്യം അറിയില്ലേ. മഞ്ജു കൂടെ ഉണ്ടായിരുന്നപ്പോൾ അവളുടെ എല്ലാ യോഗവും അവനു കിട്ടി. അവൾ പടിയിറങ്ങിയതും, അവന്റെ സ്ഥിതി എന്തായി. എന്തായാലും നല്ലതു വരുത്തട്ടെ. ഈശ്വരോരക്ഷതു ദക്ഷിണ വാങ്ങി മടിയിൽ വെച്ചിട്ട് മാധവൻ ആശാൻ തിടുക്കത്തിൽ മൂത്രശങ്ക തീർക്കാനായി വീടിന്റെ ഉള്ളിലേയ്ക്ക് ...

രാധാരമണി വീട്ടിൽ എത്തിയതും പ്രൊഫസർ ഓടി വന്നു. 'എന്തായി പോയ കാര്യം' 'നിങ്ങൾ ശ്രമിച്ചാൽ, ലോക പ്രസിദ്ധനാകുമെന്നാണ്, മാധവനാശാൻ പറഞ്ഞത്. പിന്നെ കുറച്ചു വഴിപാടും. അത് ഞാൻ കഴിച്ചോളാം. വലിയ കാശുചെലവൊന്നുമില്ല.'

നിങ്ങൾക്കു ഇപ്പോൾ ചന്ദ്രദശയല്ലേ. ചന്ദ്രൻ യോഗകാരകനാണത്രെ. ഇത് ടീച്ചറിന്റെ ബുദ്ധിയിൽ തെളിഞ്ഞതാ. അതോടെ നമ്മുടെ പ്രൊഫെസ്സർ ബാലചന്ദ്രന്റെ മുഖം പൂർണ്ണ ചന്ദ്രനെപ്പോലെ. ദിവസങ്ങൾ കടന്നുപോയെങ്കിലും കാര്യമായ പുരോഗതിയൊന്നും ഉണ്ടായില്ല. നാട്ടിലെ വായന ശാലയുടെ വാർഷികത്തിനു പോലും, ആരും ക്ഷണിച്ചില്ല. ഒരുദിവസം ടീച്ചറിന്റെ സ്റ്റുഡന്റ്, വാരിയത്തെ മുരളിക്കുട്ടൻ, ടീച്ചറെ കാണാൻ വന്നു. അവൻ ഇപ്പോൾ യൂട്യൂബ് ബ്ലോഗർ ആണ്. ടീച്ചർ, അവനോടു പ്രൊഫെസ്സറിനെ ഫേമസ് ആക്കാൻ എന്തെങ്കിലും സൂത്രപ്പണി ഉണ്ടോയെന്ന് ചോദിച്ചു. 'ടീച്ചറെ, ആദ്യമായി നമ്മൾ ഏതെങ്കിലും മേഖല തിരഞ്ഞെടുക്കണം. സാറിന് സൂര്യന് താഴെയുള്ള എല്ലാത്തിലും വിവരമുണ്ടെന്ന് പറഞ്ഞിട്ട് ഒരു കാര്യവുമില്ല. എന്തെങ്കിലും ഒന്നിലുള്ള പ്രാവീണ്യമാണ് ഒരാളെ പ്രസിദ്ധനാക്കുന്നത്. ഞാൻ ഒന്നു ആലോചിക്കട്ടെ 'രണ്ടാഴ്ച കഴിഞ്ഞപ്പോൾ വീണ്ടും ഉണ്ണിക്കുട്ടൻ വന്നു. ടീച്ചറെ, നിങ്ങൾക്ക് ഒരു മാര്യേജ് കൗൺസിലിങ്ങ് ചാനൽ തുടങ്ങിക്കൂടെ. രണ്ടു പേരും ടീച്ചർമാർ. നല്ല ദാമ്പത്യം. ഹിന്ദു പുരാണങ്ങളിൽ നല്ല ജ്ഞാനം. ഇനിയിപ്പോൾ ബൈബിളും, ഖുറാനും വായിക്കണം. പിന്നെ കുറച്ചു മനഃശാസ്ത്രവും.

ഞാൻ നമ്മുടെ ഫാദർ ചന്ദ്രൻ മലയേലിനെ പരിചയപ്പെടുത്താം. ബൈബിളും, ഖുറാനും മനഃശാസ്ത്രവും. അദ്ദേഹം കൈകാര്യം ചെയ്യും. നമുക്ക് ഗസ്റ്റായി ഇടക്ക് അദ്ദേഹത്തെ വിളിക്കുകയും ചെയ്യാം'

ടീച്ചർ മനസ്സിലോർത്തു, 'ചന്ദ്രൻ മലയേലിൽ' അവിടെയും ചന്ദ്രൻ തന്നെ. അങ്ങിനെ രണ്ടു മാസം കൊണ്ട് ചാനൽ തുടങ്ങി. മലയേൽ അച്ഛനാണ് പേരിട്ടത് 'ഓം ശാന്തി' വിവാഹം കഴിച്ചവർക്ക് അത് നിലനിർത്താനും കഴിക്കാത്തവർക്ക് അർധനാരീ സങ്കല്പം പറഞ്ഞുകൊടുക്കുകയും ചെയ്യും. പിന്നെ സംശയങ്ങൾ, നേരിട്ടും അല്ലാതെയും. ചാനൽ വൈറലായി ഇപ്പോൾ ഫോളോവെർസ് എത്രയാണെന്നോ 100-കെ കഴിഞ്ഞ ഒരു വർഷത്തെ ലാഭം എത്രയാണെന്നോ. 60 ലക്ഷം !!. ഒന്നു രണ്ടു തവണ ഗസ്റ്റായി മാധവൻ ആശാനും വന്നിട്ടുണ്ട്. കഴിഞ്ഞ ആഴ്ച ഡിവോഴ്സ് പെറ്റീഷൻ ഫയൽ ചെയ്യാൻ വന്ന ദമ്പതികളോട്, ആലുവ ഫാമിലി കോർട്ടിലെ ജഡ്ജ്' ഓം ശാന്തിയിൽ പോയി വരാൻ പറഞ്ഞത്രേ. ഇന്ന് ഓഗസ്റ്റ് 4. ബ്രേക്ക് ഫാസ്റ്റ് കഴിച്ചിട്ട്, പ്രൊഫെസ്സർ പേപ്പർ വായിച്ചുകൊണ്ടിരുമ്പോളാണ് കാളിങ് ബെൽ അടിച്ചത്. ഞെട്ടിപ്പോയി ക്രൈസ്റ്റ് കോളേജിലെ ക്ലാസ് മേറ്റായ പ്രൊഫെസ്സർ ആൻറ്റോ കെട്ടിപ്പിടിച്ചു പ്രെഫെസ്സർ 'രാധേ, ഇതാരൊക്കെയാ വന്നിരിക്കുന്നതെന്ന് നോക്കിയേ, പിന്നെ ചായയും വേണം.' പഴയ കാര്യങ്ങൾ അയവിറക്കി രണ്ടാളും. ആൻറ്റോ ഇപ്പോളും ചെറുപ്പമായിരിക്കുന്നു. ചായയുമായി വന്ന ടീച്ചറിനെ പരിചയപ്പെടുത്തി പ്രൊഫെസ്സർ ബാലചന്ദ്രൻ. 'ഓഗസ്റ്റ് 15ന്, കോളേജിൽ ഒന്നു വരണം. ടീച്ചറിനെ നേരിട്ടുകാണാൻ കുട്ടികൾക്കെല്ലാം വലിയ ഉത്സാഹം. അതിനു ക്ഷണിക്കാനാണ് ഞാൻ വന്നത്. എന്ത് പറയണമെന്നറിയാതെ വിളറിയ മുഖത്തോടെ ടീച്ചർ പ്രൊഫെസ്സറിനെ നോക്കി. പ്രൊഫെസ്സറിന്റെ മുഖം ... ■

---

(28-ാം പേജിന്റെ തുടർച്ച...)

ർത്ഥ്യമേത് എന്ന് വേർതിരിച്ചെടുക്കുവാൻ ശാസ്ത്രത്തിന്റെ രീതിയല്ലാതെ മറ്റൊന്നില്ല. അനുദിനം മസ്തിഷ്കത്തിലേക്കു പ്രവഹിക്കുന്ന വിവരങ്ങളും അറിവുകളും വകതിരിച്ച് കൊള്ളാനും തള്ളാനും സന്നദ്ധത ഉണ്ടായിരിക്കുക എന്നതും പ്രധാനമാണ് അന്ധവിശ്വാസങ്ങളുടെയും മൗലികവാദത്തിന്റെയും ഒളിസങ്കേതങ്ങളെ തിരിച്ചറിയാനും ഇതല്ലാതെ മറ്റൊരു മാർഗ്ഗമില്ല.

മസ്തിഷ്കത്തിന് പുറത്തുള്ള ബാഹ്യപ്രപഞ്ചത്തിലുള്ളതെല്ലാം അളവിന് വിധേയമാണ്. ചില അളവുകോലുകൾക്ക് വളവുണ്ടെങ്കിൽ അത് നിവർത്തുക എന്നതും ശാസ്ത്രത്തിന്റെ ദൗത്യമാണ്. മസ്തിഷ്കത്തിനകത്തുള്ള ബോധപ്രപഞ്ചത്തിലുള്ളതൊന്നും അളവിന് വിധേയമല്ല. ഭാവനയെ അളന്നു തിട്ടപ്പെടുത്തുവാനാവില്ലല്ലോ. ചിന്തയ്ക്കു അതിരുകളില്ല. അനന്തമായ ചിന്താപദ്ധതി, ശാസ്ത്രത്തെ കടത്തിവെട്ടുമെന്ന് കേരളത്തിലെ തന്നെ ചില അതിബുദ്ധിമാന്മാർ കണ്ടുപിടിച്ചിട്ടുണ്ട്. ചിന്തിക്കുവാൻ യുക്തി ആവശ്യമില്ലെന്ന് ഒരിക്കൽക്കൂടി അടിവരയിടുന്ന നിലപാടുകളാണിത്. നമ്മുടെ തന്നെ സാങ്കല്പിക സൃഷ്ടികൾ നമ്മെ കീഴടക്കുന്ന കീഴ്വഴക്കമുള്ളപ്പോൾ, നമ്മുടെ തന്നെ സൃഷ്ടിയായ നിർമ്മിത ബുദ്ധിയും നമ്മെ കീഴടക്കിക്കളയുമോ എന്ന ഭീതിയും സ്വാഭാവികമാണ്.

ശാസ്ത്രബോധം, ചരിത്രബോധം, നീതിബോധം എന്നിത്യാദി നൂതന ചിന്തകൾ നാം തന്നെ ശ്രമിച്ചുണ്ടാക്കേണ്ടതാണ്. ശാസ്ത്രമറിഞ്ഞു, ചരിത്രമറിഞ്ഞു, നിയമമറിഞ്ഞു, എന്നതുകൊണ്ട് മാത്രം ഇതൊന്നുമുണ്ടാകുകയില്ല. നേരത്തെ പറഞ്ഞതുപോലെ ശാസ്ത്രവും ചരിത്രവും നിർമ്മമാണ് പക്ഷെ ശാസ്ത്രജ്ഞരും, ചരിത്ര പണ്ഡിതന്മാരും, നിയമവിശാരദന്മാരും നിർമ്മമരല്ല എന്നാണ് മനസ്സിലാക്കേണ്ടത്. ഓരോരുത്തർക്കും അവരവരുടെ പക്ഷപാതങ്ങളും ഇഷ്ടങ്ങളും ഇഷ്ടക്കേടുകളുമുണ്ട്.

(തുടരും.....)

എം. ടി. വാസുദേവൻ നായർ

# ഓർമ്മ കുറിപ്പ്

**പി . ജയരാമൻ - 9847102015**



എം. ടി. യും അദ്ദേഹത്തിന്റെ കഥകളും, നോവലുകളും, സിനിമകളും മറ്റും മലയാളികൾക്ക് സുപരിചിതമാണ്. അദ്ദേഹത്തെപ്പറ്റി പലരും ധാരാളം പറയുകയും, എഴുതുകയും ചെയ്തിട്ടുണ്ട്, പ്രത്യേകിച്ച് അദ്ദേഹത്തിന്റെ മരണശേഷം. അതിനാൽ എം. ടി. യെ കുറിച്ച് പുതുതായി എന്തെങ്കിലും പറയാൻ വിഷമമാണ്. അതേസമയം ഞാൻ മനസ്സിലാക്കിയ എം. ടി. യെ പറ്റി ചില വാക്കുകൾ കുറിച്ചിടുകയാണ് ഈ ഓർമ്മ കുറിപ്പിന്റെ ലക്ഷ്യം. ആവർത്തനം തികച്ചും ഒഴിവാക്കാൻ ബുദ്ധിമുട്ടായിരിക്കും.

എം. ടി. തന്റെ ആത്മകഥയെഴുതിയിട്ടില്ല. "എന്റെ എല്ലാ കഥകളും കൂട്ടിവെച്ചാൽ ആത്മകഥയായി" എന്ന് അദ്ദേഹം ഒരിക്കൽ എവിടെയോ കുറിച്ചിട്ടിട്ടുണ്ട്. എം. ടി. യുടെ എല്ലാ കൃതികളിലും അദ്ദേഹത്തിന്റെ ആത്മാംശം ഉണ്ട്. 'നാലുകെട്ടിലെ' അപ്പുണ്ണിയിലും, 'അസുരവിത്തിലെ' ഗോവിന്ദൻകുട്ടിയിലും, 'കാലത്തിലെ' സേതുവിലും, എന്തിനേറെ, 'മഞ്ഞിലെ' വിമലയിലും, 'രണ്ടാമൂഴത്തിലെ' ഭീമസേനനിൽപോലും, എം. ടി. യുടെ ആത്മാംശം കണ്ടെത്താൻ കഴിയും. മൗനമായിരുന്നു അദ്ദേഹത്തിന്റെ സ്ഥായിയായ സ്വഭാവവിശേഷം, പരുക്കൻ സ്വഭാവവും, എപ്പോഴും, എവിടെയും, മിതഭാഷിയായിരുന്നു. സർഗസൃഷ്ടിക്ക് മൗനത്തിന്റെ വലിയ പിൻബലം ആവശ്യമാണെന്ന് ടാഗോറിനെ പോലെ എം. ടി. യും വിശ്വസിച്ചു. സക്കറിയയുടെ അഭിപ്രായത്തിൽ "എം. ടി. എല്ലാ മഹാകലാകാരന്മാരെയും പോലെ ഒരു കറ തീർന്ന ഏകാകിയായിരുന്നു".

എം. ടി. ഒരു ബഹുമുഖ പ്രതിഭയായിരുന്നെന്ന് നിസ്സംശയം പറയാം. അദ്ദേഹം കൈവെക്കാത്ത മേഖലകൾ വിരളമായിരിക്കും; ചെറുകഥാകൃത്ത്, നോവലിസ്റ്റ്, തിരക്കഥ രചയിതാവ്, സിനിമ സംവിധായകൻ, പത്രാധിപർ, പ്രാസംഗികൻ, കേരളസാഹിത്യ അക്കാദമി പ്രസിഡന്റ്, തുഞ്ചൻ മെമ്മോറിയൽ ട്രസ്റ്റിന്റെ ചെയർമാൻ മുതലായവ. തൊട്ടതെല്ലാം അദ്ദേഹം പൊന്നാക്കി. കൈവെച്ച മേഖലകളിലെല്ലാം പരിപൂർണത ആർജിച്ചവർ വേറെയുണ്ടോ എന്ന് സംശയമാണ്. എം .മുകുന്ദന്റെ നോട്ടത്തിൽ എം. ടി. യെ കുറിച്ചുള്ള ആലോചനകൾ ഒരു യുഗത്തെക്കുറിച്ചുള്ള ഓർമകളാണ്; കാരണം, എം. ടി. ഒരു യുഗമായിരുന്നു.

**ആദ്യനാളുകൾ**

1933 ജൂലൈ 15-ന് ഭാരതപ്പുഴയുടെ തീരഗ്രാമമായ കൂടല്ലൂരിൽ ജനിച്ച എം. ടി വാസുദേവൻ നായർ എന്ന എം. ടി., 2024-ലെ ക്രിസ്തുമസ് ദിനത്തിൽ കോഴിക്കോട്ടെ ഒരു സ്വകാര്യ ആശുപത്രിയിൽ അന്തരിച്ചു. അദ്ദേഹത്തിന്റെ അമ്മ മാടത്ത് തെക്കേപ്പാട്ട് അമ്മാളു അമ്മ. അമ്മയുടെ വീട്ടുപേര്, എം. ടി ആയി ലോപിച്ച് പിന്നീട് പ്രസിദ്ധമായി. അച്ഛൻ സിലോണിൽ (ഇപ്പോഴത്തെ ശ്രീലങ്ക) വളരെക്കാലം ഒരു തേയില കമ്പിനിയിൽ ജോലി നോക്കിയിരുന്ന ടി. നാരായണൻ നായർ. അച്ഛന്റെ നാട് തൃശൂർ ജില്ലയിലെ ഒരു ഗ്രാമമായ പുന്നയൂർക്കുളം. എം .ടി ക്ക് മുന്ന് ജ്യേഷ്ഠസഹോദരന്മാർ ഉണ്ടായിരുന്നു- ഗോവിന്ദൻ നായർ, ബാലകൃഷ്ണൻ നായർ, നാരായണൻ നായർ. മൂത്ത ജേഷ്ഠന്റെ പത്നി എം. ടി. ക്ക് അമ്മയെപോലെയായിരുന്നു, ചെറുപ്പകാ

ലത്ത് നടമാടിയിരുന്ന മരുമക്കത്തായ സമ്പ്രദായത്തിലെ തറവാട്ട് കാരണവരായ അമ്മാവന്റെ (അമ്മയുടെ ജേഷ്ഠ സഹോദരൻ) ദുർഭരണവും, കണ്ണിൽ ചോരയില്ലായ്മയും എം. ടി. യും അമ്മയും അനുഭവിച്ചിരുന്ന ദാരിദ്ര്യത്തിനും കഷ്ടപ്പാടിനും ആക്കം കൂട്ടി.

പാലക്കാട് വിക്റ്റോറിയ കോളേജിൽ നിന്നും രസതന്ത്രത്തിൽ ബിരുദം നേടിയ ശേഷം, കുറച്ച് കാലം സ്കൂളിലും, ട്യൂട്ടോറിയൽ കോളേജിലും അധ്യാപകനായി ജോലി നോക്കി. തളിപ്പറമ്പ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ ഗ്രാമസേവകനായി ഏതാണ്ട് ഒരു വർഷം പ്രവർത്തിച്ചു. 1957-ൽ മാതൃഭൂമിയിൽ ഉപപത്രാധിപരായി (Sub Editor) ജോലിക്ക്ചേർന്നു. പിന്നിട് മാതൃഭൂമിയിൽ തന്നെ മാസികകളുടെ (Periodicals) പത്രാധിപരായി കുറേക്കാലം ജോലിനോക്കി. തന്റെ 20-ാം മത്തെ വയസ്സിൽ മാതൃഭൂമി നടത്തിയ ഒരു കഥാമത്സരത്തിൽ എം.ടി യുടെ ചെറുകഥ 'വളർത്തുമൃഗങ്ങൾ' ഒന്നാം സമ്മാനം നേടുകയുണ്ടായി. 23-ാം വയസ്സിൽ എഴുതിയ അദ്ദേഹത്തിന്റെ ആദ്യത്തെ നോവൽ, 'നാലുകെട്ട്'1958-ൽ കേരളസാഹിത്യ അക്കാദമി പുരസ്കാരം നേടി. എം. ടി. യുടെ മറ്റു പ്രധാന നോവലുകൾ: കാലം, മഞ്ഞ്, അസുരവിത്ത്, രണ്ടാമൂഴം, വാരണാസി എന്നിവ. പ്രധാന ചെറുകഥാസമാഹാരങ്ങൾ: ഇരുട്ടിന്റെ ആത്മാവ്, ഓളവും തീരവും, ബന്ധനം, വാനപ്രസ്ഥം, സ്വർഗ്ഗം തുറക്കുന്ന സമയം തുടങ്ങിയവയാണ്. സിനിമാരംഗത്തും എം. ടി. സജീവമായിരുന്നു. 54 സിനിമകൾക്ക് തിരക്കഥയെഴുതുകയും , ഏഴ് സിനിമകൾ സംവിധാനം ചെയ്യുകയും ചെയ്തു.

**വിവാഹം**

1965 മുതൽ എഴുത്തുകാരിയും വിവർത്തകയുമായ പ്രമീളയുമൊത്തുള്ള ജീവിതമാരംഭിച്ചു. ഈ ബന്ധത്തിൽ സിതാര എന്ന ഒരു പെൺകുട്ടി അവർക്കുണ്ടായി എന്നാൽ 1976 വരയെ ഈ ബന്ധം നിലനിന്നുള്ളു. സിതാര അമേരിക്കയിൽ ഒരു ബിസിനസ് എക്സിക്യൂട്ടിവായി ജോലി ചെയ്യുന്നു. 1977-ൽ കലാമണ്ഡലം സരസ്വതിയെ എം. ടി. വിവാഹം കഴിച്ചു . ഈ ബന്ധത്തിൽ അവർക്ക് ഒരു മകളുണ്ട്, അശ്വതി. പ്രമീള ഇംഗ്ലീഷിലേക്ക് മൊഴി മാറ്റം നടത്തിയ എം. ടി. യുടെ 'മഞ്ഞ്' ഒരു ക്ലാസിക്കായി വിലയിരുത്തപ്പെട്ടിട്ടുണ്ട്.

**നേട്ടങ്ങൾ**

നിരവധി പുരസ്കാരങ്ങൾ നൽകി രാജ്യവും, സംസ്ഥാനവും എം. ടി. യെ ആദരിച്ചു. പത്മഭൂഷണും (2005), ജ്ഞാനപീഠവും (1995), മുതൽ കേന്ദ്ര / കേരള സാഹിത്യ അക്കാദമി അവാർഡുകൾ, എഴുത്തച്ഛൻ പുരസ്ക്കാരം, മാതൃഭൂമി സാഹിത്യ അവാർഡ്, വയലാർ പുരസ്ക്കാരം, എന്നിവ അവയിൽ ചിലതു മാത്രം. ചലച്ചിത്ര മേഖലയിലും തിരക്കഥ രചനക്കും, സംവിധാനത്തിനും ദേശിയ സംസ്ഥാന തലത്തിലുള്ള നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തെ തേടിയെത്തി. മികച്ച തിരക്കഥക്ക് മാത്രം 15-ലേറെ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. മലയാളഭാഷയിൽ ഇത്രയധികം സമ്മാനിതനായിട്ടുള്ള വേറൊരാൾ ഇല്ല തന്നെ.

എം. ടി. യുടെ നോവൽ രചനകളിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ടത് 'മഞ്ഞും', ചെറുകഥകളിൽ 'വാനപ്രസ്ഥവു'മാണ്. സിനിമകളിൽ 'നിർമ്മാല്യം' മുൻപന്തിയിൽ നിൽക്കുന്നു.

നാളത്തെ സാഹിത്യം ഇന്ന് കണ്ടെത്തുകയാണ് ഒരു പത്രാധിപരുടെ ധർമ്മമെന്ന് എം. ടി. വിശ്വസിച്ചിരുന്നു. ഇന്നത്തെ പ്രമുഖരായ പല എഴുത്തുകാരേയും-ഉദാഹരണത്തിന് എം. മുകുന്ദൻ, സേതു, സക്കറിയ, മേതിൽ രാധാകൃഷ്ണൻ എന്നിവർക്ക് മാതൃഭൂമിയിൽ അവസരങ്ങൾ നൽകി അദ്ദേഹം കൈ പിടിച്ചുയർത്തി.

വള്ളുവനാടൻ ഭാഷയുടെ ലാവണ്യമായിരുന്നു എം. ടി. കൃതികളിലെ പ്രകാശം. നിളാനദിയും, ജന്മനാടായ കൂടല്ലൂരും അദ്ദേഹത്തിന്റെ

ശേഷം 47-ാം പേജിൽ

# ജീവിതം സാക്ഷി

എം . കെ. ചന്ദ്രശേഖരൻ

(തുടർച്ച...)

തൃശ്ശൂരിലെ പബ്ലിഷിംഗ് കമ്പനിയുടേതാണെങ്കിൽ അവരുടെ കൈയ്യിൽ ഇനി അധികം ബുക്കുണ്ടാവില്ല. പുതിയ പതിപ്പിറക്കേണ്ടി വരും. കൂടുതൽ വരാനുള്ളത് കോട്ടയത്തേയും തിരുവനന്തപുരത്തേയും പബ്ലീഷേഴ്സിന്റെയാണ്. കൂടുതലൊന്നും വിശദീകരിക്കാൻ പോയില്ല. മുമ്പൊരിക്കൽ അവൾ പറഞ്ഞ വാക്കുകളോർത്തു."വല്ല കടയിലും കണക്കെഴുതാൻ പോണതാ ഇതിലും ഭേദം."ഹോസ്പിറ്റലിൽനിന്ന് വന്ന് ഒരു മാസം കഴിഞ്ഞപ്പോഴേയ്ക്കും എല്ലാ അസുഖവും മാറിയെന്നൊരാത്മവിശ്വാസം വന്നു.

ഒരു മാസം മുമ്പുവരെ ദിവസവും വൈകിട്ട് എതിരെയുള്ള റോഡ് ക്രോസ് ചെയ്ത്, പുഴയിലെ കടത്തുവഞ്ചി കടന്ന് നാലഞ്ച് മൈൽ ദൂരം നടക്കുമായിരുന്നു. ആ നടപ്പ് തിരുവൈരാണിക്കുളം അമ്പലത്തിനടുത്തുവരെ ചെന്ന് നിൽക്കും. സമയം തെറ്റിയില്ലെങ്കിൽ അമ്പലത്തിന്നകത്തു കയറി ദീപാരാധാന തൊഴുത് പ്രസാദം വാങ്ങിയുള്ള വരവാവുമ്പോൾ എതിരൊന്നും പറയില്ല."ഏതായാലും ഈശ്വരവിശ്വാസമുണ്ടല്ലോ. അത്രയെങ്കിലുമായി."ഇനിയിപ്പോൾ ആ യാത്ര വീണ്ടും തുടങ്ങാമെന്ന് വിചാരിച്ച് പുറത്തിറങ്ങിയതാണ്. അപ്പോഴേയ്ക്കും വന്നു, വിലക്ക്. "വേണ്ട. അവനവന്റെ പ്രായം നോക്കണം. വഴിക്കെങ്ങാനും വീണുപോയാൽ "പറഞ്ഞത് കേട്ടേ ഒക്കൂ. എങ്കിലും പറഞ്ഞുപോയി അതിനെന്താ അസുഖമൊക്കെ മാറിയില്ലെ? ഇങ്ങനെയീ വീട്ടിൽ തന്നെ ചടഞ്ഞിരുന്നാലാണ് അസുഖം വരിക. പോരാത്തതിന് തിരക്കുള്ള മാർക്കറ്റിൽ പോണത് ഞാനല്ലെ?വീണ്ടും വന്നു വിലക്ക് "പ്രായം 84-ലെക്ക് കടക്കുന്നു. ആ ഓർമ്മ വേണം." 84 വയസ്സ് ഇന്നത്തെ കാലത്ത് ഒരു പ്രായമല്ല. മുൻ മുഖ്യമന്ത്രി അച്ചുതാനന്ദൻ നൂറിലെത്തിയിരിക്കുന്നു. അടുത്തകാലത്ത് കടന്നുപോയ ഗൗരിയമ്മയുടെ പ്രായം അപ്പോൾ 102 ആയിരുന്നു. സംസാരിക്കുമ്പോൾ ഒരു വിറയലുണ്ടെന്നേയുള്ളു. അവർക്കൊക്കെ കാര്യങ്ങൾ നോക്കി നടത്താൻ പാർട്ടിയിലെ ആൾക്കാരുണ്ട്. ഇടയ്ക്കൊക്കെ ടി.വി. യിൽ വരുമ്പോൾ കാണാറില്ലെ? ഇടത്തും വലത്തും ആൾക്കാരാണ്.പറഞ്ഞത് കേട്ടേ ഒക്കു. അയാളുടെ സുരക്ഷിതത്വം ഇപ്പോൾ അവളുടെ കയ്യിലാണ്.

ഇന്നവളുടെ ജന്മദിനമാണ്. 76-ലേക്ക് കടക്കുന്നു. ആശംസ അറിയിക്കാനായി ചെന്നപ്പോഴാണ് "കാലത്തെ അമ്പലത്തിൽ പോണം. അവിടെ വഴിപാടിന് കൊടുത്തേച്ച് അഹമ്മദ് ഡോക്ടറെ കാണണം.ഇന്നോ? ഇന്നേ ദിവസം തന്നെ ഡോക്ടറെ കാണണോ?"സുഖമില്ലാതായാൽ പിറന്നാളെന്ന് പറഞ്ഞ് വീട്ടിലിരുന്നാൽ മതിയോ? എന്താ വരാൻ ബുദ്ധിമുട്ടുണ്ടോ?അയാളെ ചൊടിപ്പിക്കുന്ന ചോദ്യമാണ്. ഇവിടെ വന്നതിനുശേഷം എന്നും കൂട്ടുപോവുന്നത് അയാളാണ്. അമ്പലത്തിലായാലും പള്ളിയിലായാലും വല്ലപ്പോഴും സിനിമയ്ക്ക് പോവുമ്പോഴും കൂട്ട് അയാളാണ്. ഈയിടെ ഒന്നുരണ്ടു പ്രാവശ്യം ഡോക്ടറെ കാണാൻ പോവുമ്പോൾ പറഞ്ഞതാണ് - "ഒരു ഡിറ്റയിൽഡ് ചെക്കപ്പ് നടത്തിക്കൂടെ?" അപ്പോഴൊക്കെ മുഖം തിരിച്ചിട്ടേയുള്ളു. പോവാൻ തയ്യാറെടുക്കുമ്പോഴാണ് ചേച്ചിയുടെ വരവ്. "എനിക്കും നിന്റെ കൂടെ വരണംന്നുണ്ട്. ഷുഗറിന്റെ കൊഴപ്പമുണ്ടോന്ന് നോക്കണം.""ശരി പോരേ, ഒരു കൂട്ടായല്ലൊ. അപ്പോ ഇനി നമ്മൾ വരണംന്നില്ല."പക്ഷെ വെളുപ്പിനെ ഏഴുമണിക്ക് വരാമെന്ന് പറഞ്ഞ ഓട്ടോക്കാരൻ വന്നിട്ടില്ല. ഇന്നലെ രാത്രി കൂടി കരിമിനെ വിളിച്ച് പറഞ്ഞതാണ്. ഡോക്ടർ രാവിലെ വീട്ടിൽ എട്ടര

വരെയേ ഉണ്ടാകൂ. പിന്നെ ഹോസ്പിറ്റലിൽ പോവാനുള്ള തയ്യാറെടുപ്പായിരിക്കും. കൂടുതൽ ആൾക്കാരുണ്ടെങ്കിൽ 15 മിനിറ്റുകൂടി ഇരുന്നെന്നിരിക്കും. കരീം വന്നത് എട്ടരയ്ക്ക്. ഡോക്ടർ എട്ടരവരെയേ ഉണ്ടാവൂ എന്ന് അയാൾക്കറിയാവുന്നതാണ്. "ഞാനിന്നലെ രാത്രികൂടി വിളിച്ചു പറഞ്ഞതല്ലേ? ഇനി ഇന്ന് അമ്പലത്തിപ്പോക്ക് നടക്കുവോ?"കരിമിന്റെ മറുപടി ചൊടിപ്പിക്കുന്നതായിരുന്നു. "ഒരു ദിവസം അമ്പലത്തിൽ ചെന്നില്ലെന്ന് വച്ച് ഒന്നും സംഭവിക്കില്ല. ദേവനെങ്ങും പോവില്ല.""അമ്പലത്തിൽ പോണോ ദേവനെ കാണണോ എന്ന് തീരുമാനിക്കുന്നത് ഞാനാണ്, കരിമല്ല. ഓട്ടോയിൽ കയറി നീങ്ങിയിട്ടും രണ്ടുപേരുടെയും വാഗ്വാദം കേൾക്കാമായിരുന്നു.

രണ്ടാഴ്ച മുമ്പ് വീട്ടിലെ അലമാരയും കട്ടിലും കബോർഡും അധികം പഴക്കമില്ലാത്ത മെത്തയും ടീപ്പോയും കൊണ്ടുപോയ ആളാണ്. അന്ന് കരിമിന്റെ മുഖത്തെ തെളിച്ചം കാണണമായിരുന്നു."എന്താ ചേച്ചീ - ഇതെല്ലാം കൊടുക്കാന്ന് വച്ചെ?""അടുത്തമാസാദ്യം മോൻ വരും. അവൻ പറയണെ. ഇപ്പോൾ ഇവിടെയുള്ള ഫർണിച്ചറെല്ലാം കൊടുക്കാനാണ്. പുതിയത് വാങ്ങാംന്ന്. അവൻ പണിയിച്ച വീടല്ലെ? എന്താ കരീമിന് വേണ്ടാന്നുണ്ടോ?""അയ്യോ, എന്താ ചേച്ചീ അങ്ങനെ പറയണെ? വീട്ടിൽ പിള്ളേരുടെ ഡ്രസ്സെല്ലാം വയ്ക്കാൻ പറ്റൂല്ലൊ. പിന്നെ പുസ്തകം വയ്ക്കാൻ കബോർഡുമായി. എല്ലാത്തിനുംകൂടി ഞാനൊരു രണ്ടായിരം രൂപ തരും."അവൾ കണ്ണു മിഴിച്ചില്ലെന്നേയുള്ളു. പലതും ഈ വീട് പണിതതിനുശേഷം വാങ്ങിയതാണ്. അലമാര മാത്രമേ പഴയതെന്ന് പറയാനുള്ളു. ടീപ്പോയും മെത്തയും വാങ്ങിയിട്ട് ആറ് മാസംപോലുമായില്ല. ഇന്നത്തെ നിലയ്ക്ക് ഏങ്ങനെയും 50,000 രൂപ വരും. അതിനാണ് കരിം രണ്ടായിരം രൂപയിട്ടിരിക്കണെ."വാസ്തവത്തിൽ കൊടുക്കാനിഷ്ടമുണ്ടായിട്ടല്ല, പിന്നവനങ്ങനെ പറയുമ്പോൾ കേട്ടല്ലേ പറ്റൂ. അവന്റെ വീടല്ലേ? വാഷിംഗ് മെഷിനും ഫ്രിഡ്ജും കൊടുക്കണില്ല.""ചേച്ചീ എനിക്കൊരു രണ്ടായിരം രൂപ തരാനേ പറ്റൂ... അതിൽകൂടുതൽ-""കരിമൊന്നും തരേണ്ട. വിളിക്കുമ്പം വന്നാൽ മതി." അന്നേരത്തെ കരിമിന്റെ മുഖത്തെ തെളിച്ചം. ആ കണ്ണുകളിലെ തിളക്കം.പുതിയൊരു കരിമിനെയാണ് കണ്ടത് ചേച്ചി എപ്പോ വേണേലും വിളിച്ചോ. ഏത് പാതിരാത്രിയാണേലും വരാം.' അന്നങ്ങനെ പറഞ്ഞ മനഷ്യനാണ്, ഇപ്പോഴീ ബഹളമുണ്ടാക്കുന്നത്. ഉച്ചയ്ക്ക് 12 മണിയോടെയാണവർ തിരച്ചുവന്നത്. വേറൊരോട്ടയിൽ. "എന്തുപറ്റി കരിമിന്റെ ഓട്ടോയ്ക്ക്? ഒന്നും മിണ്ടാതെയവൾ കാലമർത്തിച്ചവിട്ടി മുറിക്കകത്തേയ്ക്ക് പോയി. പിന്നാലെ വന്ന ചേച്ചിയാണ് വിവരം പറഞ്ഞത്."കരിം ഞങ്ങളെ പെരുവഴിയിലിറക്കിപോയെന്ന് പറഞ്ഞാൽ മതിയല്ലൊ, ചൊവ്വര ഫെറിക്കടുത്ത് ഒരു വീട് പണിയണേടത്തുപോയി. കഴിഞ്ഞകൊല്ലം മരിച്ച സിനിമാ പിടിക്കണ ജോർജ്ജിന്റെ ഇളയമകള് പണിയണ വീടാണ്. അതിന്റെ ചുമതല കരിമിനാണ്. കരിം സിനിമാക്കാരന്റെ അയൽവാസിയാണല്ലൊ. ഞങ്ങളെ വീട്ടിലാക്കീട്ട് പോ. ഇന്നിതേവരെ ഒരുതുള്ളി വെള്ളംപോലും കുടിച്ചിട്ടില്ല എന്ന് പറഞ്ഞതാണ്. കരിമിനൊരു വാശിപോലെ."
"എനിക്ക് നിങ്ങളെ ചൊമന്നോണ്ട് നടന്നാ പോരാ, എന്നെ ഏല്പിച്ച പണി നോക്കിയേ ഒക്കൂ."

സിനിമാക്കാരന്റെ മകളിപ്പം ബാംഗ്ലൂരിൽ ചേച്ചിയുടെ കൂടെയാണ്. ഇന്നലെ രാത്രീല് തൊടങ്ങിയ വിളിയാണത്രെ. ആ ദേഷ്യം കരിം ഞങ്ങളോടാണ് തീർത്തത്.സഹിക്കവയ്യാതായപ്പോൾ അവള് പറഞ്ഞു: "സിനിമാക്കാരന്റെ മോളാവുമ്പം പണം ഇഷ്ടംപോലുണ്ടാവും. അത് കണ്ട് മഞ്ഞളിച്ചപ്പം ഞങ്ങളെയൊക്കെ വേണ്ടാണ്ടായി.""എന്താ ചേച്ചീ - എനിക്ക് കൊറെ പണം കിട്ടണേന് ചേച്ചിക്ക് കണ്ണുകടിയുണ്ടോ?" "ഫാ!" - ഒരാട്ടായിരുന്നു. "നീയിതിന്റെ ഫലം അനുഭവിക്കാതെ പോവുംന്ന് തോന്നന്നുണ്ടോ?" ഉച്ചയ്ക്ക് ഭക്ഷണം കഴിക്കാൻ നേരത്താണ് അവൾ മനസ്സ് തുറന്നത്."ഇന്നലെ രാത്രി രണ്ടു

മൂന്നുവട്ടം ഛർദ്ദിച്ചു. ഇന്ന് കാലത്തും ഓക്കാനിക്കാൻ വന്നു. നമ്മൾ നല്ല ഉറക്കത്തിലായിരുന്നു. വിളിക്കാണ്ടാന്ന് വച്ചു.""കരിമിന്റെ ഓട്ടോക്കാശ്ശ് കൊടുത്തോ?""ഓട്ടോക്കാശ്ശ്, അവന്റെ പട്ടിവരുവാണേൽ കൊടുക്കും. പട്ടിക്ക് മനുഷ്യനോട് നന്ദിയും കൂറും കാണും. വലിയ കൊമ്പത്തല്ലേ പിടിച്ചിരിക്കണെ."അവളുടെ പരാതി തീരുന്നില്ല.

"നമ്മളൊക്കെ മുമ്പ് ആലുവായിലോ വല്ലപ്പോഴും എറണാകുളത്തോ പോവുമ്പം അവന്റെ കാപ്പികുടീം ഭക്ഷണോം കൊടുക്കണില്ലെ? എന്നിട്ടും ഓട്ടോ ചാർജ്ജ് കണക്ക് പറഞ്ഞ് മേടിക്കും. അതിലൊന്നും വിഷമമില്ല. പ്രായമായ രണ്ട് പെണ്ണുങ്ങളെ പെരുവഴിയിലാക്കിയിട്ട് പോയ ഒരുവനോട് ഇനി ഒരടുപ്പോം ഇല്ല, കട്ടിലും മെത്തയും അലമാരിയും കൊണ്ടുപോയ സമയത്തെ അവന്റെ മുഖത്തെ ഇളി കാണണമായിരുന്നു. കൊണ്ടുപോയി തിന്നട്ടെ."പിന്നീടൊരിക്കലും ഡോക്ടറെ കാണാനോ മറ്റേതെങ്കിലും ആവശ്യത്തിന് വെളിയിൽ പോവാനോ കരിമിനെ വിളിക്കാറില്ല. ഇപ്പോൾ വരണത് ഇബ്രാഹിം - വഴിക്ക് കാപ്പിയോ ചായയോ കുടിക്കാൻ വിളച്ചാവരില്ല. എത്ര താമസിച്ചാലും വേണ്ടാന്നേ പറയൂ. വന്ന് കഴിഞ്ഞാൽ ഓട്ടോച്ചാർജ്ജ് മാത്രം കൊടുത്താൽ മതി.ഒരാഴ്ച കഴിഞ്ഞില്ല. വീണ്ടും അഹമ്മദ് ഡോക്ടറെ കാണമെന്ന് പറഞ്ഞപ്പോൾ അയാളല്പം ദേഷ്യത്തിൽ തന്നെ പറഞ്ഞു."ഇതിപ്പോ എത്രാമത്തെ പ്രാവശ്യാ അങ്ങേരെത്തന്നെ കാണണമെന്ന് പറയണെ? ഒരു കംപ്ലീറ്റ് ചെക്കപ്പ് അതാണ് വേണ്ടത്. എറണാകുളത്തെ ലിസി ഹോസ്പിറ്റലിലാവുമ്പോൾ നമുക്ക് കുറെയൊക്കെ പരിചയമുള്ളടമാണ്. മുമ്പെറണാകുളത്തായിരുന്നപ്പോൾ വല്ലപ്പോഴും നമ്മളവിടെയല്ലേ പൊയ്ക്കൊണ്ടിരുന്നെ. അന്നത്തെ ഡോക്ടർമാരും സ്റ്റാഫും കുറെയൊക്കെ മാറിക്കാണും. പല കാര്യങ്ങളിലും അവിടാണ് മെച്ചം. ഒരുദിവസം മുഴുവൻ ചിലവഴിച്ചാലും വേണ്ടില്ല. എല്ലാം കറക്ടായി അറിയാൻ പറ്റും."ഇത്തവണ എതിരൊന്നും പറഞ്ഞില്ല പറഞ്ഞതതേപടി അനുസരിക്കുകയായിരുന്നു.

വിശദമായൊരു ചെക്കപ്പാണ് നടന്നത്. എക്സറേ, സ്കാനിംഗ്, ബി.പി, ബ്ലഡ് എല്ലാം കഴിഞ്ഞ് ഉച്ചയോടെ എൻഡോസ്കോപ്പി. ഇനി എന്തെങ്കിലും ഭക്ഷണം കഴിക്കണല്ലോ എന്ന് വിചാരിക്കുമ്പോഴാണ് ചെക്കപ്പിന് നേതൃത്വം നൽകിയ ഡോക്ടർ അയാളുടെ അടുത്തേയ്ക്ക് വരുന്നത്."മിസ്സിസ്സിന്റെ കുടലിൽ ഒരു ബ്ലോക്ക്, കുറച്ച് വലുതായിട്ടുണ്ട്. ഒരോപ്പറേഷൻ വേണ്ടിവരും. സമ്മതാണേൽ കൗണ്ടറിൽ പോയി അവർ തരുന്ന എഗ്രിമെന്റ് ഫോറത്തിൽ ഒപ്പിട്ട് തരണം."ഒരു ഷോക്കായിരുന്നു അനുഭവപ്പെട്ടത്. താൻ പറഞ്ഞിട്ടാണ് അവളിങ്ങോട്ട് പോരാംന്ന് വെച്ചത്. ഇതിപ്പോൾ -"ഞാൻ മിസ്സിസിനോടൊന്ന് ചോദിക്കട്ടെ.""വേണമെന്നില്ല, എല്ലാം ഞാൻ പറഞ്ഞിട്ടുണ്ട്. ഇനിയും വെച്ചുനീട്ടരുതെന്ന് പറഞ്ഞപ്പോൾ അവർക്ക് സമ്മതം."ഓപ്പറേഷന് പോവുന്നതിന് മുന്നേ അവളുടെ അടുത്ത് ചെന്നപ്പോൾ യാതൊരു ഭാവവ്യത്യാസവുമില്ല. ഇങ്ങനെയൊന്നുണ്ടാവുമെന്ന് മുൻകൂട്ടി കണ്ടപോലെ.അയാളെ കണ്ടപ്പോൾ പറഞ്ഞതിത്രമാത്രം. "ഇവിടെ ഉണ്ടാവണം. കുറച്ച് സമയമെടുക്കും." "മോനെ വിളിക്കണ്ടേ?""വിളിച്ചു. അവൻ ഉച്ചകഴിഞ്ഞുള്ള ഫ്ളൈറ്റിൽ വരും. അപ്പോഴേയ്ക്കും പേവാർഡ് കിട്ടുമോന്ന് നോക്കണം."മുമ്പ് രണ്ട് തവണ മോട്ടോർ ആക്സിഡന്റിൽപെട്ട് കുറെനാൾ ഇവിടെ കിടന്നിട്ടുള്ളതാണ്. അന്നൊന്നും ഇക്കാര്യങ്ങളൊന്നും അന്വേഷിക്കേണ്ടി വന്നിട്ടില്ല. റൂം ബുക്ക് ചെയ്യുന്ന കൗണ്ടറിന് മുന്നിൽ ചെന്നപ്പോൾ ചെക്കപ്പ് നടത്തിയ ഡോക്ടറും കൂടെ വന്നു. ബുദ്ധിമുട്ടില്ലാതെ അക്കാര്യം ശരിയായി. വിവരം പറയാൻ ചെന്നപ്പോഴേയ്ക്കും ആളെ ഓപ്പറേഷൻ തീയറ്ററിലേയ്ക്ക് കൊണ്ടുപോയിക്കഴിഞ്ഞിരുന്നു.

(തുടരും...)

ജീവിതാനുഭവങ്ങൾ

# ചതുരംഗ വീഥി

ഹരിഹരനന്ദനൻ - 99625 83139

(തുടർച്ച.....)

**കല, ശാസ്ത്രം, കായികം, സംസ്കാരം**

ചെസ്സ് എങ്ങിനെ കായിക വിഭാഗത്തിൽ ഉൾപ്പെട്ടു എന്നത് വളരെയധികം പഠനവിധേയമായ ഒരു കാര്യമാണ്. വാസ്തവത്തിൽ കഴിഞ്ഞ നാൽപ്പത് വർഷങ്ങളിൽ ഇന്ത്യയിലാണ് ചെസ്സിന് ഇങ്ങനെയൊരു പ്രത്യേക അംഗീകാരം എറ്റവും കൂടുതൽ കിട്ടിയത്. അതിന് പ്രധാന കാരണം വിശ്വനാഥൻ ആനന്ദിന്റെ ആവിർഭാവമാണ്.

യൂറോപ്പിലും അമേരിക്കയിലും ചെസ്സിനെ കലയുടെ ഒരു ഭാഗമായാണ് കാണുന്നത്. ലണ്ടൻ ടൈംസിലും ന്യൂയോർക്ക് ടൈംസിലും മറ്റും ചെസ്സ് ആർട്സ് പേജിലാണ് ഉൾപ്പെടുത്തിയിരുന്നത്. അതും ആഴ്ചയിലൊരിക്കൽ ഒരു പ്രധാന ഗ്രാൻഡ്മാസ്റ്റർ കൈകാര്യം ചെയ്തിരുന്ന അനാലിസിസ് കോളത്തിൽ മാത്രം. ഇന്ത്യയിലും കുറേക്കാലം ഇങ്ങിനെയൊരു സംവിധാനമുണ്ടായിരുന്നു. അതിൽ പ്രമുഖമായത് ഇന്ത്യൻ എക്സ്പ്രസിന്റെ സൺഡേ സ്റ്റാൻഡേർഡിൽ മുൻ ദേശീയ ചാമ്പ്യൻ ആർ. ബി. സാപ്രേ ചെയ്തിരുന്ന കോളമായിരുന്നു. അദ്ദേഹം കൈകാര്യം ചെയ്ത ആ കോളം തൊണ്ണൂറുകളോടെ സൺഡേ എഡിറ്ററുടെ നിർദ്ദേശപ്രകാരം ഞാൻ ഏറ്റെടുക്കുകയായിരുന്നു. എക്സ്പ്രസ്സിൽ നിന്ന് വിരമിക്കുന്നത് വരെ ഏതാണ് ഇരുപതു വർഷത്തോളം ഞാൻ ആ കോളം ചെയ്യുകയുണ്ടായി.

പക്ഷെ ഇന്ത്യൻ ചെസ്സ് അതിനിടെ കോളങ്ങളിൽ നിന്നും പുറത്തു വന്നിരുന്നു. ആനന്ദിന്റെ അന്താരാഷ്ട്ര വിജയങ്ങളിൽ അഭിമാനം കൊണ്ട് പത്രങ്ങൾ തങ്ങളുടെ സ്പോർട്സ് പേജുകളിൽ വളരെ പ്രാധാന്യം നൽകി ചെസ്സ് കവർ ചെയ്തു. വാസ്തവത്തിൽ അപ്പോളും യൂറോപ്യൻ, അമേരിക്കൻ പത്രങ്ങൾ കളി എന്നതിൽ കവിഞ്ഞ് കലയുമായാണ് ചെസ്സിനെ ബന്ധപ്പെടുത്തിയിരുന്നത്. ആയിടക്ക് കാസ്പറോവ് ഔദ്യോഗിക സംഘടനക്ക് എതിരായി പ്രൊഫഷണൽ ചെസ്സ് അസോസിയേഷൻ രൂപീകരിക്കുകയും നൈജൽ ഷോർട്ടിനെതിരായി ചാംമ്പ്യൻഷിപ്പ് മത്സരം ലണ്ടനിൽ സംഘടിപ്പിക്കുകയും ചെയ്തു. അതോടെ ഇംഗ്ലണ്ടിൽ ചെസ്സിന് മാധ്യമ അംഗീകാരം കൂടുതൽ കിട്ടുകയും ബി ബി സി തുടങ്ങിയ ചാനലുകൾ ചെസ്സിനെ തത്സമയം സംപ്രേഷണം ചെയ്യുകയും ചെയ്തു. പക്ഷെ ടെലിവിഷന് ചേർന്ന ഒരു കളിയല്ലാത്തതുകൊണ്ട് ആ പരീക്ഷണം അത്ര കണ്ട് വിജയിച്ചില്ല.

ഇന്ത്യയിലും തൊണ്ണൂറ്റിനാല്, തൊണ്ണൂറ്റി അഞ്ച് വർഷങ്ങളിൽ ടെലിവിഷൻ ആനന്ദിന്റെ മത്സരങ്ങൾ ലൈവ് ടെലികാസ്റ്റ് ചെയ്യാൻ ശ്രമങ്ങൾ നടത്തി. ഹൈദരാബാദിലെ സാന്ഘിനഗറിൽ ആനന്ദിന്റെ മത്സരങ്ങൾ നടന്നപ്പോൾ ദൂരദർശൻ വലിയ തോതിൽ കവർ ചെയ്തിരുന്നു. അതും അത്ര കണ്ട് വിജയിച്ചില്ല എന്ന് വേണം പറയാൻ.

തൊണ്ണൂറ്റി അഞ്ചിലെ ആനന്ദ് കാസ്പറോവ് മത്സരം ന്യൂയോർക്കിലെ വേൾഡ് ട്രേഡ് സെന്ററിൽ അരങ്ങേറിയപ്പോൾ ടെലിവിഷൻ സാമാന്യം നല്ല രീതിയിൽ കവർ ചെയ്യുകയുണ്ടായി. അതിനു കിട്ടിയ പ്രതികരണവും നല്ലതായിരുന്നു. കാരണം അവിടെ ടിക്കറ്റ് എടുത്തു വന്ന കാഴ്ചക്കാരിൽ മിക്കവാറും ചെസ്സ് അറിയുന്നവരുമായിരുന്നു. അവരുമായി അന്നത്തെ കമൻറേറ്റർ മൗറിസ് ആഷ്‌ലി നടത്തിയ രസകരമായ ചർച്ചകളും സംവാദങ്ങളും ചെസ്സിനും അതിന്റെ കവറേജിനും പുതിയ മാനങ്ങൾ നൽകി. ഈയിടെ സിംഗപ്പൂരിൽ നടന്ന ഗുകേശ് ഡിങ്

ലിറൺ ലോകമത്സരം 'ചെസ് ബേസ് ഇന്ത്യ' കവർ ചെയ്തതും ഈ രീതിയിലായിരുന്നു. ഇതിന്റെ പ്രത്യേകത എന്തെന്നാൽ കാണികളോട് വരുന്ന പൊസിഷനുകളിലെല്ലാം അവരുടെ കാഴ്ചപ്പാട് ആരായുകയും അവർ മുന്നിലേക്ക് വയ്ക്കുന്ന നീക്കങ്ങൾ അപഗ്രഥിക്കുകയും ചെയ്തിരുന്നു എന്നതാണ്. ഗുകേഷും ലിറനും ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ കമന്റേറ്ററും കാണികളും പിന്നണിയിൽ ഒരു സമാന്തര ഗെയിം കളിച്ചത് വളരെ അനുചിതമായ ഒരു പരീക്ഷണമായിരുന്നു. ചെസ്ബേസ് ഇന്ത്യ ബോംബയിലെ അവരുടെ സ്റ്റുഡിയോയിൽ സ്പോൺസർമാരുടെ സഹായത്തോടെ സംഘടിപ്പിച്ച ഈ സംരഭത്തിന് മറ്റു പല സവിശേഷതകളും ഉണ്ടായിരുന്നു. നീക്കം പ്രവചിക്കുക അവ ബോർഡിൽ വരികയാണെങ്കിൽ ചെറിയ ചെറിയ സമ്മാനങ്ങൾ നൽകുക തുടങ്ങിയ പ്രത്യേകതകളും അവിടെ ഉണ്ടായിരുന്നു. പങ്കെടുക്കലിന്റെ ഉത്തമ ഉദാഹരണമായിരുന്നു അത്. വാസ്തവത്തിൽ 'പോഡ്കാസ്റ്റ്' എന്ന ഓൺലൈൻ സമ്പ്രദായത്തിന്റെ സാധ്യതകൾ സമർത്ഥമായി ഉപയോഗിച്ച ഒരു മികച്ച കവറേജ് ആയിരുന്നു അത്.

ചെസ്സ് എന്തുകൊണ്ട് കലയാവുന്നു എന്ന് നോക്കാം. എസ്തെറ്റിക്സ് അഥവാ സൗന്ദര്യശാസ്ത്രം നൃത്തം, നടനം, കവിത, ചിത്രകലാ രൂപങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒരു മേഖലയല്ല. സർഗ്ഗാത്മക രചനകളിലെല്ലാം സൗന്ദര്യ ശാസ്ത്രം ത്രസിക്കുന്നു. ഒരു മരപ്പണിക്കാരനും കൊശവനും തന്റെ പ്രവൃത്തി കഴിഞ്ഞ് കിട്ടുന്ന രൂപത്തെ സർഗ്ഗാത്മകതയുടെ മൂർത്തിമദ് ഭാവത്തിൽ കാണുന്നു. ചെസ്സിലെ എസ്തെറ്റിക്സ് എന്നത് രചനയുടെ ഭാഗമായാണ് വരുന്നത്. അത് കൊണ്ടാണല്ലോ വലിയ ടൂർണമെന്റിലെല്ലാം 'എറ്റവും സൗന്ദര്യമുള്ള കളി' (മോസ്റ്റ് ബ്യൂട്ടിഫുൾ ഗെയിം) എന്ന അവാർഡ് കൊടുക്കപ്പെടുന്നത്. സർഗ്ഗാത്മകത വിവിധ രൂപങ്ങളിൽ, ഭാവങ്ങളിൽ ഒരു ചെസ്സ് ഗെയിമിൽ അവതരിക്കാം: തുടക്കത്തിൽ ഒരു പുതിയ നീക്കമായി, പിന്നീട് കരുക്കൾ ഒരു മനോഹര ചിത്രത്തെപ്പോലെ കൂടിച്ചേർന്നു ഒരു symPhony ആയി വരുമ്പോൾ അതുമല്ലെങ്കിൽ ഒരു കളിയുടെ അവസാനം വിജയിയുടെ കരുക്കൾ നിൽക്കുന്ന സ്ഥാനം അഥവാ ചിത്രം ഇതൊക്കെ ചെസ്സിന്റെ സൗന്ദര്യശാസ്ത്രത്തെ വിളിച്ചോതുന്നു.

ചെസ്സും സയൻസും (ശാസ്ത്രം) തമ്മിലുള്ള ബന്ധം വളരെ എളുപ്പം സ്ഥാപിക്കാവുന്നതാണ്. അടിസ്ഥാന പ്രമാണങ്ങളും തത്ത്വങ്ങളും മുൻനിർത്തിയാണ് ചെസ്സ് പുരോഗമിച്ചത്. പുറമെ കണക്കുകൂട്ടലും പിന്നെ പ്രശ്നോത്തരങ്ങളും ആയി ഫിസിക്സിനെപ്പോലെയോ രസതന്ത്രത്തെപ്പോലെയോ ഉള്ള ഒരു വലിയ പാഠ്യ വിഷയമായി ചെസ്സ് വളർന്നു കഴിഞ്ഞിരിക്കുന്നു. ഓപ്പണിങ്ങ് പ്രമാണങ്ങളും തത്ത്വങ്ങളും മുന്നൂറു വർഷങ്ങളായി പരീക്ഷിക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ഖണ്ഡിക്കപ്പെടുകയും ഒക്കെ ചെയ്തു. ഈ കമ്പ്യൂട്ടർ യുഗത്തിൽ ഒരു മഹാസമുദ്രമായി പരിണമിച്ചു കഴിഞ്ഞിരിക്കുന്നു. ഒരു കളിയിൽ വരാവുന്ന മിക്കവാറും എല്ലാ സാധ്യതകളും അപഗ്രഥനം ചെയ്യപ്പെട്ട് കഴിഞ്ഞിരിക്കുന്നു. അപ്പോൾ ഇതൊരു ശാസ്ത്രമാണെന്ന് തർക്കമറ്റ ഒരു സംഗതിയാവുന്നു.

ചെസ്സിന്റെ കായിക പ്രാധാന്യമാണ് ഇതിലെ ഏറ്റവും ദുഷ്കരമായ വശം. ബുദ്ധി കൊണ്ട് കളിക്കുന്ന ഒരു ഇൻഡോർ ഗെയിം എങ്ങിനെ കായിക കലയാവും എന്നത് തർക്കിക്കപ്പെട്ട് കഴിഞ്ഞ ഒരു വിഷയമാണ്. അത് മുൻനിർത്തിയാണല്ലോ പാശ്ചാത്യലോകം ഈ കളിയെ ആർട്സ് ആൻഡ് കൾചർ വിഭാഗത്തിൽ പെടുത്തിയത്. ഇങ്ങിനെയൊക്കെയായിരുന്നാലും ഉള്ളിന്റെ ഉള്ളിൽ എല്ലാ ചെസ്സ് കളിക്കാർക്കും സ്പോർട്സ് അഡ്രസ്സിൽ ഈ കളിയെ കാണാനാണ് ആഗ്രഹം എന്നത് എനിക്ക് മനസ്സിലായത് ആനന്ദിന്റെ ന്യൂയോർക് മത്സരത്തിനിടയിലാണ്. ഇന്ത്യയിലെ സാൻങ്ങിനഗറിൽ വന്നു കവർ ചെയ്ത പല യൂറോപ്യൻ, അമേരിക്കൻ ചെസ് പത്രപ്രവർത്തകരും പിന്നീട് വേൾഡ് ട്രേഡ് സെന്ററിലെ ഇന്ത്യയിലുള്ള കവറേജും കണ്ട ആ ഗ്രാൻഡ്മാസ്റ്റർമാർ ചെസ്സിന് കിട്ടാവുന്ന ഏറ്റവും മികച്ച അംഗീകാരമാണ് ഭാരതത്തിൽ കിട്ടിയിരിക്കുന്നതെന്ന് സമ്മതിക്കുകയുണ്ടായി.

➞

വാസ്തവത്തിൽ സ്പോർട്സ് പേജിലെ ലീഡ് വാർത്തയായി എട്ടു കോളം തലക്കെട്ടിൽ ചെസ്സ് വിളയാടുന്നതുകണ്ട് അവർ ആശ്ചര്യസ്തബ്ധരാവുകയായിരുന്നു.

ചെസ്സ് എന്നാൽ രണ്ടു കളിക്കാർ ഒരു ബോർഡിന് മുന്നിൽ തല കുനിച്ചിരുന്ന് ബുദ്ധികൊണ്ട് പയറ്റുന്ന ഒരു യുദ്ധമായാണ് സാധാരണ ജനം ധരിച്ചിരിക്കുന്നത്. എന്നാൽ ബുദ്ധി ശരിയായി ഉപയോഗിക്കണമെങ്കിൽ ആരോഗ്യമുള്ള ഒരു ശരീരം വേണമെന്നത് തെളിയിക്കപ്പെട്ട സംഗതിയാണ്. ഗാരി കാസ്പറോവ് 100 മീറ്റർ 10.2 സെക്കൻഡിൽ ഓടിയെത്തുമായിരുന്നു എന്ന് അദ്ദേഹത്തെ പരിശീലിപ്പിച്ച അക്കാദമി നോട്സിൽ പറയുന്നു; അതായത് ഇന്ത്യയിലെ നാഷണൽ സ്പ്രിന്റ് ചാമ്പ്യൻ അതെ ദൂരം താണ്ടാൻ എടുക്കുന്ന സമയം. കാർപോവ് നീന്തലിലാണ് തന്റെ പരിശീലനം നടത്തിയിരുന്നത്. ഈയിടെ ആനന്ദിന്റെ ഭാര്യ അരുണ ഒരു അഭിമുഖത്തിൽ താൻ എത്ര കഷ്ടപ്പെട്ടാണ് ഭർത്താവിനെക്കൊണ്ട് ദിവസം നാൽപ്പത് 'പുഷ് അപ്' ഒരു മരുന്ന് പോലെ എടുപ്പിച്ചിരുന്നത് എന്ന് പറയുന്നുണ്ട്. അത് തുടങ്ങിയത് കുറച്ചു കാലം മുൻപ് പുറത്തുള്ള ഒരു ടൂർണമെന്റിൽ തുടർച്ചയായി രണ്ടോ മൂന്നോ കളികൾ ബാലിശമായ പിഴവുകൾ വരുത്തി തോറ്റപ്പോൾ ബുദ്ധിക്ക് പുറമെ ശരീരം കൂടി സഹകരിച്ചാലെ നല്ല നീക്കങ്ങൾ നടത്താനാവൂ എന്ന ബോധം വന്നത് കൊണ്ടാണങ്ങനെ ചെയ്തതെന്ന് അരുണ പറയുന്നു.

ചെസ്സ് കായിക വിനോദമാവുന്നത് അതിൽ ഒരു മത്സരം ഉണ്ടെന്നുള്ളതുകൊണ്ടാണ്. അതും ചിട്ടപ്പെടുത്തിയ നിയമങ്ങളാൽ സമയബന്ധിതമായ ഒരു മത്സരം. ഒരു പക്ഷെ ജിംനാസ്റ്റിക്സിനേക്കാൾ എളുപ്പത്തിൽ ഫലം നിർണയിക്കാവുന്ന മത്സരം. പക്ഷെ വിധി വൈപരീത്യമെന്നു പറയട്ടെ ജിംനാസ്റ്റിക്സ് ഒളിംപിക്സിൽ ഇടം പിടിച്ചപ്പോൾ ചെസ്സ് പുറത്ത് നിൽക്കുന്നു എന്നത് ഒരു പക്ഷെ അതിനു ദൃശ്യവിനോദമാവാൻ കഴിയാത്തതുകൊണ്ടായിരിക്കാം.

പക്ഷെ സംസ്കാരത്തിന്റെ ഭാഗമായി ഒരു കലയുടെ എല്ലാ മൂല്യങ്ങളും നൽകി ചെസ്സിനെ പരിപോഷിപ്പിച്ചത് സോവിയറ്റ് യൂണിയൻ ആണെന്ന് വേണം പറയാൻ. എഴുപതുകളിലും എൺപതുകളിലും സോവിയറ്റ് യൂണിയൻ ഒരു കലാ, ശാസ്ത്ര, കായിക, സാംസ്കാരിക ശക്തിയായി വളർന്നത് അവരുടെ സമ്പത്വ്യവസ്ഥയും അത്ര കണ്ടു മെച്ചപ്പെട്ടതായതുകൊണ്ടാണ്. ഇന്ത്യയുമായിത്തന്നെ കലാ സാംസ്കാരിക രംഗത്ത് അവർക്കു വളരെ ഉപയോഗപ്രദമായ കൈമാറ്റങ്ങൾ നടന്നതും ഇക്കാലത്താണ്. ഹൗസ് ഓഫ് സോവിയറ്റ് കൾച്ചർ ഇന്ത്യയിൽ ദൽഹിയിലും, ബോംബെയിലും, കൽകട്ടയിലും, മദ്രാസിലും തങ്ങളുടെ സാംസ്കാരിക കേന്ദ്രങ്ങളിൽ ചെസ് ക്ലബ്ബുകൾ തുടങ്ങുകയും അവിടെ വിവിധ ടൂർണമെന്റുകളും കോച്ചിങ്ങ് ക്ലാസ്സുകളും സംഘടിപ്പിക്കുകയും ചെയ്തു.

എന്തിന് തിരുവനന്തപുരത്തെ ഹൗസ് ഓഫ് സോവിയറ്റ് കൾച്ചറിൽ പോലും ചെസ്സ് ടൂർണമെന്റുകൾ സംഘടിപ്പിക്കുമായിരുന്നു. ഞാൻ തൊണ്ണൂറ്റിയെട്ടിലെ എലിസ്റ്റാ (റഷ്യയുടെ ഭാഗമായ കൽമിക്യയുടെ തലസ്ഥാനം) ചെസ്സ് ഒളിംപിയാഡ് കവർ ചെയ്യാൻ പോയപ്പോൾ എന്നൊട് വളരെ ബഹുമാനത്തോടെ അവിടത്തെ പത്രങ്ങളും മറ്റു സംഘടനകളും പെരുമാറിയതിന് കാരണം ഞാൻ ആനന്ദിന്റെ നാട്ടിൽ നിന്ന് വരുന്നത് കൊണ്ടായിരിക്കാം എന്ന് തെറ്റിധരിച്ചു. വാസ്തവത്തിൽ ഒരു ഉദ്ഘാടന ചടങ്ങിന് എന്നെ പ്രധാന അതിഥിയായി ക്ഷണിച്ചപ്പോൾ ഞാൻ അമ്പരന്നു പോയി. എന്നാൽ ആദ്യ പ്രഭാഷകൻ എന്നെ സദസ്സിനു പരിചയപ്പെടുത്തിയപ്പോൾ എന്റെ സംശയങ്ങളെല്ലാം നീങ്ങി. ചെസ്സിന്റെ തറവാടും ജന്മസ്ഥലവുമായ ഇന്ത്യയിൽ നിന്നുള്ള ഒരു പത്രപ്രവർത്തകനാണ് ഇതെന്ന് പറഞ്ഞപ്പോളാണ് എനിക്ക് സോവിയറ്റ് സംസ്കാര മഹിമ ബോധ്യപ്പെട്ടത്. സോവിയറ്റ് സംസ്കാരം വ്യക്തിയിൽ അധിഷ്ഠിതമല്ല അത് പാരമ്പര്യത്തിന്റെ മഹാ പ്രസ്ഥാനമാണ് എന്ന് കാണിച്ച് തന്നതും ആ യാത്രയാണ്.

(തുടരും....)

# പശ്ചിമഘട്ട മലനിരകളും വയനാട് ദുരന്തവും

എൻ. രാജശേഖരൻ – 9895550719

(തുടർച്ച...)

**കർണ്ണാടക സർക്കാരിന്റെ നിലപാടുകൾ**

ഇക്കാര്യത്തിൽ കർണ്ണാടക സർക്കാർ സ്വീകരിച്ച ധീരമായ നിലപാടുകൾ ഏറെ പ്രശംസനീയമാണ്, വയനാട്ടിലും, ഉത്തരകന്നഡയിലെ ഷിരൂരിലും ഉണ്ടായ ഉരുൾപൊട്ടലിനെ തുടർന്ന് ഷിരാഡി ഘട്ട്, ചാർമാസി ഘട്ട് ഉൾപ്പെടെയുള്ള പല സ്ഥലങ്ങളിലും ഉരുൾപൊട്ടൽ ഉണ്ടായി. ഇതിനെ തുടർന്ന് വൻതോതിൽ കാട് കയറി നിർമ്മിച്ച അനധികൃത റിസോർട്ടുകൾ, ഹോംസ്റ്റേകൾ എന്നിവ ഒഴിപ്പിക്കാൻ കർണ്ണാടക സർക്കാർ കർശനമായ നിർദ്ദേശം നൽകി കഴിഞ്ഞു. തന്നെയുമല്ല, അനധികൃത സ്ഥാപനങ്ങളെ ഒഴിപ്പിക്കാൻ കർണാടക സർക്കാർ ക്ലിയറൻസ് ടാസ്ക് ഫോഴ്സ് രൂപീകരിച്ചതായി കർണ്ണാടക വനം വകുപ്പ് പ്രഖ്യാപിക്കുകയുണ്ടായി. കർണ്ണാടക വനം വകുപ്പ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഫോറസ്റ്റ് ഫോഴ്സ് മേധാവി എന്നിവരുടെ നേതൃത്വത്തിലുള്ള ടാസ്ക് ഫോഴ്സ് പശ്ചിമഘട്ടത്തിലും, മറ്റു പ്രദേശങ്ങളിൽ നിന്നും വനം കൈയ്യൊഴിപ്പിക്കൽ ആരംഭിച്ചു കഴിഞ്ഞു.

പക്ഷേ, കേരളം ഉൾപ്പെടെയുള്ള ബാക്കി അഞ്ചു സംസ്ഥാനങ്ങൾ ഇനിയും ഒരക്ഷരം പോലും ഉരിയാടാതെ ഗാഢനിദ്രയിലാണ്ടോ, അതോ, മഹാമൗനത്തിലാണോ? അതുമല്ലെങ്കിൽ, പശ്ചിമ ഘട്ടത്തിൽ അവശേഷിക്കുന്ന വനപ്രദേശങ്ങൾ കൂടി, കൈവശപ്പെടുത്താൻ സ്വന്തക്കാർക്ക് കൊടുക്കുന്ന മൗനാനുവാദമോ?. എന്തായാലും ഇതുവരെയും നടപടികൾ ഒന്നും ഉണ്ടായിട്ടില്ല.

ഓരോ വർഷവും മുടങ്ങാതെ പുറത്തിറക്കുന്ന കരട് വിജ്ഞാപനങ്ങളും, ബാക്കിയുള്ള സംസ്ഥാനങ്ങളുടെ മഹാമൗനവും കൂട്ടിചേർത്ത് വായിക്കുമ്പോൾ എന്തോ ഒരു പന്തികേട് തോന്നിപോകുന്നു, ക്ഷമിക്കുക.

**വയനാട്, മഹാദുരന്തവും, കാരണങ്ങളും.**

വയനാട്ടിലുണ്ടായ മഹാദുരന്തത്തെപ്പറ്റി പ്രതിപാദിക്കും മുമ്പായി വയനാട് എന്ന ഭൂപ്രദേശത്തെപ്പറ്റി, കേരളത്തിലെ മറ്റു പ്രദേശങ്ങളുമായി, അതിനെ വേർതിരിക്കുന്ന പ്രത്യേകതകളെപ്പറ്റി ചുരുങ്ങിയ വാക്കുകളിൽ പ്രതിപാദിക്കാം.

**വയനാട് പ്രത്യേകതകൾ**

സമുദ്രനിരപ്പിൽ നിന്നും രണ്ടായിരം മുതൽ ഏഴായിരം അടിവരെയുള്ള മലനിരകൾ അടങ്ങിയ ഭൂഭാഗമാണ് വയനാട്, ഇടക്കിടെ, ഉണ്ടാകുന്ന ഉരുൾപൊട്ടലുകൾ, മണ്ണിടിച്ചിലുകൾ, അവയുണ്ടാക്കുന്ന ദുരന്തങ്ങൾ മുതലായവയിൽ നിന്ന് തന്നെ ഏറെ കർശനമായിത്തന്നെ സംരക്ഷിക്കപ്പെടേണ്ട പരിസ്ഥിതിലോല പ്രദേശങ്ങളാണ് ഇവയെന്ന് ആർക്കും മനസ്സിലാക്കാവുന്നതേയുള്ളു. ഇത്രയധികം പ്രാധാന്യത്തോടെ സംരക്ഷിക്കപ്പെടേണ്ട ഈ സ്ഥലത്ത് സ്വാധീനവലയങ്ങളുടെ എണ്ണമറ്റ സമ്മർദ്ദത്താൽ ഉണ്ടാകുന്ന നിയമലംഘനങ്ങൾ, അതിക്രമങ്ങൾ എല്ലാം സാധുകരിക്കപ്പെടുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഈ സ്ഥലമുൾക്കൊള്ളുന്ന സംസ്ഥാനഭരണം നടത്തുന്ന സർക്കാരുകൾക്കാകട്ടെ, നല്ല ബോധ്യമുണ്ട്, എന്ത് ദുരന്തം വന്നാലും ചുരുങ്ങിയ മാസങ്ങൾകൊണ്ട് ജനങ്ങൾ എല്ലാം തന്നെ അത് വിസ്മരിക്കുമെന്ന്. ജനങ്ങളുടെ ഈ മനോഭാവമാവാം മാറി മാറി വരുന്ന സർക്കാരുകളെ, അലംഭാവത്തിന്റെയും, അലസതയുടെയും മൂർത്തികരണങ്ങളാക്കി തീർത്തത്.

കഴിഞ്ഞ ജൂലൈയ് മാസം 30–ാം തിയതി നടന്ന വയനാട് ദുരന്തത്തിൽ ആയിരത്തിലധികം പേരാണ് മരണമടഞ്ഞത്. അപകടം അറിഞ്ഞിട്ട്

കൂടി ദുരിത നിവാരണ സംഘത്തിന് അപകട സ്ഥലത്തെത്തുവാൻ ഒരു ദിവസം വേണ്ടിവന്നു എന്നോർക്കുക. അപകടത്തിൽ പെട്ടവരെ കൃത്യസമയത്ത് ആശുപത്രികളിലെത്തിക്കുവാനുള്ള സംവിധാനങ്ങളുടെ അഭാവം അല്ലെങ്കിൽ അവസ്ഥ. ഭൂമിശാസ്ത്രപരമായ ഇത്തരം അവസ്ഥകൾ ആ പ്രദേശത്തെ ഒന്നാകെ അവഗണിക്കപ്പെട്ടുകിടക്കുന്ന മേഖലകളാക്കി മാറ്റുന്നു എന്നതാണ് സത്യം.

ഇപ്രകാരം അവഗണിക്കപ്പെട്ടു കിടക്കുന്ന ഒരു മേഖലയാണ് വയനാട് എന്നതിന് ഈ സ്ഥലത്ത് ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ഒരു ആശുപത്രിയുടെ അഭാവം, ഒരു ഉദാഹരണം മാത്രമാണ്. ഇപ്പോഴത്തെ വൻ ദുരന്തത്തിലും, 2018, 2019 എന്നീ വർഷങ്ങളിലുണ്ടായ ദുരന്തങ്ങളിലും അപകടത്തിൽപ്പെട്ടവരെ യഥാസമയം ആശുപത്രിയിൽ എത്തിക്കാൻ കഴിഞ്ഞിരുന്നില്ല. കാരണം പ്രധാനപ്പെട്ട കാര്യം ആധുനിക സജ്ജീകരണത്തോട് കൂടിയ ആശുപത്രിയുടെ അഭാവം തന്നെ. ഒരു കാര്യം പ്രത്യേകം സ്മരിക്കേണ്ടത്. ഇവിടെ ഒമ്പത് ലക്ഷത്തിൽപ്പരം ജനങ്ങൾ പാർക്കുന്നു എന്നതാണ്.

വയനാടിന്റെ മറ്റൊരു പ്രത്യേകത വയനാടിനെ കേരളത്തിലെ മറ്റു പ്രധാന മേഖലകളുമായി ബന്ധിപ്പിക്കുന്ന താമരശ്ശേരി, പെരിയ, കുറ്റ്യാടി, പാൽചുരം, നാടുകാണി എന്നിവിടങ്ങളിലെ മലമ്പാതകൾ ഓരോ പ്രകൃതി ദുരന്തങ്ങളോടെ ഉപയോഗശൂന്യമാകുന്നു എന്നതാണ്.

പക്ഷേ, ഒറ്റപ്പെട്ടു കിടക്കുന്ന ഈ മലപ്രദേശത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കാൻ ഇനിയും നമുക്ക് കഴിഞ്ഞില്ലങ്കിൽ കുടി ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പ് വയനാട്ടിലെത്തിയ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പിനിക്ക് അതിന് സമയമേറെ എടുക്കേണ്ടി വന്നില്ല എന്നതാണ് സത്യം. അവർ നിയോഗിച്ച വനം പരിസ്ഥിതി പഠന സംഘം 1863-ൽ ഗവണ്മെന്റ് മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. അവർ സമർപ്പിച്ച റിപ്പോർട്ടിൽ അതീവ പ്രാധാന്യമുള്ള മേഖലയാണ്, നീലഗിരി, വയനാട് ജൈവ മണ്ഡലങ്ങളെന്ന് പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. കൃത്യമായി പറഞ്ഞാൽ, ഇന്നേക്ക് 161 വർഷങ്ങൾക്കു മുമ്പ് വയനാട്ടിലെത്തിയ ബ്രിട്ടീഷുകാർക്ക് ആ പ്രദേശത്തിന്റെ പ്രത്യേകതകൾ, ഭൂമിശാസ്ത്രവും പാരിസ്ഥിതികമായി അതീവ പരിഗണന നൽകേണ്ട സ്ഥലങ്ങളാണ് എന്ന തിരിച്ചറിവ് ഉണ്ടായി എന്നത് നമ്മെ അത്ഭുതപ്പെടുത്തിയേക്കും. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പിനിയിലെ ഉദ്യോഗസ്ഥർക്ക് വയനാട്ടിലെത്തി ചുരുക്കം ചില ദിവസങ്ങൾകൊണ്ട് ആ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ വളരെ പെട്ടന്ന് കണ്ടെത്താൻ കഴിഞ്ഞു. പിന്നെ, താമസിച്ചില്ല ഉടൻ തന്നെ, അവർ മദിരാശി പ്രോവിൻസിലെ ആക്ടിങ് ഫോറസ്റ്റ് കൺസർവേറ്ററായിരുന്ന ക്യാപ്റ്റൻ ബഡ്ഡോമിന്റെ നേതൃത്വത്തിൽ വനം പരിസ്ഥിതി സംഘത്തെ നിയമിക്കുകയാണ് ചെയ്തത്. 1863-ൽ വനം പരിസ്ഥിതി പഠന സംഘം സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഈസ്റ്റ് ഇന്ത്യാ കമ്പിനി നടപടികൾ എടുക്കുകയും ചെയ്തു.

ഇത്തരത്തിലുള്ള ത്വരിത ഗതിയിലുള്ള ഒരു പ്രവർത്തനം, ഇന്നത്തെ സർക്കാരുടെ ഭാഗത്തു നിന്നും നമുക്ക് പ്രതീക്ഷിക്കാൻ കഴിയുമോ?.

ഉദാഹരണമായി, പശ്ചിമഘട്ട നിരകളിലെ നിബിഡവനങ്ങളും, കുന്നുകളും, കരിങ്കൽപ്പാറകളും, അമൂല്യസസ്യജാലങ്ങളുമെല്ലാം കൈയ്യേറ്റക്കാരും, കുടിയേറ്റക്കാരും കവർന്നെടുത്ത്, എല്ലും തോലുമായപ്പോഴാണ് കേന്ദ്ര ഗവണ്മെന്റ് ഡോ. മാധവ് ഗാഡ്ഗിലിന്റെ നേതൃത്വത്തിൽ ഒരു പഠനസംഘത്തെ നിയോഗിച്ചത്. 31-08-2011-ൽ തന്നെ മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധികരിച്ചതിനെ തുടർന്ന് വൻ എതിർപ്പുകൾ ഉണ്ടായിയെന്ന കാരണത്താൽ കേന്ദ്ര ഗവണ്മെന്റ്, മാധവ് ഗാഡ്ഗിലിന്റെ റിപ്പോർട്ട് മരവിപ്പിക്കുകയാണ് ചെയ്തത്. പിന്നീട് അറിഞ്ഞത് ഡോ. കസ്തുരി രംഗൻ അദ്ധ്യക്ഷനായി ഒരു ഉന്നത തല പ്രവർത്തന സമിതിയെ കേന്ദ്ര ഗവണ്മെന്റ് നിയമിച്ചു എന്ന വാർത്തയാണ്.

ഡോ. കസ്തുരി രംഗൻ റിപ്പോർട്ട് 2013-ൽ പുറത്തു വന്നു. ആ റിപ്പോർട്ടിനെയും സംസ്ഥാനങ്ങളും, ഭൂമാഫിയകളും ശക്തമായി എതിർക്കുകയാണുണ്ടായത്. ഒടുവിൽ 2014-ൽ നാഷണൽ ഹരിത ട്രിബ്യുണലിന്റെ ശക്തമായ ഇടപെടലുകളെ തുടർന്നാണ് തങ്ങൾ കസ്തുരി രംഗൻ റിപ്പോർട്ട് ആണ് നടപ്പാക്കാൻ പോകുന്നതെന്ന് കേന്ദ്ര ഗവണ്മെന്റ് അറിയിച്ചത്.

പിന്നീട്, ഇങ്ങോട്ട് കരട് വിജ്ഞാപനങ്ങൾ ഇറക്കുകയല്ലാതെ മറ്റൊന്നും കേന്ദ്ര ഗവണ്മെന്റ് ചെയ്തിട്ടില്ല. കാര്യങ്ങളിൽ തീരുമാനമെടുക്കാതെ അനന്തമായി നീട്ടികൊണ്ടുപോകുന്ന പ്രവണത, ഭരണാധികാരികൾ അനിശ്ചിതത്വത്തിന്റെ തടവുകാരായി പോകുന്ന അവസ്ഥയാണ് സംജാതമാക്കുന്നത്.

ഇത്തരം അവസ്ഥകൾ കാണുമ്പോൾ പാശ്ചാത്യരും നമ്മളും തമ്മിലുള്ള കാതലായ വ്യത്യാസമാണ് ഓർമ്മയിൽ വന്നുപോകുന്നത്. പാശ്ചാത്യരെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഒരു പ്രശ്നത്തിൽ ഒരു തീരുമാനമെടുത്താൽ അവർ അതിൽ നിന്ന് പിന്തിരിയുകയില്ല. അവർ അതിൽ സംശയിച്ച് നിൽക്കുകയില്ല ഒരിക്കലും. തീരുമാനം പ്രാവർത്തികമാക്കുവാൻ അവർ പരിശ്രമിച്ചുകൊണ്ടിരിക്കും. ചിലപ്പോൾ ചില സാഹസിക മാർഗ്ഗങ്ങൾ തന്നെ സ്വീകരിച്ചെന്നുമിരിക്കും.

എന്നാൽ, പൗരസ്ത്യരായ നാം ഇതിൽ നിന്നെല്ലാം തികച്ചും വിഭിന്നരാണ് . ഒരു അവസാന തീരുമാനം വളരെ താമസിച്ചു എടുത്താൽ പോലും, ശരിയോ, തെറ്റോ എന്ന് ചിന്തിച്ച് സമയം ചിലവാക്കുന്നു. അതോ, ഇതോ ശരി എന്ന മാനസികാവസ്ഥ. ഇന്നത് ചെയ്യണമെന്നോ, ഇന്നത് ചെയ്യാൻ പാടില്ലെന്നോ അറിയാൻ പാടില്ലാത്ത നിശ്ചലാവസ്ഥ ഇതാവാം പാശ്ചാത്യരും നമ്മളും തമ്മിലുള്ള ഈ വ്യത്യാസത്തിനു കാരണം?. ഒരു പക്ഷേ, വിദേശ മേൽക്കോയ്മയിൽ നുറ്റാണ്ടുകളോളം അടിമപ്പെട്ട് കഴിഞ്ഞുവന്ന ഒരു ജനതയക്ക്, അവരുടെ മനസ്സുകളുടെ അഗാധതലങ്ങളിൽ ഉറച്ചതും, ദൃഢവുമായ ഒരു തീരുമാനമെടുക്കാനാവാത്ത മാനസികാവസ്ഥ വളർന്നു വന്നതാകാം കാരണമെന്ന് കരുതാം. ഈ ഒരു മാനസികാവസ്ഥയെ വരും തലമുറകളിലൂടെ മാത്രമേ മാറ്റിയെടുക്കുവാൻ കഴിയുകയുള്ളു. പക്ഷെ ഭരണ കൂടങ്ങൾ അവരുടെ ജനങ്ങളോടുള്ള കടമകൾ നിറവേറ്റുന്നതിൽ വരുത്തിയ വീഴ്ചകൾ മാത്രമാണ് വയനാട്ടിലെ ഈ മഹാദുരന്തത്തിന് കാരണമെന്ന് കണ്ടെത്താൻ ഏറെ പ്രയത്നമൊന്നും ആവശ്യമില്ല

ഇപ്പോൾ ഉരുൾപൊട്ടൽ നടന്ന ചൂരൽ മല, മുണ്ടക്കൈ, മേപ്പാടി, പച്ചക്കാട് എന്നി സ്ഥലങ്ങളെല്ലാം അതീവ പരിസ്ഥിതിലോല പ്രദേശങ്ങളാണ്, 2019 ആഗസ്റ്റ് 8-ാം തിയതി വൈകിട്ട് ഈ സ്ഥലത്തിന് സമീപത്തുള്ള പുത്തുമലയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ 17 പേരാണ് മരണമടഞ്ഞത്. ഇതിൽ അഞ്ചുപേരുടെ മൃതദേഹം ഇനിയും കണ്ടുകിട്ടിയിട്ടില്ല. 58 വീടുകൾ അന്ന് പൂർണ്ണമായും തകരുകയും 22 വീടുകൾ ഭാഗികമായി കേടുപാടുകളാൽ നശിക്കുകയും ചെയ്തു,. കൂടാതെ ഇപ്പോൾ ഉരുൾ പൊട്ടിയ ചൂരൽമല മണ്ണിടിച്ചിൽ തുടർച്ചയായി ഉണ്ടാകുന്ന സ്ഥലം കൂടിയാണ്. ഈ സ്ഥലങ്ങളിൽ തുടർച്ചയായി 24 മണിക്കൂർ മഴപെയ്താൽ ഉരുൾപൊട്ടൽ സാധ്യത വളരെയേറെയാണെന്ന് ആർക്കാണ് അറിയാൻ പാടില്ലാത്തത്?. രണ്ടു ദിവസം അതായത് 48 മണിക്കൂർ, ചുരൽമല, മുണ്ടക്കൈ പ്രദേശത്ത് 576 മില്ലിലിറ്റർ മഴയാണ് പെയ്തത്. ഇത് അതിതീവ്രമഴ മാത്രമല്ല, കണ്ടിഷണൽ ഫാക്ടേഴ്സ്, ട്രിഗറിഗ് ഫാക്ടേഴ്സ് എന്നി രണ്ട് കാരണങ്ങൾ ഉള്ളതിനാലാണ് ഇത്തരം അതിതീവ്രമഴയ്ക്കും ഉരുൾപൊട്ടലിനും ഇടയാക്കിയത്. പശ്ചിമഘട്ട മേഖലകളിൽ ഏറ്റവും കൂടുതൽ മഴ ലഭിച്ചിരുന്ന സ്ഥലങ്ങളാണ്. ഇവ മുണ്ടക്കൈ മേഖലകളിൽ നടത്തിയിരുന്ന നിർമ്മാണ പ്രവർത്തനങ്ങളും വളരെയേറെയാണ്. ഗാഡ്ഗിൽ റിപ്പോർട്ടിൽ ഒന്നാം മേഖലയിൽ ഉൾപ്പെടുന്ന ഈ പ്രദേശങ്ങളിൽ നിർമ്മിച്ചിരുന്ന വൻ റിസോർട്ടുകളും അവയ്ക്കു വേണ്ടി

(ശേഷം 47-ാം പേജിൽ)

# *ദൃഗ് ദൃശ്യ വിവേകം* (*21*)

സി. നാരായണൻ - 9819456012

ഹൃദീവ ബാഹ്യദേശോപി
യസ്മിൻ കസ്മിംശ്ച
വസ്തുനി
സമാധിരാദ്യഃ സന്മാത്രാ
നാമരൂപപൃഥക്കൃതിഃ - ( 27 )

ഹൃദി = അന്തഃകരണത്തിലും
ഇവ = പോലെ
ബാഹ്യദേശേ = പുറത്തും
അപി = ഒപ്പം
യസ്മിൻ കസ്മിംശ്ച വസ്തുനി = ഏതൊരു വസ്തുവിലും
സന്മാത്രാത് = ഒരേയൊരു ബ്രഹ്മത്തിൽ നിന്ന്
നാമരൂപപൃഥക്കൃതി = നാമരൂപങ്ങളെ വേർതിരിച്ചുകൊണ്ടുള്ള
ആദ്യഃ = ഒന്നാമത്തെ
സമാധി= (ഒന്നാമത്തെ സമാധി, അന്തഃകരണത്തിലെയെന്ന പോലെ, പുറത്തുള്ള വസ്തുക്കളിലേയും നാമരൂപങ്ങളെ വേർതിരിച്ച്, അവയുടെയെല്ലാം അധിഷ്ഠാനമായ ബ്രഹ്മത്തിൽ മനസ്സുറപ്പിക്കലാണ്)

ബാഹ്യദൃശ്യാനുവിദ്ധ സവികല്പസമാധിയെക്കുറിച്ചാണ് ഈ ശ്ലോകം.

ഇരുപത്തിരണ്ടാമത്തെ ശ്ലോകത്തിൽ, സമാധിയെന്നാൽ ഏതൊരു വസ്തുവിലേയും നാമരൂപങ്ങൾ എന്ന അംശത്തെ വേർതിരിച്ച് ബ്രഹ്മം എന്ന അംശത്തിൽ മനസ്സുറപ്പിക്കലാണെന്നു പറഞ്ഞു. പിന്നീടു സമാധി, ആന്തരമായി മൂന്ന്, ബാഹ്യമായി മൂന്ന് എന്നിങ്ങനെ ആറു തരത്തിലുണ്ടെന്നും പറഞ്ഞു. കഴിഞ്ഞ മൂന്നു ശ്ലോകങ്ങളിൽ ആന്തരമായ മൂന്നു തരത്തിലുള്ള സമാധികളെപ്പറ്റി വിവരിക്കയാണു ചെയ്തത്. .

ആത്യന്തികമായി ഈ ആറും വ്യത്യസ്തങ്ങളല്ല. ബ്രഹ്മം ഒന്നേയുള്ളൂ. അനുഭവങ്ങളുടെ രൂപത്തിൽ ആന്തരം ബാഹ്യം എന്നിങ്ങനെ അതിനെ രണ്ടായി അനുഭവപ്പെടുന്നതു കൊണ്ടാണ് രണ്ടായി വിഭജിക്കപ്പെട്ടത്. ആന്തരം, ബാഹ്യം എന്നുള്ള വേർതിരിക്കൽ തന്നെ, ഞാൻ ശരീരത്തിൽ സ്ഥിതി ചെയ്യുന്നു എന്നുള്ള ധാരണയുടെ അടിസ്ഥാനത്തിലാണ്. അദ്വൈതസിദ്ധാന്ത പ്രകാരം, ബ്രഹ്മം എന്ന ഒരേയൊരു ചൈതന്യമാണ് നമ്മുടെ ഉള്ളിൽ ഞാൻ എന്ന സത്തയായും പുറത്ത് ജഗത്തായും വിളങ്ങുന്നത്. ആ ബ്രഹ്സത്തയെ ഉപാധികളുമായി നാം അജ്ഞാനത്താൽ യോജിപ്പിക്കുമ്പോളാണ് , ഉപാധിവ്യത്യാസത്താൽ ഞാൻ, ബാഹ്യവസ്തുക്കൾ എന്നീ വൈവിദ്ധ്യങ്ങളുള്ളതായി തോന്നുന്നത്. ഒരുപാധിയും യഥാർത്ഥത്തിൽ ഉള്ളതല്ല. യഥാർത്ഥത്തിൽ ഉള്ളത് സത് ചിദ് ആനന്ദമായ ബ്രഹ്മം മാത്രമാണ്. അതാണ് സത്യമെങ്കിൽ, ശരിക്കുമുള്ളതിനേയും, ശരിക്കുമില്ലാത്തതിനേയും വേർതിരിക്കുക എന്നത് വിഷമമുള്ള കാര്യമല്ല. അങ്ങനെ വേർതിരിച്ചാൽ ഇല്ലാത്തതായ നാമരൂപങ്ങൾ ബോധത്തിൽ നിന്ന് നീക്കപ്പെട്ട്, താൻ ഉള്ളതായ ബ്രഹ്മം മാത്രമായിരുന്നെന്ന അറിവ് ഉള്ളിൽ വിളങ്ങും. അതു തന്നെയാണ് പരമപുരുഷാർത്ഥമായ മോക്ഷം.

ഈ ശ്ലോകത്തിൽ പറയുന്നത്, ആന്തരസമാധിയിൽ, ആന്തരദൃശ്യങ്ങളേയും ദൃക്കിനേയും വേർതിരിച്ച അതേ രീതിയിൽ, ബാഹ്യദൃശ്യങ്ങളേയും ദൃക്കായ ബ്രഹ്മത്തേയും വേർതിരിച്ച്, എല്ലാ ബാഹ്യദൃശ്യങ്ങളുടേയും അധിഷ്ഠാനം ബ്രഹ്മം തന്നെയന്നറിയാനാണ്. അതായത് ദ്രഷ്ടാവും ദൃശ്യവും ബ്രഹ്മം തന്നെയാണെന്നറിയണം.

ഈ ഗ്രന്ഥത്തിന്റെ അഞ്ചാമത്തെ ശ്ലോകത്തിൽ ബ്രഹ്മമെന്നാൽ നാശമില്ലാത്തതും, സ്വയം വിളങ്ങുന്നതുമായ ഉണ്മയാണെന്നു പറഞ്ഞിട്ടുണ്ട്. കാണുന്നു, അറിയുന്നു എന്നഭിമാനിക്കുന്ന ഞാൻ എന്ന സത്തയും, പഞ്ചഭൂതാത്മകമായ

→

ജഗത്തും ബ്രഹ്മത്തിൽ നിന്ന് വ്യതിരിക്തമല്ല. മറ്റൊരു രീതിയിൽ പറഞ്ഞാൽ അറിയപ്പെടുന്ന ഏതൊരു വസ്തുവിന്റെയും ഉണ്ട് എന്ന തത്ത്വം ബ്രഹ്മമാണ്. അധിഷ്ഠാനമായ ആ ബ്രഹ്മത്തിൽ വ്യത്യസ്തങ്ങളായ നാമരൂപങ്ങൾ ആരോപിക്കപ്പെടുമ്പോൾ വിവിധങ്ങളായ വസ്തുക്കൾ ഉണ്ടായി എന്ന പ്രതീതി ജനിക്കുന്നു എന്നു മാത്രം.

ഈ ഗ്രന്ഥത്തിലെ 20–ാം മത്തെ ശ്ലോകം ഓർമ്മയുണ്ടല്ലോ. അതിൽ പറയുന്നത്, അസ്തിത്വം, പ്രകാശം, പ്രീതി എന്നീ മൂന്ന് ധർമ്മങ്ങൾ, അതായത്, ഉണ്ട്, അറിയുന്നു, പ്രിയകരം എന്നീ മൂന്നു ഗുണങ്ങളും ബ്രഹ്മത്തിന്റെതാണെന്നാണ്. പിന്നെ നാമരൂപങ്ങൾ മാത്രമാണ് ജഗത്തിന്റെതായിട്ടുള്ളത്. അതിൽ നിന്നെന്താണ് മനസ്സിലാക്കേണ്ടത്? നാമരൂപാത്മകമായ ജഗത്തിന് സ്വന്തമായ അസ്തിത്വമില്ല. ഇതിലെ 'സ്വന്തമായ' എന്ന വാക്കു ശ്രദ്ധിക്കാതെ ചിലർ പറയാറുണ്ട്, വേദാന്തം ജഗത്തിനെയാകെ നിഷേധിക്കയാണെന്ന്. വേദാന്തം ജഗത്പ്രതീതിയെ നിഷേധിക്കുന്നില്ല. ജഗത്തിന്റെ സത്യത്വം മാത്രമാണ് നിഷേധിക്കുന്നത്. അതു നമ്മെ ഭീകരമായ അനർത്ഥത്തിൽ നിന്നു രക്ഷിക്കാൻ വേണ്ടിയാണ്. ഒരു വസ്തുവിന്റെയോ വ്യക്തിയുടേയോ നാമരൂപം സത്യമാണെന്നു ധരിച്ച് അതിനെ സന്തോഷത്തിനു വേണ്ടി ആശ്രയിച്ചാൽ ദുഃഖം അനിവാര്യമല്ലേ?

സ്വർണ്ണം എന്ന ലോഹത്തിൽ, വള, മാല, മോതിരം, എന്നീ നാമരൂപങ്ങൾ ആരോപിക്കപ്പെടുമ്പോൾ ആ ആഭരണങ്ങൾക്ക് സ്വതന്ത്രമായ സത്തയുണ്ടെന്ന ഒരു ഭ്രാന്തി ജനിക്കുന്നു. വള എന്നൊരു സ്വതന്ത്രവസ്തു ഉണ്ടെങ്കിൽ നമുക്കതിനെ സ്വർണ്ണത്തിൽ നിന്ന് മാറ്റി നിർത്തി, ഇതു സ്വർണ്ണം, ഇതു വള എന്നിങ്ങനെ വേറെ വേറെ കാണിച്ചുതരാൻ സാധിക്കണം. അതു സാദ്ധ്യമല്ലാത്തതിനാൽ വള എന്നത് വെറും ഒരു പ്രതീതി മാത്രമണെന്ന് സിദ്ധമാകുന്നുണ്ട്

ഭഗവത് ഗീതയുടെ രണ്ടാമദ്ധ്യായത്തിലെ പ്രസിദ്ധമായ 'നാസതോ വിദ്യതേഭാവഃ' എന്ന പതിനാറാം ശ്ലോകത്തിന്റെ ഭാഷ്യത്തിൽ ആചാര സ്വാമികൾ പറയുന്നത്, പ്രത്യക്ഷ്യത്തിലുള്ള ഓരോ വസ്തുവിലും സത്യാംശവും മിത്ഥ്യാംശവും ഒന്നിച്ചിരിക്കുന്നുവെന്നാണ്. അവ എങ്ങനെ തിരിച്ചറിയുമെന്നാണെങ്കിൽ, സത്യാംശത്തിൽ നിന്ന് ബുദ്ധി വ്യതിചലിക്കുന്നില്ല, മിത്ഥ്യാംശത്തിലാകട്ടെ, ബുദ്ധി വ്യതിചലിക്കയും ചെയ്യും. ഉദാഹരണത്തിനു കുടം ഉണ്ട്, ആന ഉണ്ട് എന്നീ ബുദ്ധികളിൽ, 'കുടം, ആന' എന്നീ മിത്ഥ്യത്വവും 'ഉണ്ട്' എന്ന സത്യത്വവും ഒന്നിച്ചാണ് നാമറിയുന്നത്. പക്ഷേ കുടം, ആന എന്നിവ ഇല്ലാതായിത്തീരാം. എന്നാൽ, ഉണ്ട് എന്നത് ഒരു മാറ്റവും വരാതെ ഉറച്ചു നിക്കുന്നു.

'കുടം ഉണ്ട' എന്നതിൽ കുടം നശിച്ചാലും 'ഉണ്ട്' എന്നത് നശിക്കുന്നില്ല. കുടം ഉടയുമ്പോൾ കുടത്തിന്റെതായ അസ്തിത്വവും നശിക്കുന്നുണ്ടല്ലോ എന്ന വാദം തെറ്റാണ്. കുടത്തിന്റെതായ അസ്തിത്വം നശിക്കുന്നുണ്ടെങ്കിൽ അതിനർത്ഥം, ആ അസ്തിത്വം സ്വരൂപേണ കുടത്തിന്റെതായിരുന്നില്ല എന്നാണ്. ഒരു വസ്തു തന്റെ സ്വരൂപം ഒരിക്കലും കൈവിടില്ല. അഗ്നി തന്റെ സ്വരൂപമായ ചൂട് കൈവിട്ടു കാണാറില്ലല്ലോ. അതിനാൽ കുടത്തിന്റെതായ അസ്തിത്വം നശിച്ചുവെന്നു അനുഭവപ്പെടുന്നുണ്ടെങ്കിൽ, അതിനർത്ഥം അത് യഥാർത്ഥത്തിലുള്ള അസ്തിത്വമല്ലായിരുന്നു. വെറും ഭ്രാന്തിയായിരുന്നു എന്നാണ്. പരസ്പരവിരുദ്ധങ്ങളായ രണ്ടു സത്യങ്ങൾ ഒന്നിച്ചു നിൽക്കില്ല. ഉദാഹരണത്തിനു, എന്റെ പക്കൽ ഇപ്പോൾ നൂറു രൂപയുണ്ട് എന്ന സത്യവും, എന്റെ പക്കൽ ഇപ്പോൾ നൂറു രൂപയില്ല എന്ന സത്യവും ഒന്നിച്ചിരിക്കില്ല. എന്നാൽ, എന്റെ പക്കൽ ഇപ്പോൾ നൂറു രൂപയുണ്ട് എന്ന സത്യവും, എന്റെ പക്കൽ ഇപ്പോൾ നൂറു രൂപയില്ല എന്ന തെറ്റിദ്ധാരണയും ഒന്നിച്ചു നില നിൽക്കാൻ വിരോധമില്ല.

മറ്റൊരു ദൃഷ്ടാന്തം പറയുകയാണെങ്കിൽ

സുബോധ് എന്ന നടനും ഗോമസ് എന്ന

➠

മറ്റൊരു നടനും ഒരേയൊരാളായിരിക്കാൻ വയ്യ. എന്നാൽ സുബോധ് എന്ന നടനും, ആ നടൻ അഭിനയിക്കുന്ന ഗോമസ് എന്ന കഥാപാത്രവും ഒന്നിച്ചിരുന്നാൽ മാത്രമേ സിനിമയുണ്ടാവൂ. സിനിമ കണ്ടു കൊണ്ടിരിക്കുമ്പോൾ സുബോധിന്റെ യഥാർത്ഥത്തിലുള്ള ആകാരം എന്താണെന്നറിയാൻ, കഥാപാത്രത്തിനു വേണ്ടി സുബോധ് തന്നിൽ ചെയ്തിട്ടുള്ള ഗോമസ്സന്നെ മേക്കപ്പിനെ മനസ്സിൽ വേർതിരിക്കണം എന്തിനാണിങ്ങനെ രണ്ടു ഘടകങ്ങളുടെ ആവശ്യമെന്ന് ബ്രഹ്മചാരിയായിരിക്കുമ്പോൾ താൻ ചിന്തിച്ചിട്ടുണ്ടെന്ന് പൂജ്യ സ്വാമി ചിന്മയാനന്ദൻ ഒരിടത്തു പറഞ്ഞിട്ടുണ്ട്. സ്വയം ആലോചിച്ച് ഉത്തരം കിട്ടാതായപ്പോൾ അദ്ദേഹം തന്റെ ഗുരു സ്വാമി തപോവനത്തോടു ചോദിച്ചുവത്രേ. ഗുരു പെട്ടന്നുത്തരമൊന്നും കൊടുത്തില്ല. പിറ്റേന്ന് പഠനം നടന്നു കൊണ്ടിരിക്കുമ്പോൾ തപോവൻ മഹാരാജ് ചിന്മയാനന്ദസ്വാമികളോട് കുടിക്കാൻ കുറച്ചു വെള്ളം കൊണ്ടു വരാൻ ആജ്ഞാപിച്ചു. ശിഷ്യൻ ഉടനെ താഴെ ഒഴുകുന്ന ഗംഗയിൽ നിന്ന് ഒരു ലോട്ട ശുദ്ധ ജലം കൊണ്ടു വന്നു ഭക്തിയോടെ ഗുരുവിനു നേരെ നീട്ടി. ഗുരു ചോദിച്ചു 'ഞാൻ നിന്നോട് വെള്ളം മാത്രമല്ലേ ചോദിച്ചുള്ളൂ. നീ എന്തിനാണ് എനിക്ക് ലോട്ടയും തരുന്നത്?' ആ ഒറ്റ ചോദ്യത്തിലൂടെ ഗുരുദേവൻ, തന്റെ ചോദ്യത്തിനു മറുപടി തരികയാണെന്നു ചിന്മയാനന്ദസ്വാമിക്കു മനസ്സിലായി. ലോട്ടയോ മറ്റേതെങ്കിലും പാത്രമോ കൂടാതെ വെള്ളത്തെ എങ്ങനെ ഉപയോഗിക്കാനാവും? അതു പോലെത്തന്നെയാണ് പരമാർത്ഥസത്യവും. അതു വ്യവഹാരയോഗ്യമാവാൻ ഉപാധികൾ കൂടിയേ തീരൂ. ലോകത്തിൽ വ്യവഹരിക്കാതെ നമുക്ക് നമ്മുടെ കർമ്മഫലങ്ങളനുഭവിക്കാനാവില്ലല്ലോ. പക്ഷേ ശ്രുതി പറയുന്നതെന്തെന്നാൽ, ഉപാധിയെ ഉപാധിമാത്രമായി കണക്കാക്കുക. അവയ്ക്ക് വ്യാവഹാരിക സത്യത്വമേയുള്ളൂ. പരമാർത്ഥത്തിലവ ഉണ്ടെന്നു വിശ്വസിച്ചാൽ, വെള്ളത്തിൽ മുങ്ങുന്നവൻ അതിൽ നിഴലിക്കുന്ന വൃക്ഷത്തെ രക്ഷക്കായി പിടിക്കുമ്പോളെന്ന പോലെ ദുഃഖത്തിലേ കലാശിക്കൂ.

പരമാർത്ഥ ചൈതന്യമായ ഈശ്വരൻ ഉപാധിയോടെ പലതായി പരിണമിച്ചുവെന്നു തോന്നുന്നത്, ഈശ്വരന്റെ തന്നെ ലീലയാണ്.

'സഃ കാമയത ബഹുസ്യാം പ്രജായേയ' (അവൻ സങ്കല്പിച്ചു, താൻ പലതായി തീരട്ടെയെന്ന്) 'തത് സൃഷ്ട്വാ തദേവാനുപ്രവിശത്' (സൃഷ്ടിയെ ചെയ്ത്, സ്വയം അതിൽ പ്രവേശിച്ചു) എന്നീ ശ്രുതിവചനങ്ങളിൽ നിന്ന് സത്യമായി ഒരേയൊരു തത്ത്വം മാത്രമേയുള്ളൂ എന്നു വ്യക്തമാകുന്നുണ്ട്.

ജ്ഞേയമായ ബ്രഹ്മത്തിന്റെ ലക്ഷണങ്ങളായി ഉപനിഷത്തു പറയുന്നത് സത്യം, ജ്ഞാനം അനന്തം എന്നാണ്. ഇതു തന്നെയാണ് ഈ ഗ്രന്ഥത്തിലെ അഞ്ചാമത്തെ ശ്ലോകത്തിന്റെ അർത്ഥവും. സത്യം എന്നാൽ ഉണ്ട് എന്ന അവസ്ഥ. അത് അനന്തമാണ്. പക്ഷേ നൂറു രൂപയുടെ ദൃഷ്ടാന്തത്തിൽ പറഞ്ഞ പോലെ, അനന്തമായ ഉണ്മ എന്ന സത്യവും, അനന്തമല്ലാത്ത ഉണ്മ എന്ന തെറ്റിദ്ധാരണയും ഒന്നിച്ചു നിൽക്കാം. അതാണ് നമ്മുടെ നിമിഷം പ്രതിയുള്ള പ്രത്യക്ഷജ്ഞാനം. ആത്മാവും അനാത്മാവും ഒന്നിച്ചിരിക്കുന്നതാണ് പ്രത്യക്ഷജ്ഞാനം ഇങ്ങനെ അനന്തമായ ഉണ്മയിൽ, അനന്തമല്ലാത്തതും മിത്ഥ്യയുമായ ജഗത്തിനെ കാണുന്നതിനെ വേദാന്തത്തിൽ അദ്ധ്യാസമെന്നു പറയും. യഥാർത്ഥത്തിലുള്ള കയറിനെ പാമ്പായി കാണുന്ന പോലെയാണത് ചുരുക്കത്തിൽ, പുറത്തു കാണുന്ന ലോകത്തിനു സ്വതന്ത്രമായ അസ്തിത്വമുണ്ടെന്നുള്ള തെറ്റിദ്ധാരണ നീക്കം ചെയ്യുക. ബാഹ്യലോകത്ത് വിഷയങ്ങളായി കാണപ്പെടുന്നതെന്തും സത്യത്തിൽ ബ്രഹ്മം തന്നെയാണെന്നു മനസ്സിൽ സദാ ചിന്തിക്കുക.

ഈ ഗ്രന്ഥത്തിലെ നാമിപ്പോൾ നിരൂപിക്കുന്ന ഇരുപത്തേഴാം ശ്ലോകത്തിലെ ആശയം തന്നെയാണ് ഭഗവത് പാദർ തന്റെ 'സർവ്വവേദാന്തസാരസംഗ്രഹം 'എന്ന ഗ്രന്ഥത്തിലെ

താഴെ പറയുന്ന ശ്ലോകത്തിലും പറയുന്നത്'

'ആരോപിതേ നാമരൂപേ
ഉപേക്ഷ്യ ബ്രഹ്മണഃ സതഃ
സ്വരൂപമാത്രഗ്രഹണം
സമാധിബാഹ്യ ആദിമഃ'

(ആരോപിതങ്ങളായ നാമരൂപങ്ങളെ ത്യജിച്ചും കൊണ്ട്, സത്യമായ ബ്രഹ്മത്തിൽ പ്രജ്ഞ ഉറപ്പിക്കലാണ് 'ബാഹ്യ ദൃശ്യാനുവിദ്ധസമാധി')

ആചാര്യൻ, അതേ ഗ്രന്ഥത്തിൽ പിന്നീടു പറയുന്നു

'ഗച്ഛംസ്തിഷ്ഠത്വാ ശയനോപി നിത്യം കുര്യാത്
വിദ്വാൻ ബാഹ്യദൃശ്യാനുവിദ്ധം'

(ഒരു മുമുക്ഷു നടക്കുമ്പോളും, നടക്കുമ്പോളും കിടക്കുമ്പോളുമെല്ലാം ബാഹ്യദൃശ്യാനുവിദ്ധസമാധി അനുഷ്ഠിക്കണം.

ഈ സമാധിയുടെ ഉദ്ദേശ്യം, ബാഹ്യ ദൃശ്യങ്ങളിൽ ബ്രഹ്മത്തെ മാത്രം കാണലാണ്. അടുത്ത ശ്ലോകത്തിൽ, ഈ സമാധിക്കു സഹായമായി ബാഹ്യശബ്ദാനുവിദ്ധസവികല്പസമാധിയെ വിവരിക്കുന്നു

അഖണ്ഡൈകരസം വസ്തു സച്ചിദാനന്ദലക്ഷണം
ഇത്യവിച്ഛിന്നചിന്തേയം സമാധിർമദ്ധ്യമോ ഭവേത്
( 28 )

ഇയം = ഈ
അഖണ്ഡൈകരസം = അവധിയില്ലാത്ത ആനന്ദമായ
സച്ചിദാനന്ദലക്ഷണം = സത്ത്, ചിത്ത്, ആനന്ദം എന്നീ ലക്ഷണങ്ങളോടു കൂടിയ
വസ്തു = പദാർത്ഥം
ഇതി = എന്നിങ്ങനെ
അവിച്ഛന്നചിന്ത = മുറിവില്ലാത്ത ചിന്തനം
മദ്ധ്യമോ ഭവേത് = മദ്ധ്യമസമാധി എന്നറിയണം

(അപരിച്ഛിന്ന ആനന്ദവും അസ്തിത്വവുമാണ് ബ്രഹ്മം എന്ന മുറിവില്ലാത്ത ചിന്തനത്തെ മദ്ധ്യമസമാധി എന്നു വിളിക്കുന്നു.)

ഭഗവദ് ഗീതയിലെ രണ്ടാമദ്ധ്യായത്തിലെ പതിനെട്ടാം ശ്ലോകം വ്യാഖ്യാനിക്കുമ്പോൾ ആചാര്യസ്വാമികൾ അപ്രമേയം എന്നാൽ എന്തെന്നു വിശദീകരിക്കുന്നുണ്ട്. ആത്മാവിനെ അറിയാൻ പ്രമാണത്തിന്റെ ആവശ്യമില്ല. ആ അർത്ഥത്തിൽ ആത്മാവ് അപ്രമേയം അല്ലെങ്കിൽ സ്വതഃസിദ്ധമാണ്. എന്നാൽ അന്തിമ പ്രമാണമായ വേദത്തിന്റെ സഹായത്തോടെ മാത്രമേ ആത്മാവിൽ ആരോപിക്കപ്പെട്ടിട്ടുള്ള അനാത്മധർമ്മങ്ങളെ നീക്കി, നമുക്ക് ആത്മാവിന്റെ ശുദ്ധമായ സ്വരൂപം അറിയാനാവൂ. ആത്മാവിന്റെ, വേദത്തിൽ പറയപ്പെട്ടിട്ടുള്ള സ്വരൂപത്തിൽ ചിലവയാണ് ഈ ശ്ലോകത്തിൽ കാണിക്കുന്നത്. അഖണ്ഡൈകരസം: അഖണ്ഡമെന്നാൽ, ദേശകാലവസ്തു പരിച്ഛിന്നതയില്ലാത്തത്. പരിച്ഛിന്നതകൾ മൂന്നു തരത്തിലാവാം. ഒന്നാമതായി, ഒരു വസ്തു ഒരിടത്തുള്ളപ്പോൾ മറ്റിടത്തുണ്ടാവാൻ വയ്യ. അതിനു ദേശപരിച്ഛിന്നത എന്നു പറയും. പിന്നെ ലോകത്തിലെ ഏതു വസ്തുവും കാലത്തെ അതിവർത്തിക്കുന്നില്ല. ആകാശം പോലും പ്രളയത്തിനു ശേഷം ഉണ്ടായിരിക്കില്ല. ആധുനികശാസ്ത്രത്തിന്റെ അഭിപ്രായത്തിൽ ബ്രഹ്മാണ്ഡം, ബിഗ് ബാങ്ങ് എന്ന പ്രതിഭാസത്തോടെ ഉത്ഭവിച്ചതാണ്. ഉത്ഭവം എന്നു പറയുമ്പോൾ അതു കാലത്തിലധിഷ്ഠിതമാണല്ലോ. പിന്നെ, വസ്തുപരിച്ഛിന്നതയെന്നാൽ, ഏതൊരു വസ്തുവും ആ വസ്തു മാത്രമായിട്ടാണിരിക്കുന്നത് ഒരു പുസ്തകം, പീഠമോ, വൃക്ഷം, ജലാശയമോ ആകുന്നില്ല. അതൊരു പരിച്ഛിന്നത തന്നെയാണല്ലോ. എന്നാൽ ബ്രഹ്മത്തിനു ഈ മൂന്നു തരത്തിലുള്ള പരിച്ഛിന്നതയുമില്ല. ഉണ്മ അല്ലെങ്കിൽ അസ്തിത്വമാണ് ബ്രഹ്മത്തിന്റെ ഒരു ലക്ഷണമെന്നു മനസ്സിലാക്കിയാൽ, അതു എല്ലാ ദേശത്തും, എല്ലാ കാലത്തും, എല്ലാ വസ്തുവിലും ഉള്ളതാണെന്നു മനസ്സിലാക്കാൻ വിഷമമുണ്ടാവില്ല.

ഏകരസമെന്നാൽ മുറിവില്ലാത്ത ആനന്ദമെന്നർത്ഥമെടുക്കാം. രസോ വൈ സഃ എന്ന ഉപനിഷദ് വാക്യം പറയുന്നത്, ബ്രഹ്മം ആനന്ദം തന്നെയാണെന്നാണ്.

അടുത്തതായി പറയപ്പെടുന്ന സച്ചിദാനന്ദം., മുൻപ് പറയപ്പെട്ട സത്യം, ജ്ഞാനം, അനന്തം തന്നെയാണ് സത്യം, ജ്ഞാനം, അനന്തം എന്ന് ബ്രഹ്മലക്ഷണങ്ങളായി പറഞ്ഞെങ്കിലും, ബ്രഹ്മത്തിന്റെ ഉദാത്തത ബോധിപ്പിക്കാൻ ശ്രുതിയിൽ തന്നെ വിജ്ഞാനഘനം, സർവ്വഗതം, സർവ്വാത്മ, പ്രജ്ഞാനം, കേവലം, നിർവികാരം, അക്ഷരം മുതലായ പദങ്ങളും കാണാവുന്നതാണ്.

ഈ ശ്ലോകത്തിൽ സമാധി എന്നു പറയപ്പെടുന്ന നിദിദ്ധ്യാസം, സജാതീയവൃത്തി പ്രവാഹമാണ്. ലൗകികരായ നമ്മുടെ മനസ്സിൽ വിജാതീയമായ വൃത്തികൾ, അതായത് പരസ്പരവിരോധികളായ ചിന്തകൾ പ്രവഹിച്ചു കൊണ്ടേയിരിക്കും. ചിലപ്പോൾ ശാന്തചിന്തകളായിരിക്കും മറ്റു ചിലപ്പോൾ അശാന്തചിന്തകളായിരിക്കും. അതു മനസ്സിന്റെ നിയന്ത്രണമില്ലായ്മയാണ് സൂചിപ്പിക്കുന്നത്. സമാധിയെന്നാൽ മനസ്സിനെ സമാഹിതമാക്കി, മുൻപു കാണിച്ച ബ്രഹ്മലക്ഷണങ്ങളിൽ മനസ്സുറപ്പിക്കുക എന്നർത്ഥം ■

---

(42-ാം പേജിന്റെ തുടർച്ച...)

നിർമ്മിച്ച വലിയ നീന്തൽ കുളങ്ങളും ഇതിന് ഉദാഹരണങ്ങളാണ്. കൂടാതെ മുണ്ടക്കൈ മേഖലയിൽ പ്രവർത്തിച്ചിരുന്ന ക്വാറികളുടെ സാന്നിദ്ധ്യം കാണിക്കുന്ന ഉപഗ്രഹ ചിത്രങ്ങൾ പുറത്ത് വന്നിട്ടുണ്ട്. അനധികൃത ക്വാറികൾ അവിടെ പ്രവർത്തിക്കുന്നു എന്നതു പോലും ഗവണ്മെന്റിന് അറിയില്ല, അല്ലങ്കിൽ അങ്ങനെ നടിക്കുകയാണ് എന്ന് വേണം കരുതാൻ. അനധികൃത ക്വാറികൾ നിർത്തൽ ചെയ്യുന്നതിനോ, അവസാനിപ്പിക്കുന്നതിനോ, ഗവണ്മെന്റ് തയ്യാറാകുന്നില്ല. വൻ സ്ഫോടന വസ്തുക്കൾ ഉപയോഗിച്ചുള്ള ക്വാറികളുടെ പ്രവർത്തനം വലിയ പ്രകമ്പനങ്ങളാണ് സൃഷ്ടിക്കുന്നത്. അവ പാറകളിൽ, സൃഷ്ടിക്കുന്ന പൊട്ടലുകളും, വിള്ളലുകളും ഉരുൾപൊട്ടലിന് ഏറെ സഹായകരമാണ്. അതിവർഷം മൂലം വിള്ളലുകളിൽ ജലം കടന്നു കയറുകയാണ്.

(തുടരും...)

---

(33-ാം പേജിന്റെ തുടർച്ച...)

രചനകളിലെ പ്രചോദനങ്ങളായിരുന്നു.

ചെറുപ്പത്തിലേ എം. ടി. യുടെ വലിയ മോഹം അനേകം പുസ്തകങ്ങളുള്ള ഒരു സ്വകാര്യ ലൈബ്രറി സ്ഥാപിക്കണമെന്നായിരുന്നു. അത് അദ്ദേഹം നേടിയെടുത്തു. എത്ര പുസ്തകങ്ങൾ വാങ്ങാനും അദ്ദേഹത്തിന് യാതൊരു മടിയുമുണ്ടായിരുന്നില്ല. ദിവസവും 300 പേജ് വരെ വായിച്ചിരുന്നു. തന്റെ ജീവിതകാലത്ത് എം. ടി. ആയിരക്കണക്കിന് പുസ്തകങ്ങൾ വായിച്ചു കൂട്ടിയിരിക്കും. ഇത്രയധികം വായിച്ച മറ്റൊരു മലയാളിയുണ്ടോ എന്ന് സംശയമാണ്. അപാര ഓർമ്മശക്തിയുടെ ഉടമയായ അദ്ദേഹത്തിന് വായിച്ചതെല്ലാം തന്നെ ഓർത്തെടുക്കാൻ കഴിയുമായിരുന്നു. വായിക്കാൻ താൽപര്യമുള്ളവർക്ക് താൻ വാങ്ങിയ പല പുസ്തകങ്ങളും സമ്മാനിച്ചിരുന്നു.

എം. ടി. നമ്മെ വിട്ടുപിരിഞ്ഞെങ്കിലും, അദ്ദേഹത്തിന്റെ കൃതികൾ മാനവരാശിയുള്ള കാലം വരെ നിലനിൽക്കുമെന്നുള്ള കാര്യം തീർച്ചയാണ്. മലയാള ഭാഷയെ ഉപാസിച്ച എം. ടി. യുടെ ഭാഷയെക്കുറിച്ചുള്ള ചിലവരികൾ ഉദ്ധരിച്ച് ഈ ലേഖനം അവസാനിപ്പിക്കാം. "മലയാളമാണ് എന്റെ ഭാഷ. എന്റെ ഭാഷ എന്റെ വീടാണ്. എന്റെ ആകാശമാണ്. ഞാൻ കാണുന്ന നക്ഷത്രമാണ്. എന്നെ തഴുകുന്ന കാറ്റാണ്. എന്റെ ദാഹം ശമിപ്പിക്കുന്ന കുടിവെള്ളമാണ്. എന്റെ അമ്മയുടെ തലോടലും, ശാസനയുമാണ്. ഏത് നാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത് എന്റെ ഭാഷയിലാണ്". (ലോക മാതൃദിനമായ ഫെബ്രുവരി 21 -ന് കേരളത്തിലെ എല്ലാ പൊതു വിദ്യാലയങ്ങളിലും 2008 മുതൽ എല്ലാ വർഷവും ഈ പ്രതിജ്ഞ ചൊല്ലാറുണ്ട്.)

ആ യുഗപ്രഭാവന്റെ പാവനസ്മരണക്ക് മുമ്പിൽ എന്റെ വിനിതമായ ആദരാഞ്ജലികൾ അർപ്പിക്കട്ടെ. ■



ॐ

**ജ്യോതിഷാചാര്യൻ: ജി. കെ. മേനോൻ**

**1200 – കുംഭമാസഫലം**

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

**Ernakulam Karayogam : ☎ 0484 - 2361160 8848036518, 9645683491**



(**മേടക്കൂർ:** അശ്വതി ഭരണി കാർത്തിക ആദ്യ പാദം) ഒദ്യോഗിക രംഗത്ത് കൂടുതൽ മികവ് പ്രകടിപ്പിക്കും. സർക്കാർ സർവീസിലുള്ളവർക്ക് അംഗീകാരങ്ങളും തൊഴിലിൽ ഉയർച്ചക്കും സാധ്യത ഉണ്ട്. തൊഴിൽ രംഗത്ത് ശത്രുത വർദ്ധിക്കും. ഫെബ്രുവരി 21, 22 തിയതികൾ അഷ്ടമ രാശി നക്ഷത്രങ്ങർ ആയതിനാൽ എല്ലാ കാര്യങ്ങളിലും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ബുധനാഴ് ച ദിവസം ശ്രീകൃഷ്ണ പ്രീതികരമായ വഴിപാടുകൾ നടത്തുന്നതും മന്ത്രജപം നടത്തുന്നതും നല്ലതാണ്



( **ഇടവക്കൂർ:** കാർത്തിക അവസാന മൂന്ന് പാദം രോഹിണി മകയിരം ആദ്യപകുതി) വിദ്യാർത്ഥികൾക്ക് ഭാഗ്യാനുകൂലത ഉണ്ടാകും വാഹനം വാങ്ങാനാഗ്രഹിക്കുന്നവർക്കും ആഗ്രഹ പൂർത്തീകരണത്തിന് സാധ്യത ഉണ്ട്. മാർച്ച് 5, 6 തിയതികൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങൾ ആയതിനാൽ ആ ദിവസങ്ങളിൽ ഒഴിവാക്കാൻ പറ്റാത്ത പുതിയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയോടെ ഇടപെടാവു. ലക്ഷ്മി നാരായണ മന്ത്രാർച്ചന വൈഷണവ ക്ഷേത്ര ദർശനം എന്നിവ നടത്തുക .



(**മിഥുനക്കൂർ:** മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന് പാദം) ഭാഗ്യാനുഭവങ്ങൾ പ്രതീക്ഷിക്കാം. വാഹന രംഗത്തും കലാരംഗത്തും പ്രവർത്തിക്കുന്നവർക്ക് അനുകൂല സാഹചര്യങ്ങൾ ഉണ്ടാവും. തൊഴിൽ സമർദ്ദം ഭയം അമിതമായ ടെൻഷൻ എന്നി സാഹചര്യങ്ങളും അനുഭവപ്പെടും. ഫെബ്രുവരി 23, 24 തിയതികൾ ശുഭകാര്യാരംഭത്തിന് സീകാര്യമല്ല. ബുധനാഴ്ച ദിവസങ്ങളിൽ ശ്രീകൃഷ്ണ ക്ഷേത്രവും ചൊവ്വാഴ്ച്ച ദിവസം ഭദ്രകാളി ക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.



(**കർക്കിടക്കൂർ:** പുണർതം അവസാന പാദം പൂയം, ആയില്യം) വിവാഹ ലാഭം വീടും സ്ഥലവും വാഹനവും വാങ്ങിക്കുവാൻ ശ്രമിക്കുന്നവർക്കും അനുകൂല സാഹചര്യങ്ങൾ ഒത്തു വരും വിദ്യാർത്ഥികൾക്ക് അലസതയും തടസ്സങ്ങളും ഉണ്ടാവാം ഫെബ്രുവരി, 26, 27, 28 ദിവസങ്ങൾ പൊതുവേ അനുകൂലമല്ലാത്തതിനാൽ പുതുസംരംഭത്തിന് സ്വീകരിക്കാതിരിക്കുന്നതാണ് ഉത്തമം ശിവക്ഷേത്ര ദർശനവും മന്ത്രജപവും ശനിദോഷ നിവാരണ അർച്ചനയും ചെയ്യുന്നത് നല്ലതാണ്.



(**ചിങ്ങക്കൂർ:** മകം, പൂരം, ഉത്രം ആദ്യ കാൽ ഭാഗം) ധനപരമായ പ്രശ്നങ്ങൾക്ക് നിവൃത്തി ഉണ്ടാകും. വിദ്യാർത്ഥികൾക്ക് അലസതയും തടസ്സങ്ങളും അനുഭവപ്പെടും വിവാഹത്തിന് ശ്രമിക്കുന്നവർക്ക് അനുകൂല ഫലങ്ങൾ ലഭിക്കും മാർച്ച് 1, 2 തിയതികൾ അഷ്ടമ രാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. ഗണപതി ഹോമം ലക്ഷ്മി പൂ ജ എന്നിവ
നടത്തുന്നതും ക്ഷേത്രത്തിൽ ദർശനം നടത്തുന്നതും നല്ലതാണ്.



(**കന്നിക്കൂർ:** ഉത്രം അവസാന മൂന്നാം പാദം അത്തം, ചിത്തിര ആദ്യ പകുതി) ചില അപ്രതീക്ഷിത ഭാഗ്യാനുഭവങ്ങൾ ഉണ്ടാകാമെങ്കിലും, ധന വ്യയം കൂടുക തീരുമാനിച്ചുറച്ച ചില കാര്യങ്ങളിൽ നിന്നും പിൻമാറാൻ തോന്നുന്ന സാഹചര്യങ്ങൾ ഉണ്ടാകുക. ശരിയായ തീരുമാനങ്ങൾ എടുക്കാൻ ബുദ്ധിമുട്ടുണ്ടാകുക അനുഭവപ്പെടും. മാർച്ച് 3, 4 ദിവസങ്ങൾ അനുകൂലമല്ല. വിഷ്ണു ക്ഷേത്ര ദർശ്ശനവും ഭഗവാന് പ്രീതികരങ്ങളായ വഴിപാടുകളും മന്ത്രജപവും നടത്തുകയും ചെയ്യുക.



(**തുലാക്കൂർ:** ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന് പാദം) കാലങ്ങളായി ലഭ്യമല്ലാതിരുന്ന പൂർവ്വിക സ്വത്തുവകകളിൽ നിന്നും നേട്ടം ഉണ്ടാകാം. വ്യവഹാരങ്ങളിൽ അനുകൂല ഫലം ലഭിക്കാൻ സാധ്യത ഉണ്ട്. ഗൃഹത്തിനും വാഹനങ്ങൾക്കും അറ്റകുറ്റപണികൾ വരുന്നതിനാൽ ധന വ്യയം ഉണ്ടാകും. മാർച്ച് 5, 6, 7 പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. ഭദ്രകാളി ക്ഷേത്ര ദർശ്ശനവും മന്ത്രജപവും നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.




(**വൃശ്ചികക്കൂർ:** വിശാഖം അവസാനന പാദം. അനിഴം തൃക്കേട്ട) സർക്കാർ സഹായത്തോടെ വീട് നിർമ്മിക്കാൻ ശ്രമിക്കുന്നവർക്ക് ആഗ്രഹ സാഫല്യം ലഭിക്കും. പിരിഞ്ഞു കഴിയുന്ന ദമ്പതികൾ തമ്മിൽ ഒന്നിക്കാൻ സാധ്യതയുണ്ട്. ഉദര രോഗങ്ങളും, പ്രമേഹ സംബന്ധമായ പ്രശ്നങ്ങൾ ഉള്ളവരും ചികത്സയിലും മറ്റ് കാര്യങ്ങളിലും കൂടുതൽ ശ്രദ്ധ ചെലുത്തണം. മാർച്ച് 8, 9 ദിവസങ്ങളിൽ വിഷ്ണു പ്രീതികരങ്ങളായ വഴിപാ ടുകളും ജപങ്ങളും നടത്തുന്നത് നല്ലതാണ്.



(**ധനുക്കൂർ:** മൂലം, പൂരാടം, ഉത്രാടം ആദ്യ പാദം) വീട് മോടിപിടിപ്പിക്കുവാനോ വാങ്ങിക്കുവാനോ ശ്രമിക്കുന്നവർക്ക് ലോൺ കിട്ടാൻ അനുകൂല സാഹചര്യം ഉണ്ട്. സന്താനങ്ങൾക്ക് വിദ്യാഭിവൃദ്ധി ഉണ്ടാകും തൊഴിൽ രംഗത്ത് മനഃസംതൃപതി കുറയും. മാർച്ച് 12, 13 തിയതി അഷ്ടമരാശി നക്ഷത്രങ്ങളായതിനാൽ പുതുതായി ആരംഭിക്കുന്ന നല്ല കാര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് ഉത്തമം. സർപ്പ പ്രീതികരമായ വഴി പാടുകൾ നടത്തുക



(**മകരക്കൂർ:** ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യ പകുതി) കാര്യങ്ങൾക്ക് എല്ലാം ആദ്യം തടസ്സം അനുഭവപെടും. ശത്രുക്കൾ നിമിത്തം സാമ്പത്തിക പ്രശ്നങ്ങൾ നേരിടും വിദ്യാർത്ഥികൾക്ക് അലസത കൂടും. അനാവശ്യ ചിലവുകൾ വർദ്ധിക്കും. വിവാദ വിഷയങ്ങളിൽ നിന്നും വിട്ട് നിൽക്കണം. ഫെബ്യുവരി 13 14 തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. തിങ്കളാഴ്ച ദിവസങ്ങളിൽ ശിവക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.



(**കുംഭക്കൂർ:** അവിട്ടം അവസാന പകുതി ചതയം പൂരുരുരുട്ടാതി ആദ്യ മൂന്ന് പാദം) ധന പരമായ പ്രതിസന്ധികൾ നേരിടേണ്ടി വരാവുന്നതിനാൽ സാമ്പത്തിക വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ട കാലമാണ്. ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ ഉള്ളവർ രോഗം രൂക്ഷമാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് ഫെബ്രുവരി 15, 16 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. ശാസ്താവിനും, സർപ്പത്തിനും പ്രീതികരങ്ങളായ വഴിപാടുകൾ നടത്തുകയും ക്ഷേത്ര ദർശ്ശനം നടത്തുകയും ചെയ്യുന്നത് നല്ലതാണ്.



(**മീനക്കൂർ:** പൂരുരുട്ടാതി അവസാന പാദം ഉത്രട്ടാതി രേവതി) വിദ്യാർത്ഥി കൾക്ക് അനുകുല ഫലങ്ങളും ഭാഗ്യാനുഭവങ്ങളും ഉണ്ടാകാം. അപ്രതിക്ഷിത ധനലാഭം പ്രതീക്ഷിക്കാം. ദാമ്പത്യ കലഹത്തിന് സാധ്യത ഉള്ളതിനാൽ ശ്രദ്ധിക്കുക. അലർജി സംബന്ധമായ പ്രശ്നങ്ങൾ ഉള്ളവർ ശ്രദ്ധിക്കണം. ഫെബ്രുവരി 18, 19 ദിവസങ്ങൾ അത്ര ഗുണകരമല്ലാത്തതിനാൽ പുതിയ സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. സർപ്പപ്രീതി ഗണപതി ക്ഷേത്ര ദർശനം എന്നിവ നടത്തി ദുരിത ശാന്തി വരുത്തുക

***ശുഭമസ്തു ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!***


# MANGALYAM MATRIMONIAL

for the better half of your life....

## വധുവിനെ ആവശ്യമുണ്ട്

Nair Boy, 27/165cm, Vishakham 3/4 (Thulam), Bachelor in Architecture. self employed. Presently working in film industry. Mob:9449799365


Email:aravrnair@gmail.com
Date of Birth: 08-09-1997 (12.00 am)
Sishta Dasa: Jupiter - 8-2-14




Contact Address:
Mr. Aravindakshan Nair
Varicattu House, Kuthiathode P O,
Cherthala PIN: 688533

Nair Boy, 31/185cm, Anizham, M Arch from Syracuse University, Newyork, US, working in Amazon. Com as Operation design Manager, Seeking aaliance from Engg/IT/Phd/CA/MBA/Msc , Working/studying/going to study in US Mob:94005323825


Email:sreelekha.krizhna@gmail.com
Date of Birth: 28-7-1993 (6.57 pm)
Sishta Dasa: 05y 10m19 days




Contact Address:
Mr. Krishnakumar. R
Gopalakrishna Sadanam,
Vazhappally PO, Changanacherry

Nair Boy, 26/165cm, Aayilam,B.Tech Computer Science, Quality Assurance Engineer, Cloudium Software, Infopark, Mob: 9895840146, 9995377924


Email: anilkumar67@gmail.com
Date of Birth:11-11-1998(4.12pm)
Sishta Dasa:




Contact Address:
MR.ANILKUMAR M P
MUJNANATTU HOUSE MAMBRA,
ERNAKULAM

Nair Boy, 29/172cm, Uthrattathi, BE, Professional, Engineer Non IT - Deputy Manager, Pref: PostGraduate/ Professionals, Mob:9486968688

Email:jayasree.gm@gmail.com
Date of Birth:1-12-1995(7.36am)
Sishta Dasa:




MR.NAGARAJAN
NEW IYYANAR 4TH ST
M K KOTTAI
TRICHY - 620011


## എറണാകുളം കരയോഗം മാംഗല്യം



www.karayogammangalyam.com

എന്ന വെബ്സൈറ്റ് വഴി മാംഗല്യത്തിൽ രജിസ്ട്രർ ചെയ്യൂ,
ഉത്തമ ജീവിത പങ്കാളിയെ കണ്ടെത്തൂ...

കൂടുതൽ വിവരങ്ങൾക്ക് – 0484 - 2361160




# ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസ്

തെക്കേനട, കാരക്കാട്ട് റോഡ്, ഗുരുവായൂർ - 680101

എറണാകുളം കരയോഗത്തിന്റെ ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസിൽ
സൗകര്യപ്രദമായ 36 മുറികൾ, വിശാലമായ പാർക്കിംഗ് സൗകര്യം,
വിവാഹ ആവശ്യങ്ങൾക്കും മറ്റുമായി വിശാലമായ രണ്ടു ഹാളുകൾ എന്നിവ ലഭ്യമാണ്

ബുക്കിങ്ങിനായി വിളിക്കുക: 0487-2504700, 8547871161, 9446365116

## ജ്യോതിഷം



എറണാകുളം കരയോഗത്തിൽ
തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിൽ
ജ്യോതിഷാചാര്യൻ ജി.കെ. മേനോന്റെ
സേവനം ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് :
8848036518, 9645683491

പ്രവർത്തന സമയം: രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ

എറണാകുളം കരയോഗത്തിന്റെ

## ആയുഷ്യം മെഡിക്കൽസ്




നിങ്ങൾക്ക് ആവശ്യമുള്ള
മരുന്നുകൾ ഓർഡർ ചെയ്യൂ...
മരുന്നുകൾ വീട്ടിൽ
എത്തിക്കുന്നതാണ്.

Ph: 9446488833, 0484-2361160 (Extn.127)

ഇംഗ്ലീഷ് മരുന്നുകൾക്ക് 5 മുതൽ 15 ശതമാനം വരെ ഡിസ്ക്കൗണ്ട്

എറണാകുളം കരയോഗത്തിന്റെ

## ആയുഷ്യം പോളിക്ലിനിക്ക്




ക്ലിനിക്കിൽ അലോപ്പതി, ഹോമിയോ,
ഡോക്ടർമാരുടെ സേവനം
മിതമായ നിരക്കിൽ ലഭ്യമാണ്

പ്രവർത്തനസമയം
രാവിലെ 7 മണി മുതൽ
വൈകുന്നേരം 6 മണി വരെ

കൂടുതൽ വിവരങ്ങൾക്ക്
7994771110 0484 - 2366160

## നല്ല കൂട്ടാൻ കട

എറണാകുളം കരയോഗത്തിന്റെ
നല്ല കൂട്ടാൻ കടയിൽ നിന്നും
വിവിധതരം പ്രഥമനുകൾ,
ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ,
കൂട്ടാനുകൾ, പലഹാരങ്ങൾ,
അച്ചാറുകൾ എന്നിവ ലഭിക്കും.




കൂടുതൽ വിവരങ്ങൾക്ക് : 9778410765




2025-ലെ തിരുവാതിര ആഘോഷത്തോടനുബന്ധിച്ച് മകയീരം നാളിൽ ടി.ഡി.എം. ഹാളിൽ നടത്തിയ തിരുവാതിര ആഘോഷം





2025 ജനുവരി 26 റിപ്പബ്ലിക്ക് ദിനത്തിൽ എറണാകുളം കരയോഗം, ടി. ഡി. എം ഹാളിൽ പ്രസിഡന്റ് എ. മുരളീധരൻ പതാക ഉയർത്തുന്നു.



**DATE OF PUBLICATION: 10-02-2025**

**RNI NO. KERMAL/2008/23515**
**REGISTERED NEWSPAPER**

**REGISTERED NO. KL/EKM/761/2025-27**
**LICENSE NO. KL/CR/EKM/WPP-3/2025-27**
**LICENSED TO POST WITHOUT PREPAYMENT**

Volume No. 17 | FEBRUARY - 2025 | Issue No. 02

ബീം ഫെബ്രുവരി മാസ പരിപാടി

## കർണ്ണാടക സംഗീത കച്ചേരി

by

ഡോ. നന്ദിനി എൻ. ജെ



Date: 25-02-2025
Tuesday / 6.30 p.m
Venue:
TDM Hall Ernakulam

ഏവർക്കും സ്വാഗതം

## എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പ്



ആലുവ യു. സി. കോളേജ്
ചരിത്ര വിഭാഗം മേധാവി
ഡോ. ജെനി പീറ്ററിന്റെ
പ്രഭാഷണം

**Topic:**
"Christian Contribution to Kochi Heritage"

ഫെബ്രുവരി 15 ശനിയാഴ്ച വൈകുന്നേരം
5.00 മുതൽ 6.00 വരെ ടി. ഡി. എം. ഹാളിൽ

ഏവർക്കും സ്വാഗതം

## എറണാകുളം കരയോഗം സാഹിതി യോഗം

എം. ടി. യും ജയചന്ദ്രനും



ചർച്ച



അവതരണം:
ശ്രീ. ആർ. എസ്. കുറുപ്പ്

2025 ഫെബ്രുവരി 23 ഞായറാഴ്ച
രാവിലെ 10 മണിക്ക് ടി. ഡി. എം. ഹാളിൽ

ഏവർക്കും സ്വാഗതം

## പി. ജയചന്ദ്രന് ശ്രദ്ധാഞ്ജലി



എറണാകുളം കരയോഗം
സാംസ്ക്കാരികവേദി

**അകായിലെ സംഗീതം**

P. Jayachandran
Songs (Solos and Duets)

ഫെബ്രുവരി 16 ഞായറാഴ്ച
വൈകുന്നേരം 4.00 മണിക്ക്
ടി. ഡി. എം. ഹാളിൽ

ഏവർക്കും സ്വാഗതം

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan Nair. Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.